SAHITYAMANJARI, P. 2 - VALLATHOL

F5.2
032:1M78:21

032:1M78:21
F5.2

:1M78:21 F5.2
THOL.
anjari.

MUL
034815

DOCTRINA · VIM · PROMOVET INSITAM

**Madras University Library.**

Call Number 032.1M78 : 21
F5·2

Accession Number 34815

Available for loan from

This book should be returned on or before the date last marked below.

-5 MAY 1938

20 FEB. 1939

2-6-40

4-10-40

28 NOV 1943

-2 OCT 1948

19 NOV 1950

28 SEP 1954

Sahitya Manjari pt 2

# സാഹിത്യമഞ്ജരി

രണ്ടാം ഭാഗം.

Vallathol

ഗ്രന്ഥകൎത്താ:

**വള്ളത്തോൾ**

മൂന്നാം പതിപ്പ്.

UNIVERSITY LIBRARY

തൃശ്ശിവപേരൂർ
മംഗളോദയം പ്രസ്സിൽ
അച്ചടിച്ചത്.

1100.

വില ക. ഫ.

പകൎപ്പവകാശം ഗ്രന്ഥകൎത്താവിന്നുതന്നെ; എല്ലാ പ്രതികളിലും ഗ്രന്ഥകൎത്താവിൻെറ ഒപ്പടയാളമുണ്ടായിരിക്കും.

34815
032 : 1M78:21
F5-2

UNIVERSITY LIBRARY
DEC 192

## രണ്ടാംപതിപ്പിന്റെ

# മുഖവുര.

---

കേരളീയ കവികുലചക്രവൎത്തിയായ ദിവ്യമഹാകവി വള്ളത്തോൾ അവർകളുടെ നവീനകവനതല്ലജങ്ങൾക്കുള്ള വിസ്മയാവഹമായ നിരുപമവൈശിഷ്ട്യം ആധുനിക മലയാളഭാഷയെ നാദബ്രഹ്മമൎമ്മത്തെക്കൂടി സ്പൃശിക്കത്തക്കവിധം ഉല്ക്കൎഷോന്മുഖമാക്കിയിട്ടുണ്ടെന്നുള്ള പരമാൎത്ഥം ഇപ്പോൾ സഹൃദയസംവിദിതമായിത്തീൎന്നിരിക്കുന്നു. കവിതയെന്നു പറയുന്നതു വാസ്തവത്തിൽ കലാനാഥനും മനുഷ്യനും തമ്മിൽ നടക്കുന്ന ഒരു 'സപ്രേമസംഭാഷണ'മാണ്. വള്ളത്തോളിന്റെ സാത്വികഹൃദയദരിയിൽ ഈയിടെ പ്രതിധ്വനിച്ചുതുടങ്ങിയിട്ടുള്ളതും ഈ സാരസ്വതസംഭാഷണം തന്നെ. അതിന്റെ സൂക്ഷ്മാൎത്ഥം ഗ്രഹിച്ചാനന്ദിക്കുവാൻ സംശുദ്ധഹൃദയന്മാരായ യഥാൎത്ഥ സാഹിത്യവേദികൾക്കേ സാധിക്കുകയുള്ളു. തന്മൂലമാണ്, അദ്ദേഹത്തിന്റെ നൂതനകൃതികളിൽ പലതും സാധാരണന്മാൎക്കു ദുർഗ്രഹങ്ങളായിത്തോന്നുന്നത്. അപ്രമേയപ്രഭാവയായ പ്രകൃതിദേവി ലീലാവിലാ

സേന ലാലസിക്കുന്ന ആ മഹാകവനമണ്ഡപം ഇനിയും എത്രത്തോളം തേജോമയമായിത്തീരുമെന്നു ആൎക്കും നിശ്ചയിയ്ക്കാറായിട്ടില്ല.

വള്ളത്തോൾക്കൃതികൾ മുഴുവനും ടിപ്പണീസഹിതം മുദ്രണം ചെയ്യേണ്ടത് അത്യാവശ്യമാണെന്നു പല മാന്യന്മാരും അഭിപ്രായപ്പെടുന്നുണ്ട്; അതനുസരിച്ചാണ്, സാഹിത്യമഞ്ജരീദ്വിതീയഭാഗത്തിന്റെ ഈ രണ്ടാംപതിപ്പ് സടിപ്പണീകമാക്കിയത്. പ്രകൃതകൃതിയുടെ ടിപ്പണീകാരനാകാനിടവന്നതിൽ എനിയ്ക്കു അത്യധികമായ സന്തോഷമുണ്ട്. നിസൎഗ്ഗമഞ്ജുളവും പരമമധുരവുമായ സാഹിത്യമഞ്ജരിയിൽ നിൎഗ്ഗളിയ്ക്കുന്ന മകരന്ദകണങ്ങൾ പണ്ടേതന്നെ സഹൃദയഹൃദയത്തെ സന്തൎപ്പണംചെയ്തുകഴിഞ്ഞിട്ടുണ്ടല്ലൊ. പ്രതിദിനം കാന്തി കൂടിവരുന്ന വള്ളത്തോൾക്കവിതാരത്നത്തെ ഘർഷണംചെയ്തുനോക്കാനുള്ള നികഷോപലം അസ്മാദൃശന്മാൎക്കു ആയത്തമായിട്ടില്ലാത്തതിനാൽ എന്റെ ഈ ശ്രമം എത്രത്തോളം ഫലവത്തായിട്ടുണ്ടെന്നു എനിയ്ക്കറിഞ്ഞുകൂടാ. ടിപ്പണി നാതിസംക്ഷേപവിസ്തരമാക്കേണ്ടിവന്നതുകൊണ്ടു പ്രധാനഭാഗങ്ങളിൽത്തന്നെ ചിലതു മാത്രമേ ഇതിൽ പരാമൎശിച്ചിട്ടുള്ളു. വ്യംഗ്യവും അലങ്കാരവും

മററും അല്പാല്പം പ്രകാശിപ്പിച്ചിട്ടില്ലെന്നില്ല. ആലോച്യമാനഗംഭീരങ്ങളും വ്യംഗ്യാത്ഥപ്രധാനങ്ങളുമായ "പുരാണങ്ങൾ," "ഇന്നലെ" മുതലായ കവിതകളുടെ സ്വാരസ്യം ശരിയായി വെളിപ്പെടുത്തണമെങ്കിൽ നല്ലൊരു വ്യാഖ്യാനംതന്നെ വേണ്ടിവരും. ഈ സ്ഥിതിക്ക്, എൻെറ ഈ ടിപ്പണീദപ്പണത്തിൽ പ്രസ്തുതകാവ്യത്തിൻെറ ഒരു മൂലയെങ്കിലും പ്രതിഫലിച്ചിട്ടുണ്ടെങ്കിൽ, ഞാൻ കൃതാത്ഥനായി!

ആലുവ, 12—2—28 } പ്രസാധകൻ, കുററിപ്പുഴ, പി. കൃഷ്ണപിള്ള.

———:0:———

# വിഷയവിവരം.

൧. സത്യഗാഥ.

൨. കോഴി

൩. ശ്രീമാടരാജവൈരാഗ്യം.

൪. കള്ളനു സമ്മാനം.

൫. പുരാണങ്ങൾ.

൬. ഒരുൾനാട്ടിലെ വേനൽക്കാലം.

൭. ഷഷ്ടിപൂൎത്തിമംഗളം.

൮. ഉണ്മാനില്ല, ഉടപ്പാനില്ല.

൯. ഒരുറക്കപാട്ട്.

൰. പട്ടിൽ പൊതിഞ്ഞ തീക്കൊള്ളി.

൰൧. ഇന്നലെ.

൰൨. പ്രഭാതകീൎത്തനം.

UNIVERSITY LIBRARY
22 DEC 1926

# സാഹിത്യമഞ്ജരി.

രണ്ടാം ഭാഗം.

I

## * സത്യഗാഥ

(ചെറുശ്ശേരിമട്ട്)

അമ്മേ, ജയിക്കൂ ജയിക്കുക സൽസത്യ-
ധർമ്മാധിദേവതേ, ധന്യധന്യേ!
നിന്മഹിമാവൊന്നു താനല്ലോ നിശ്ശേഷ-
ബ്രഹ്മാണ്ഡഭാണ്ഡങ്ങൾക്കേകാലംബം.
മേൽവശത്തററമില്ലാതേ കിടക്കുമാ-
ക്കേവലമാം മരുഭൂമിതന്നിൽ

---

* ൧൦൯൮ ധനു ൭-ാംനു

സൽസത്യധർമ്മാധിദേവത=സത്യമയിയാകുന്ന ശക്തി. ഏകാലംബം=ഉററ ആധാരം. 'സർവം സത്യേപ്രതിഷ്ഠിതം'.

മരുഭൂമിപോലെ ശൂന്യമായ ആകാശത്തു പുഷ്പ(നക്ഷത്ര)ങ്ങളായി കാണപ്പെടുന്നതു സത്യതേജസ്സിന്റെ കന്ദളങ്ങൾ (മുളകൾ=ശകലങ്ങൾ) ആണെന്നതിൽനിന്നും സത്യപ്രഭാവത്തിന്ന് അസാധ്യമൊന്നുമില്ലെന്നു വ്യഞ്ജിക്കുന്നു.

എത്ര പുഷ്പങ്ങളെ മിന്നിത്തിളങ്ങിപ്പ
ചിത്രം നിൻതേജസ്സിൻ കന്ദളങ്ങൾ!

ആലക്ഷ്യമായ്, ഊർദ്ധ്വഭാഗത്തി മാഹേന്ദ്ര-
നീലപ്പലകപ്പുറത്തു നീളേ
തങ്കലിപികളാൽ കൊത്തിയിട്ടുണ്ടല്ലോ
ശങ്കരി, നിൻചരിത്രാംശലേശം.

മുപ്പാരുകൾക്കേകറാണിയാം നിന്നുടെ
തൃപ്പാണിച്ചെങ്കോലിൻകാന്തിയത്രേ
നാകസ്ഥലത്തേശിക്കാലേ നിയോഗിപ്പൂ
ലോകരെ വേലയ്ക്കും വിശ്രാന്തിയ്ക്കും.

---

ആലക്ഷ്യമായ്=കാണാവുന്നതായി. ഊർദ്ധ്വഭാഗത്ത് =മേൽഭാഗത്ത്. മാഹേന്ദ്രനീലം=ഇന്ദ്രനീലരത്നം. ആകാശത്തെ ഇന്ദ്രശിലാഫലകവും നക്ഷത്രങ്ങളെ തങ്കലിപികളുമാക്കി കല്പിച്ചിരിക്കുന്നു. ശങ്കരി=സുഖപ്രദായിനി. ആകാശത്തു നിലകൊള്ളുന്ന അനന്തജ്യോതിശ്ഗോളങ്ങൾപോലും സത്യത്തിന്റെ ചരിത്രത്തെ അല്പസ്വല്പമേ വെളിപ്പെടുത്തുന്നുള്ളു. അഹോ, അതിന്റെ അപാരത!

മുപ്പാരുകൾ=ഭൂസ്വർഗ്ഗപാതാളങ്ങൾ. തൃപ്പാണി=തൃക്കൈ. നാകസ്ഥലം=ആകാശദേശം. ഉദയാസ്തമയങ്ങളിൽ ലോകരെ വേലയ്ക്കും വിശ്രമത്തിനും പ്രേരിപ്പിക്കുന്ന സൂര്യച്ചെങ്കതിർ സത്യശക്തിയുടെ പ്രകാശമാണെന്നു പറയുന്നു.

ദേവി, നിൻകോവിലിൻ താഴികപ്പൊങ്കുടം
തൂവിന രമ്യമാം രശ്മിജാലം
പീവരധ്വാന്തത്തെപ്പാടനംചെയ്തതി-
പാവനമാക്കുന്നു പാരിടത്തെ.

നീ, വിശ്വമാതാവേ, പൊക്കിപ്പിടിച്ച നൽ-
ത്തൂവെള്ളിക്കിണ്ണത്താലല്ലൊ കുളിക്കേ
അന്നന്നൊഴുക്കിത്തരുന്നതു ദിവ്യമാം
വെൺനറുംപാലോ, നിൻവാത്സല്യമോ!

മന്നാകെ മുക്കാനനുക്ഷണം ഭീഷണ-
സന്നാഹമാർത്തെത്തുമണ്ണവത്തെ

കോവിൽ=ക്ഷേത്രം. താഴികപ്പൊൻകുടം എന്നതു സൂര്യമണ്ഡലത്തെ കുറിക്കുന്നു. പീവരധ്വാന്തം=കൂരിരുട്ട്. പാടനംചെയ്ക=പിളൎക്കുക, നശിപ്പിക്കുക. പാവനം=പരിശുദ്ധം. പാരിടം=ഭൂമി. സത്യപ്രകാശം ലോകത്തിന്റെ അജ്ഞാനാന്ധകാരത്തെ നീക്കി പരമാൎത്ഥത്തെ വെളിപ്പെടുത്തുന്നുവെന്നും ധ്വനിക്കുന്നു.

പൊക്കി..............കിണ്ണം=ആകാശത്തിൽ പ്രശോഭിക്കുന്ന ചന്ദ്രബിംബം. ചന്ദ്രനിൽനിന്നു നറുംപാൽപോലെ നിൎഗ്ഗളിക്കുന്ന കുളിർനിലാവിനെ സത്യസ്വരൂപിണിയുടെ വാത്സല്യമായി ഉൽപ്രേക്ഷിക്കുന്നു.

അനുക്ഷണം=ക്ഷണംതോറും. ഭീഷണസന്നാഹം=ഭയങ്കരമായ ഒരുക്കത്തോടുകൂടുംവണ്ണം. പാഞ്ഞുകയറുന്ന അൎണ്ണവത്തെ പിന്നാക്കം തന്നെ പിടിച്ചുതള്ളുക എന്നതു, സത്യശക്തിയുടെ ആജ്ഞയാകുന്ന ചൈതലിന്റെ ഒരു കളിയാണ്. സമുദ്രം സ്വസീമയെ അതിലംഘിക്കാതെ നില്ക്കുന്നതു സത്യത്തിന്റെ ഒരു ചെറിയ ആജ്ഞയാലാണെന്നു ഭാവം.

പിന്നാക്കമാശു പിടിച്ചു തള്ളീടുമീ
നിന്നാജ്ഞപ്പൈതലിൻ ക്രീഡ കൊള്ളാം!

കൊണ്ടൽത്തലപ്പാവും വൃക്ഷലതാദികൾ-
കൊണ്ടുള്ളുടുപ്പുമായ്പ്പർവ്വതങ്ങൾ
നിന്നരുളപ്പാടു കേൾപ്പതിന്നായിതാ,
നിന്ന നിലയ്ക്കിളകാതെ നിൽപ്പൂ!

ഏകത്ര തീക്കപ്പൽ പാറമേൽച്ചെന്നടി-
ച്ചാകവേ പെട്ടന്നുടഞ്ഞീടുന്നു;
അന്യത്ര കാർമൂടലപ്പൊഴേ നീങ്ങുന്നു
നിന്നുടെ വൻകൊടുംകാററിനാലേ.

മിന്നൽ നിൻപള്ളിവാൾ; മേഘം നിൻപള്ളിത്തേർ;
ഉന്നതമാമിടി നിൻപടഹം;
ശാശ്വതമാകുമകൃത്രിമശബ്ദങ്ങ-
ളീശ്വരി, നിൻജ്ജയകാഹളങ്ങൾ!

---

കൊണ്ടൽത്തലപ്പാവ് = മേഘമാകുന്ന തലപ്പാവ്. പർവ്വതങ്ങളെ ആജ്ഞാനുവർത്തികളായ ഭടന്മാരായി കല്പിച്ചിരിക്കുന്നു. സത്യശക്തിയാൽ ചെയ്യപ്പെട്ട വ്യവസ്ഥയാലാണ്, പർവ്വതങ്ങൾ അചലങ്ങളായി നില്ക്കുന്നതെന്നു സാരം.

സത്യദേവതാപ്രഭാവത്താൽ ഏകത്ര (ഒരിടത്തു) സന്താപകരമായിത്തീർന്നതുതന്നെ അന്യത്ര (മറെറാരിടത്തു) സന്തോഷകരമായിത്തീരുന്നു.

പടഹം=വാദ്യവിശേഷം. അകൃത്രിമശബ്ദങ്ങൾ = വേദങ്ങൾ. പ്രകൃതിയിലെ പ്രതിഭാസങ്ങളെല്ലാം സത്യത്തെ ആശ്രയിച്ചിരിക്കുന്നവതന്നെ.

ശ്രീമത്താം നേർവഴി കാട്ടും പ്രദീപമേ,—
ഹാ, മർത്ത്യജാതിതൻ ദുർമ്മോഹങ്ങൾ—

മാറാലകൊണ്ടു മറയ്ക്കാംപോലെ,ന്നെന്നും
മാറാതെ നില്പതാം നിൻവെളിച്ചം!
അററമില്ലാത്ത നിൻപ്രേമമമോ നിന്നുടെ
കററക്കിടാങ്ങളെക്കാത്തിരിപ്പൂ.

നിൻകഴൽ ചുംബിപ്പാൻ താഴും ശിരസ്സിനു
ശങ്കയില്ലെ,ങ്ങുമുയന്നു നില്ക്കാം.
നിൻതൃക്കൊടിക്കൂറതൻ തണലൊന്നൊഴി-
ഞ്ഞെന്തുള്ളു നിർവ്വാണസ്ഥാനം വേറെ?

ഈടുററ നിൻതൃക്കാലാകും കിരീടത്തെ-
ച്ചൂടുന്നതാര,വനാണരചൻ;
ശ്രേഷ്ഠമാം നിന്നുപദേശമാരൊന്നിഹ
കേട്ടു പഠിച്ചവനാണു വിദ്വാൻ!

---

ശ്രീമത്താം......പ്രദീപം=മനുഷ്യരുടെ പരമാദർശത്തിലേയ്ക്കുള്ള മാർഗ്ഗത്തെ തെളിയിച്ചുകാണിക്കുന്ന വിളക്കു. അതിൻെറ വെളിച്ചത്തെ വല്ലവണ്ണവും മറയ്ക്കാൻ നാം ദുർമ്മോഹം മൂലം മുതിരുന്നു; സത്യദേവതയോ, ആ കുററം പൊറുത്ത് അപാരപ്രേമം മൂലം തൻെറ കുററക്കിടാങ്ങളെ (നമ്മെ) സംരക്ഷിച്ചുപോരുന്നു!

കഴൽ=പാദം. സത്യസന്ധനായി ജീവിക്കുന്നവൻ എവിടേയും ഉൽകൃഷ്ടനായിത്തിരുമെന്നർത്ഥം.

നിർവാണസ്ഥാനം=താപംപോകുന്നസ്ഥലം. മുക്തിപ്രദമായിട്ടുള്ളതും സത്യനിഷ്ഠതന്നെ.

ഈടുററ—ശാശ്വതമായ. അരചൻ=രാജാവ.

താവകനിശ്ശബ്ദഗീതങ്ങൾ പാടുന്ന-
തേവനോ, കാവ്യകൃത്തായവൻ താൻ!
ത്വൽപ്പദപീഠത്തിൽസ്സവ്വസ്വവും ശരി-
യ്ക്കൎപ്പണംചെയ്യുതേ ത്യാഗധൎമ്മം!
നൂനം നിൻനിൎമ്മലമഞ്ജുളരൂപത്തെ
ധ്യാനിച്ചുകൊൾവതേ രാജയോഗം!!

---

കാവ്യകൃത്ത് = കവി. നീ നിശ്ശബ്ദമായി പാടുന്നതിനെ സശബ്ദമായി പാടുന്നവനത്രേ കവി.

ത്വൽപ്പദപീഠം = നിന്റെ പാദപീഠം. (സത്യത്തിനുവേണ്ടി സവ്വവും ത്യജിച്ച ഹരിശ്ചന്ദ്രന്റെ പവിത്രചരിത്രം ഇവിടെ സ്മത്തവ്യം.)

മഞ്ജുളരൂപം = മനോഹരാകാരം. രാജയോഗം = ചതുൎവ്വിധമുക്തിമാൎഗ്ഗങ്ങളിലൊന്ന്.

ഈ ഗ്രന്ഥം വായിക്കുമ്പോൾ ഓൎമ്മിക്കേണ്ടവയായ ഉപനിഷദ്വാക്യങ്ങൾ വിസ്തരഭയത്താൽ ഉദ്ധരിക്കപ്പെടാത്തതാണ്. ഇതിനെ മററുപ്രകാരങ്ങളിലും വ്യാഖ്യാനിക്കാമെന്നെനിക്കു തോന്നുന്നു.

UNIVERSITY LIBRARY
2 DEC 1946

## II

## * കോഴി.

൧ ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൌശലം
ഹാ! കനിഞ്ഞു വെളിവാക്കിടുന്നു: കാ-
ൺകാകമാനമഴകാൎന്ന കോഴിയെ!

൨ കിഞ്ചനോന്നമിതമാം കഴുത്തൊടും,
ചഞ്ചലാക്ഷിപുടവീക്ഷണത്തൊടും,
തഞ്ചമായ്ക്കൃശപദങ്ങൾ വെച്ചിതാ,
സഞ്ചരിപ്പിതൊരു കോഴി മെല്ലവേ.

---

* ൯൭ മകരം വൎ-ാംന്ന്.

൧. ഏകഭാവനയൊടേ=സമബുദ്ധിയോടുകൂടി. ഇനം=വൎഗ്ഗം. ലോകശില്പി—ഈശ്വരൻ. നിജ.........ലം—തന്റെ സൃഷ്ടിസാമൎത്ഥ്യം. കനിഞ്ഞു=ദയ ചെയ്തു. ഈശ്വരൻ പക്ഷഭേദമെന്യേ എല്ലാ പ്രാണികളിലും സൌന്ദൎയ്യം നിൎമ്മിക്കുന്നു എന്നു, കോഴിയെ ഉദാഹരണമാക്കിപ്പറയുന്നു.

൨. കിഞ്ചനോന്നമിതം=അല്പമൊന്നുയൎത്തപ്പെട്ടത്. ചഞ്ച... ......ക്ഷണം=ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകൾകൊണ്ടുള്ള നോട്ടം. തഞ്ചമായ്=തക്കവിധം. കൃശപദങ്ങൾ=വണ്ണമില്ലാത്ത കാലുകൾ.

൩ തങ്കവൎണ്ണമിതിനുള്ള കൊക്കു;-നാ
തങ്കമുജ്ജ്വലതരം വിലോചനം;
'അങ്കവാലു' മയിലിന്റെ പീലിയോ-
ടങ്കമേല്പതിനതീവ പേശലം.

൪ ശ്രീ വളൎന്നിടുമിതിന്റെ കോമള-
ത്തൂവലാൎന്ന,സുവിചിത്രപത്രവും,
പൂവണിത്തലയു, മംഗപുഷ്ടിയും
ദൈവമേകിയൊരനുഗ്രഹങ്ങൾ താൻ.

൫ അക്ഷിമോഹനസുരൂപമാളുമീ-
പ്പക്ഷിയിങ്കലതിമാത്രകൌതുകാൽ
പക്ഷിവാഹനുടെ പത്നിയാകുമാ
ലക്ഷ്മി വന്നു നിവസിച്ചിടുന്നിതോ!

൬ സന്തതം പൊടി പുരണ്ടിരിക്കിലും,
ഹന്ത! സുന്ദരമിതിൻ കളേബരം:

---

൩. അനാതങ്കം=അഴലില്ലാതെ. ഉജ്ജ്വലതരം=തിളങ്ങുന്നത. വിലോചനം=കണ്ണു്. അങ്കമേല്പതിനു=മൂരിടുവാൻ. അതീവ=എറാവും. പേശലം=സമൎത്ഥം. (ത്രാണിയുള്ളതു്.)

൪. ശ്രീ=ശോഭ. സുവിചിത്രപത്രം=നാനാവൎണ്ണമായ ചിറകു്.

൫. അക്ഷി........മാളും=കണ്ണിനെ മയക്കുന്ന സൌന്ദൎയ്യമുള്ള. അതിമാത്രം=എറാവും. പക്ഷിവാഹനുടെ (വിഷ്ണുവിന്റെ) പത്നിയായ ലക്ഷ്മിക്കു പക്ഷിയിങ്കൽ നിവസിപ്പാൻ (സ്ഥിതി ചെയ്വാൻ) കൌതുകം കൂടുമല്ലോ.

൬. സന്തതം=എപ്പോഴും. കളേബരം=ശരീരം. സുന്ദരം=അഴകുള്ളതു്. 'നല്ലാകാരമതിന്നലംകരണമാമെല്ലാപ്പദാൎത്ഥങ്ങളും.'

ചന്തമേറമിയലുന്നൊരാകൃതി-
യ്ക്കെന്തലങ്കരണമാശ്ച്ചമഞ്ഞിടാ?

൬ ചാരമൺപൊടി തുടച്ചു നീക്കവാ-
നാര?-സാദ്ധ്യമതു പോലുമെങ്കിലും,
സാരശോഭനമിതിന്റെ മേനി: സം-
സ്കാരമെന്തിനു നിസർഗ്ഗചാരുവിൽ?

൭ കേകയോടു കിടനിന്നിടുന്ന നൽ-
ക്കളകലൊത്ത, തിവിചിത്രരൂപിയായ്
ലോകരമ്യത കലൎന്ന കോഴി കീ-
ഴാകയില്ല മയിലിന്നൊരിക്കലും.

൮ കാൎത്തികേയനഴകാൎന്ന കേകിയെ-
പ്പാൎത്തിണക്കി നിജവാഹമാക്കിനാൻ;
മൂൎത്തിചാരുത മുഴുത്ത കോഴിയെ-
ച്ചാൎത്തിടുന്നു കരതാരിലെപ്പൊഴും.

൬. സാരശോഭനം=സാരം(സൌന്ദൎയ്യം)കൊണ്ടു ശോഭനം. മേനി=ശരീരം. സംസ്കാരം=വെടുപ്പു വരുത്തൽ. നിസൎഗ്ഗചാരു=സ്വതേ സുന്ദരം.

൭. കേക=മയിലിന്റെ ശബ്ദം. വിചിത്രം=നാനാവൎണ്ണം.

൮. കാൎത്തികേയൻ=സുബ്രഹ്മണ്യൻ. കേകി=മയിൽ. നിജവാഹം=തന്റെ വാഹനം. മൂൎത്തിചാരുത=ശരീരഭംഗി. മയൂരവാഹനനും കുക്കുടധരനുമത്രേ സുബ്രഹ്മണ്യൻ.

൨൦ തന്നഭംഗതനുഭംഗിയാലിത-<br>
ന്നമായ്പ്പൊരുതുമെന്ന ഭീതിയാൽ,<br>
അന്നവാഹനരുളീല കുക്കുട-<br>
ത്തിന്നമർത്ത്യപഥചംക്രമക്രമം.

൨൧ കാമമന്യവിഹഗങ്ങളെന്നപോ-<br>
ലീ, മനോജ്ഞത തികഞ്ഞ പക്ഷിയും<br>
വ്യോമസീമനി പറന്നിടാത്തതു-<br>
ദ്ദാമമായ നരനേത്രഭാഗ്യമാം.

൨൨ കാമമേറിയ മനുഷ്യർ സാമ്പ്രതം<br>
വ്യോമയാനപരരായിരിക്കുവേ,

---

൨൦. അഭംഗം=കോട്ടമില്ലാത്തത്. തനു=ശരീരം. അന്നമായ്.........ഭീതിയാൽ=അരയന്നത്തിനെ അതിശയിക്കുമോ എന്ന ഭയത്താൽ. അന്നവാഹൻ=ബ്രഹ്മാവ്. അമർത്ത്യപഥചംക്രമം=ആകാശസഞ്ചാരം. തന്റെ വാഹനമായ ഹംസത്തിനെ ശരീരഭംഗിയിൽ തോല്പിച്ചാലോ എന്നു പേടിച്ചിട്ടാണോ, ബ്രഹ്മാവു കോഴിക്കു് ആകാശസഞ്ചാരത്തിനുള്ള ശക്തി കൊടുക്കാഞ്ഞതു് എന്നു ഗമ്യോൽപ്രേക്ഷ.

൨൧. കാമം എന്ന അവ്യയപദത്തിന്നു ശരി, കൊള്ളാം എന്നർത്ഥം. അന്യവിഹഗങ്ങൾ=മററു പക്ഷികൾ. വ്യോമസീമനി=ആകാശത്തിൽ. ഉദ്ദാമമായ=തടവററ. നരനേത്രഭാഗ്യം=മനുഷ്യരുടെ കണ്ണുകൾക്കുള്ള ഭാഗ്യം. കോഴി പറക്കാത്തതുമൂലം എപ്പോഴും അടുക്കൽ കണ്ട് ആനന്ദിപ്പാൻ മനുഷ്യൎക്കു സാധിക്കുന്നു.

൨൨. കാമം=ആഗ്രഹം (ദുര). സാമ്പ്രതം ഇപ്പോൾ. വ്യോമയാനപരർ=ആകാശസഞ്ചരണതൽപരർ (വിമാനചാരികൾ.)

ഈ മഹിതലവിഹാരമേ നിജ-
ക്ഷേമമെന്നു കരുതുന്നു കോഴി, നീ.

൧൩ തിട്ടമഞ്ഞയുടെ ചെമ്പരത്തി കീ-
ഴ്പെട്ട ചൂഡയിതു, താമ്രചൂഡമേ,
മട്ടറിഞ്ഞു വിധി തന്ന പക്ഷിരാട്-
പട്ടമായ്പ്പരിലസിച്ചിടുന്നതേ.

൧൪ ലോകബാന്ധവനണഞ്ഞു ദിക്കുമാ-
റാകവേ, സുഭഗ, താമ്രചൂഡമേ!
നീ കഴുത്തുയരുമാറു കൂകിടും
കൂകലെത്ര രസമുണ്ടു കേൾക്കുവാൻ!

൧൫ ഏതവന്നു, ഷസി നിന്റെ കൂജിതം
വീതജാഡ്യമൊരുണർച്ച നൽകിടാ:
പൂതവാസരസമാഗമോത്സവ-
സ്ഫീതകാഹളരവം കണക്കിനെ?

---

മഹീതലവിഹാരം=ഭൂമിയിൽത്തന്നെ പെരുമാറുക. മനുഷ്യരേക്കാൾ കൂടുതൽ അലംഭാവം കോഴിക്കുണ്ടെന്നത്ഥം.

൧൩. ചൂഡ=കോഴിയുടെ തലയിലെ പൂവ്. വിധി=സ്രഷ്ടാവ്. പക്ഷിരാട്പട്ടം=പക്ഷിരാജപട്ടം. പരിലസിക്കുന്നു=ശോഭിക്കുന്നു.

൧൪. ലോകബാന്ധവൻ=സൂര്യ്യൻ. സുഭഗൻ=സുന്ദരൻ. താമ്രചൂഡം=പൂങ്കോഴി.

൧൫. ഉഷസി=പുലർകാലത്ത്. കൂജിതം=കൂകൽ. വീതജാഡ്യം=മാന്ദ്യം കൂടാത്ത. പൂതം=പരിശുദ്ധം. വാസരം=പകൽ. സമാഗമം=വരവ്. സ്ഫീതം=വൎദ്ധിച്ച.

൰൩ തങ്കലീർഷ്യയൊടടൽ മുന്നിട-
ത്തിങ്കലെത്തുമെതിർകോഴിയോടുടൻ
ശങ്ക വിട്ടു, ചരണായുധേന്ദ്ര, നീ-
യങ്കമേല്പതൊരു നല്ല കാഴ്ചയാം.

൰൪ വീരലോകമുറ കണ്ട നീ കിട-
ക്കാർനോടു പൊരുതുന്ന പോരിനെ
ചാരവേ ചെറുതു കാൺകിലാരുമാ
നാരദർഷിയെ വൃഥാ പഴിച്ചിടാ!

൰൫ വല്ലതും ഭുവി കൊഴിഞ്ഞ ധാന്യമൊ-
ന്നല്ലയോ, തവ വിശപ്പടക്കുവാൻ?
ഇല്ല ബാധ പരനു;- ഞ്ഛവൃത്തിയാം
നല്ല താപസനയി ദ്വിജേന്ദ്ര, നീ.

൰൬ കോമളച്ചെറുകിടാങ്ങളൊത്തു ത-
ന്നോമനപ്പിടയടുത്തു ചെൽകവേ,

---

൰൩. അടർ=യുദ്ധം. ചരണായുധൻ=കോഴി. അങ്കം=പോര്.

൰൪. കിടക്കാരൻ=എതിരാളി. കോഴിയങ്കം കണ്ടവർ നാരദമുനിയെ കലഹപ്രിയനെന്നു കുററപ്പെടുത്തുകയില്ല; തങ്ങളും കലഹദർശനത്തിൽ കുതുകികളാകും!

൰൫. ഭുവി=ഭൂമിയിൽ. ബാധ=ഉപദ്രവം. ഉഞ്ഛവൃത്തി=വയലിലും മററും ചിന്നിക്കിടക്കുന്ന ധാന്യങ്ങൾ പെറുക്കിയെടുത്ത് ഉപജീവിക്കുന്നവൻ. ദ്വിജശബ്ദം=ബ്രാഹ്മണപക്ഷിപര്യായമാകുന്നു.

പ്രേമരമ്യമൃദുകൂജിതത്തോട-
ക്ഷാമഹർഷമെതിരേല്പതുണ്ടിവൻ.

൨൦ സ്വീയസന്തതികളെപ്പരുന്തു മു-
മ്പായ കണ്ടകരിൽനിന്നു കാപ്പതിൽ
ജായയോത്തതി മനസ്സു വെപ്പതു-
ണ്ടായതപ്രണയനീപ്പതത്രവാൻ

൨൧ അത്ര വന്മഴ പൊഴിച്ചിടും വിധൌ
വിത്രസിച്ചുഴലുമിക്കിടാങ്ങളെ
പത്രമാം കുട പിടിച്ചു കാത്തിവൻ
പുത്രകപ്രണയപുഷ്ടി കാട്ടിടും.

൨൨ നിൻകുഡുംബിനി സുഖാസുഖങ്ങളിൽ-
പ്പങ്കുകൊണ്ടനുസരിക്കുവോളിവൾ;
നിൻകുമാരരിവരംഗസൌഷ്ഠവം
തങ്കുവോർ; പതഗ, ഭാഗ്യവാൻ ഭവാൻ!

---

൧൯. പ്രേമരമ്യമൃദുകൂജിതം=പ്രേമംകൊണ്ടു രമണീയമായ ശബ്ദവിശേഷം. അക്ഷാമഹർഷം=അനല്പമായ സന്തോഷത്തോടുകൂടും വണ്ണം.

൨൦. സ്വീയസന്തതികൾ=തന്റെ കുഞ്ഞുങ്ങൾ. കണ്ടകർ=ക്രൂരന്മാർ. ജായ=ഭാൎയ്യ. ആയതപ്രണയൻ=അതിസ്നേഹവാൻ. പതത്രവാൻ=പക്ഷി.

൨൧. വിത്രസിച്ച്=ഭയപ്പെട്ട്. പത്രം=ചിറക്. പുത്രകപ്രണയപുഷ്ടി=മക്കളിലുള്ള വാത്സല്യാതിരേകം.

൨൨. കുടുംബിനി=ഗൃഹിണി. സൌഷ്ഠവം=ഭംഗി. തങ്കുവോർ=ഉള്ളവർ. പതഗം=പക്ഷി.

൨൭ ദേഹമെന്നപടി, നിൻെറ മാംസവും
മോഹനം മധുരമെന്നിരിക്കയാൽ,
സ്നേഹശൂന്യരിഹ നിന്നെയെപ്പൊഴോ
ഹാ! ഹനിപ്പതു വയററുപോററികൾ!!
൨൮ ഇത്തിരിക്കുമൊരുപദ്രവം പര-
ക്കെത്തിടാതെ പുലരുന്ന നിന്നുടെ
വൃത്തി കൂടിയ കഴുത്തിലുഗ്രമായ്-
ക്കത്തി വെക്കുവതിനാൎക്കു തോന്നിടും?
൨൯ ആവതോളമിഹ നിത്യവും ഭുജി-
ക്കാവതായ്പല പദാൎത്ഥമില്ലയോ?
പാവമീ നിരപരാധപക്ഷിയെ-
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!
൩൦ ഭദ്രകുക്കുടകുലാസ്രതപ്പണാൽ
ഭദ്രകാളി ബഹുദുഷ്ടമൎദ്ദിനി
സദ്രസം കരുണ ചെയ്യുമെന്നൊരീ
ക്ഷുദ്രമാന്ത്രികമതം ഭയങ്കരം!!

---

൨൭. സ്നേഹശൂന്യർ=ഭൂതദയയില്ലാത്തവർ. ഹനിക്കുക=കൊല്ലുക.

൨൯. ഭുജിക്ക=ഭക്ഷിക്ക.

൩൦. ഭദ്ര.........തപ്പണാൽ=അഴകേറിയ കോഴികളുടെ ചോര ചൊരിയുന്നതുമൂലം. ബഹുദുഷ്ട...ൎദ്ദിനി=അനവധി ദുഷ്ടന്മാരെ കൊല്ലുന്നവൾ. സദ്രസം=സസന്തോഷം. കരുണ=ദയ. ക്ഷുദ്ര...മതം=നീചമായ മാന്ത്രികന്മാരുടെ അഭിപ്രായം. 'ബഹുദുഷ്ടമൎദ്ദിനി' എന്ന വിശേഷണം, ഭദ്രകാളി ഇത്തരം നിൎദ്ദോഷജീവികളുടെ ഹിംസമൂലം ഒരിക്കലും പ്രസാദിക്കുകയില്ലെന്നു സൂചിപ്പിക്കുന്നു.

൨൭ ഭീമഘാതുകർ കഴുത്തറക്കവേ,
രാമ! രാമ! കരുണസ്വരത്തോടും
കീഴ്മലച്ചു പിടയുന്ന കോഴിയെ-
ക്കാഴ്മവക്കു കരൾ പൊട്ടുകില്ലയോ!

൨൮ ചൊല്ലാന്നിട്ടും വലിയ ധർമ്മമഹിംസയാണെ-
ന്നുല്ലാസമേകുമറിവെങ്ങുമുയർന്നിടട്ടേ!
വല്ലാതിവണ്ണമപമൃത്യു പെടാതെ, നിങ്ങൾ-
ക്കെല്ലാം സുഖപ്പൊറുതി കുക്കുടമേ, വരട്ടേ!

UNIVERSITY LIBRARY
DEC 1936

൨൭. ഭീമഘാതുകർ=ഭയങ്കരന്മാരായ കൊലയാളികൾ.

൨൮. ചൊല്ലാന്നിട്ടും=കേളികേട്ട. 'അഹിംസാപരമോധർമ്മഃ'.
അപമൃത്യു=അകാലമരണം.

# III

## * മാടരാജവൈരാഗ്യം

ഉണ്ടാമുടൽപ്പുളകമോടൊരിടച്ചു പൂണ്ടു
കൊണ്ടാരുമോതിടുമുദന്തമിതെന്തു ഹാ ഹാ!
പണ്ടാക്കഴിഞ്ഞ പരിപാവനമായ കാലം,
രണ്ടാമതും ക്ഷിതിയിൽ വന്നവതീർണ്ണമായോ!
അമ്മേ ജയിക്കു ഭരതാവനി! നിൻകിടാങ്ങൾ-
ക്കമ്മേന്മ പോവുകിലുമിന്നു, ഭവൽപ്രഭാവാൽ
ചെമ്മേ പുരാണരിൽ വിളങ്ങിയ തത്വചിന്താ-
സമ്മേളനപ്രതിഭ തീരെ മറഞ്ഞതില്ല.

---

* ഫറവ്വൻ ധന.

പുളകം=രോമാഞ്ചം. ഉദന്തം=വൃത്താന്തം. പരിപാവനം=പരിശുദ്ധം. അവതീർണ്ണം=അവതരിച്ചതു്. "വാർദ്ധകേമുനിവൃത്തീനാം" എന്നിങ്ങിനെ കാളിദാസപ്രോക്തന്മാരായ പുരാതനരാജർഷികളെ അനുകരിച്ചു പ്രസ്തുത രാജർഷിയും സ്ഥാനത്യാഗം ചെയ്തു മുനിവൃത്തി സ്വീകരിച്ചതുമൂലം കവി ആ പഴയകാലത്തെ അനുസ്മരിക്കുന്നു.

ഭരതാവനി=ഭാരതഭൂമി. മേന്മ=ഉൽകൃഷ്ടത. ഭവൽപ്രഭാവാൽ=ഭവതിയുടെ മഹിമനിമിത്തം. പുരാണർ=പണ്ടുള്ളവർ. തത്വചിന്താസമ്മേളനപ്രതിഭ=തത്വവിചാരത്തോടു മേളിക്കുന്ന (ചേരുന്ന)തിലുള്ള ബുദ്ധിവിശേഷം.

നില്ലാതെ നൂതനപരിഷ്കൃതിവാത്യ പന്തി-
യല്ലാതടിയ്ക്കുകിലുമാത്തവ പുണ്യസാരം
എല്ലാം,മയേ ഭരതധാത്രി, പറന്നു പോയി-
ട്ടില്ലാ; ചിലേടമതിതാ, ചിതറിക്കിടപ്പൂ!

കാലാനുകൂലസുപരിഷ്കരണപ്രയോഗ-
ത്താലാവതോളമഭിവൃദ്ധി വരുത്തി നീളെ,
ശ്രീലാസ്യകേളിമണിമാളിക മാടനാട്ടു-
ദ്വേലാദരത്തൊടു ഭരിച്ചു വരും ഗഭീരൻ;

കാര്യങ്ങളിൽപ്പെരിയ കാഴ്ച, കരൾക്കരുത്തൗ-
ദാര്യം തിതിക്ഷ, സമഭാവന, സാധുസങ്ഗം,
സ്ഥൈര്യം തുടങ്ങി,യൊരു ഭൂമിപതിയ്ക്കു വേണ്ടു-
മാര്യങ്ങളാം ഗുണഗണങ്ങളിലദ്വിതീയൻ;

ഭൂഭാഗപാലകരശേഷമണഞ്ഞ സാക്ഷാൽ
ശ്രീഭാരതേന്ദ്രമകുടീവഹനോത്സവത്തിൽ

---

നൂതന......വാത്യ=പുതുപരിഷ്കാരക്കൊടുംകാററ്. പുതുമോടികളുടെ തള്ളിക്കയററത്തിലും ഭാരതവർഷത്തിന്റെ പുരാതനപുണ്യസമ്പത്തു മുഴുവൻ പോയിക്കഴിഞ്ഞിട്ടില്ലെന്നർത്ഥം. ഭരതധാത്രി=ഭാരതഭൂമി.

ശ്രീലാസ്യകേളി=ലക്ഷ്മിയുടെ വിളയാട്ടം. ഉദ്വേലാദരം=അളവററ ആദരവ്.

ഔദാര്യം=ദാനശീലത്വം. തിതിക്ഷ=ക്ഷമ. സാധുസംഗം=സജ്ജനസംസർഗ്ഗം. ആര്യങ്ങൾ=ശ്രേഷ്ഠങ്ങൾ. അദ്വിതീയൻ=രണ്ടാമനില്ലാത്തവൻ (നിസ്തുല്യൻ).

ഭൂഭാഗപാലകർ=കീഴരാജാക്കന്മാർ. ശ്രീഭാ......ത്സവം=ഇന്ത്യാചക്രവർത്തിയുടെ കിരീടധാരണമഹോത്സവം.

ശോഭായമാനബിരുദം പലതും ലഭിച്ച
സൌഭാഗ്യസൌഹൃദസമുജ്ജ്വലസച്ചരിത്രൻ;

പൊന്നായ കൊന്നമലർ തൂകിയു,മാത്തഭക്തി-
സന്നാഹരാം പ്രജകൾതൻ ജയഘോഷമൊത്തും,
മൂന്നാണ്ടു, തന്നറുപതാം തിരുനാളിനാലെ
മന്നാകെയുത്സവമിയററിയ മാനവേന്ദ്രൻ;

‘ക്ലേശം പെടാതെ സുഖമായ്, പ്രളയം വരെയ്ക്കീ
ക്ഷ്മേശൻ ഭരിച്ചരുൾക തന്നുടെ നാടിതെ’ന്നായ്
ആശസ്സു തക്ക വിധമാളുകൾ ചെയ്തുപോരു-
മാശംസകൾക്കനഘഭാജനമായ ധന്യൻ;

വാണിയ്ക്കു വാരിജഭവൻ; മലർ പെററ മഞ്ജു-
വാണിയ്ക്കു വിഷ്ണു; വിബുധപ്പരിഷയ്ക്കു ശക്രൻ;

---

ശോഭായമാനം=നിറപ്പകിട്ടുള്ളത്.

ആത്തഭക്തിസന്നാഹർ=ഭക്തിപൂർവ്വമായ ഒരുക്കങ്ങൾ ചെയ്യുവർ. ക്ഷ്മേശൻ=രാജാവ്. അനഘഭാജനം നിഷ്കളങ്കപാത്രം.

വാണിയ്ക്കു വാരിജഭവൻ (ബ്രഹ്മാവ്)=ബ്രഹ്മാവിനെപ്പോലെ സ്വാധീനസരസ്വതീകൻ. മലർപെററമഞ്ജുവാണി(ലക്ഷ്മി)യ്ക്കു വിഷ്ണു=വിഷ്ണുവിനെപ്പോലെ സ്വാധീനലക്ഷ്മീകൻ. വിബുധപ്പരിഷയ്ക്കു (വിദ്വത്സമൂഹത്തിന്നു, ദേവഗണത്തിന്നു) ശക്രൻ=ഇന്ദ്രനെപ്പോലെ വിബുധനേതാവ്.

ക്ഷോണിക്കനന്തഭഗവാൻ; കവികോകിലാഗ്ര്യ-
ശ്രേണിക്കനന്തരുചിയാന്ന വസന്തമാസം;

ആരാമവർമ്മനൃപരത്നമിതാ, യഥാർത്ഥ-
വൈരാഗ്യയോഗ്യചരമാശ്രമമാർയിപ്പാൻ,
പേരാളിടുന്ന യുവമന്നവനിൽ സ്വരാജ്യ-
ഭാരാവരോപണവിധിക്കു തുടന്നിടുന്നു!!

ശ്രീരാജവൃദ്ധരുടെ താപസധർമ്മചര്യ
പൌരാണികോക്തികളിൽ മാത്രമിതേവരെയ്ക്കും;
നേരായ് നമുക്കതിഹ കണ്ടറിയാവതാകും,
ധീരാഗ്ര്യനീ പ്രഭു നിജാചരണത്തിനാലേ.

---

ക്ഷോണിക്കനന്തഭഗവാൻ = അനന്തനെപ്പോലെ ഭൂമിയെ ഭരിക്കുന്നവൻ. കവികളാകുന്ന ശ്രേഷ്ഠകോകിലങ്ങളുടെ സമൂഹത്തിന്ന അനന്തരുചി (ആരാമശോഭ)യാന്ന വസന്തമാസം = വസന്തംപോലെ കവികോകിലങ്ങളെ പാടിക്കുന്നവൻ.

യഥാ...... ....ശ്രമം = യഥാർത്ഥമായ വൈരാഗ്യത്തിന്ന യോഗ്യമായ സന്ന്യാസാശ്രമം. യുവമന്നവൻ = ഇളയ രാജാവ്. സ്വരാജ്യ......വിധി = തന്റെ രാജ്യഭാരം ഇറക്കി വെയ്ക്കുക.

ശ്രീരാജവൃദ്ധർ = വാർദ്ധക്യം പൂണ്ട മഹാരാജാക്കന്മാർ. പൌരാണികോക്തികൾ = പുരാണങ്ങൾ. ധീരാഗ്ര്യൻ = ധീരരിൽ മുമ്പൻ. നിജാചരണം = തന്റെ അനുഷ്ഠാനം.

ശ്രേയസ്കരാഭിനവരീതിയിലാണു, നീതി-
ന്യായസ്ഥനാകുമവിടുത്തെ മഹാചരിത്രം;
ഗേയം ഗൃഹംപ്രതി നിദാന;മതിപ്പൊഴീയ-
ധ്യായം നിമിത്തമൊരു പുണ്യപുരാണമായി!

ഭൂവിൽജ്ജനം, പരമപൂരുഷനാകുമാരെ
ശ്രീവിഷ്ണുവായ്ക്കരുതി വാഴ്ത്തിവരുന്നു ഭക്ത്യാ;
ആ വിശ്രുതൻ തനതു ലക്ഷ്മിയെ വിട്ടിരിപ്പാൻ
ഭാവിക്കയാണു: പരമാത്ഭുതമീയുദന്തം!

ഹാ! രാജ്യലക്ഷ്മിയുടെ പുഞ്ചിരിയായ് വിളങ്ങും
ഗൌരാതപത്ര,മൊരുവന്റെ മനം മയക്കാൻ
പോരാത്തതായ് നിയതമെന്ന വിചിത്രവാർത്ത
നേരായ് നിനച്ചിടുകയില്ലിതുകാലമാരും!

---

അഭിനവരീതി=പുതിയ രീതി. ഗേയം=ഗാനം ചെയ്യപ്പെടുവാൻ യോഗ്യം. ഗൃഹംപ്രതി=വീടുതോറും. നിദാനം=പതിവായിട്ടു.

വിശ്രുതൻ=പ്രസിദ്ധൻ. വിഷ്ണു ലക്ഷ്മിയെ (സമ്പത്തിനെ) വിടുന്നതു് അത്ഭുതകരമാണല്ലോ.

ഗൌരാതപത്രം=വെൺകൊറ്റക്കുട. നിയതം=നിശ്ചയമായും. വിചിത്രവാർത്ത=അത്ഭുതവർത്തമാനം.

ഏതാള്ളു,മേതു പരദേവതതൻ പ്രസാദ-
മേതാനുമേല്പതിനു, വേണ്ടിവരുന്നതായാൽ
താതാഗ്രജാദിജനജീവിതരക്തവും ഹാ!
ജാതാദരം കുരുതിയാക്കുവതിന്നൊരുങ്ങും;

ആ രാജലക്ഷ്മിയൊരു ദാസികണക്കു തൻകാൽ-
ത്താരാശ്രയിക്കെ,യവളെ,സ്സുകൃതോന്നതിക്കായ്
ദൂരാൽ ത്യജിച്ചു മുനിവൃത്തിയെടുക്കുവാനീ
ശ്രീരാമദേവനെയൊഴിച്ചൊ,വനുള്ളു ധൈര്യം?

നാലഞ്ചു ദമ്പടി കിടച്ചിടുമെങ്കിലെന്തു
'ജാല'ത്തിനും ജനമൊരുങ്ങിയിറങ്ങിടുന്നു;
ലീലപ്പുകിട്ടിലുലകം കിഴമേൽ മറിക്കു-
മാ ലക്ഷ്മി,യിപ്പുരുഷവര്യനു പുല്ലു പോലേ!

'പാരാകെ,യോർക്കിൽ വിധിതന്റെയൊരിന്ദ്രജാലം;
ചേരാസ്ഥ സക്തിയിതിലെ,'ന്നുപദേശമേകാൻ
ധാരാളമുണ്ടു ജനമിങ്ങു;—തു ചെയ്തുകാട്ടും
ധീരാഗ്ര്യനോ ശതശതങ്ങളിലൊന്നു മാത്രം!!

---

പരദേവത=അടുത്ത ശ്ലോകത്തിൽ പറയുന്ന രാജലക്ഷ്മി. താതാഗ്രജാദിജനം=അച്ഛൻ, ജ്യേഷ്ഠൻ തുടങ്ങിയുള്ളവർ.

സുകൃതോന്നതിക്കായ്=പുണ്യാഭിവൃദ്ധിക്കു വേണ്ടി. ശ്രീരാമദേവൻ=രാമവർമ്മമഹാരാജാവ്. രാമായണകഥാനായകനെക്കൂടി സൂചിപ്പിക്കുന്നു.

ദമ്പടി=കാശ്. ജാലം=ഇന്ദ്രജാല (കപടം)

ശതം=നൂറ്:

പ്രായം തനിക്കിരുപതാകിലു, മബ്ബലിഷ്ഠ-
കായത്തിലുണ്ടു യുവലക്ഷ്മി കളിച്ചിടുന്നു;
ശ്രേയസ്സുകൾക്കു കുറവെന്തവിടെയ്ക്കു? ജന്മ-
മായത്ത,മൈഹികസുഖത്തിനു വേണ്ടതെല്ലാം?

സാമാന്യമല്ല ഭരണത്തൊഴിലിൽപ്പടുത്വം;
ക്ഷേമാഭിവൃദ്ധിയിലുയർന്നുവരുന്നു രാജ്യം;
'ഈ മാടഭൂപനതിമാനുഷനെ'ന്ന കീർത്തി-
ഭൂമാവു ഭൂമിയിൽ നിറഞ്ഞുകഴിഞ്ഞു താനും;

എല്ലാമിതിൻവിധമിരിക്കെ,യതിൽ പ്രസക്തി-
യില്ലാതെ, മുക്തിനിനവാർന്നു, നൃപാസ്പദത്തെ
പുല്ലായ്ഗ്ഗണിച്ചരുളുമിപ്പുരുഷാവതംസം,
ചൊല്ലാർന്ന ബുദ്ധമുനിതന്റെ നവാവതാരം!

ദാരിദ്ര്യവാർദ്ധകരുജാദിനിപീഡിതർക്കും
പാരിക്കുയാണു വിഷയഭ്രമമെ;-ന്നിരിക്കെ,

---

ബലിഷ്ഠകായം=ശക്തിമത്തായ ശരീരം. യുവലക്ഷ്മി=യൌവനശ്രീ. ആയത്തം=അധീനം. ഐഹികസുഖം=ഇഹലോകസുഖം.

പടുത്വം=സാമർത്ഥ്യം. അതിമാനുഷൻ=മനുഷ്യനിലയെ അതിക്രമിച്ചവൻ. കീർത്തിഭൂമാവ്=യശസ്സമൃദ്ധി.

പ്രസക്തി=താൽപര്യം. മുക്തിനിനവ്=മോക്ഷവിചാരം. നൃപാസ്പദം=രാജസ്ഥാനം. പുരുഷാവതംസം=പുരുഷന്മാർക്കു ശിരോലങ്കാരമായിട്ടുള്ളവൻ.

രുജ=രോഗം. നിപീഡിതർ=ബാധിതർ.

പൂരിച്ചു മസ്സുഖസമൃദ്ധിയിൽ നിസ്പൃഹത്വം
നേരിട്ടതെ,ത്ര നെടുതായ നിസർഗ്ഗസത്ത്വം!!
ഓരോ പ്രഭുക്കളൊ,രു 'രാജ'പദത്തിനൊത്തൻ-
പേരോടു ചേർപ്പതിനു പാടു പെടുന്നു പാരം;
സാരോപദേശഗുരുവാമവിടെയ്ക്കു, തൻതൃ-
പ്പേരോടു ചേർന്നമരുമായതസഹ്യമായി!

ജ്ഞാനം, മഹത്തരമകത്തു കടന്നുചെന്ന-
ന്യൂനം വെളിയ്ക്കുടനിറക്കിയ സങ്ഗമോടേ,
നൂനം, വിദേഹനൃപരീതിയിലാണു, രാജ-
സ്ഥാനം വഹിപ്പതവിടുന്ന, വിഭാവ്യസത്ത്വൻ.

'നമ്മൾക്കു താനരചനായി വരട്ടെ ഭാവി-
ജന്മത്തിലും, മഹിതനിത്തിരുമേനി'യെന്നായ്
ഇമ്മർത്ത്യരാസ്ഥയൊടു നേർന്നു വരുന്നു; താനോ,
ജന്മത്തിൽനിന്നൊഴിയുവാൻ വഴി തേടിടുന്നു.

---

നിസ്പൃഹത്വം=നിഷ്കാമത്വം. നിസർഗ്ഗസത്ത്വം=സ്വഭാവേനയുള്ള സത്ത്വഗുണം.

ആയത്=ആ രാജപദം. രാജസ്ഥാനത്തു സ്ഥിതി ചെയ്യുന്നതു ദുസ്സഹമായി തോന്നിയെന്നർത്ഥം.

അന്യൂനം=കുറവുകൂടാതെ. സംഗം=വിഷയാസക്തി. അവിഭാവ്യസത്ത്വൻ=അചിന്ത്യമായ കരുത്തോടുകൂടിയവൻ. അന്തസ്ത്യാഗിയും ബഹിസ്സംഗിയുമായിരുന്നുവല്ലോ വിദേഹനൃപൻ (ജനകരാജർഷി).

മഹിതൻ=പൂജിതൻ. ആസ്ഥ=ആദരം. അടുത്ത ജന്മത്തിലും ഇവിടുന്നു തങ്ങൾക്കു തന്നെ രാജാവാകണമെന്നു പ്രജകൾ വിചാരിക്കുമ്പോൾ, അവിടുന്നു ജനനമരണബന്ധത്തിൽ നിന്നു വിട്ടു മുക്തിയടയുവാൻ ശ്രമിക്കുന്നുവെന്നു സാരം.

തീരാതഭ്രതചരനിർവൃതി വാഴ്കുമാറായ്,-
പ്പാരാകെ നൽത്തണലണച്ച മഹാതപത്രം,
ഈ രാജമൌലി വെടിയാൻ തുടരുന്നതോർത്തി-
ട്ടാരാണു, താപവശനായ്ച്ചമയാത്തതിപ്പോൾ?

മാലാർന്നിടായ്കിവിടെ നാം,തിരുമേനി തേടും
കാലാന്തരോപശമഭവിശ്രമവും, നിനച്ചാൽ,
പാലാഴിയിൽപ്പുരപുമാന്റെ പള്ളിനിദ്ര-
പോലാത്മലോകകുശലാഭ്യുദയത്തിനത്രേ:

എല്ലാം വിബോധവിഭവങ്ങളുമുള്ളിലുള്ളാ-
ച്ചെല്ലാർന്ന തൃത്തലയിൽ വാണ കിരീടമേ, നീ
വല്ലാതെ തൻപരപദച്യുതിയോർത്തു മാഴ്കാ-
ഴ്കി: - ല്ലാരിലും തടവു കാലഗതിക്കു പാരിൽ.

---

അഭ്ര.....വൃത=ഇതിനുമുമ്പുണ്ടാകാത്ത വിശ്രമസുഖം. വാഴ്കുമാറ്=വർദ്ധിക്കുമാറ്. മഹാതപത്രം=വലിയ കുട (വെണ്കൊറ്റക്കുട) താപവശൻ=ചൂടിന്നടിപെട്ടവൻ;ദുഃഖിതനെന്നും. തണലുകൊടുത്തിരുന്ന കുട വിടുന്നതോർത്ത് ആളുകൾ ചൂടിൽപ്പെട്ടുതുടങ്ങി—അതായതു രാജാവിന്റെ സ്ഥാനത്യാഗം ചിന്തിച്ചു പ്രജകൾ ദുഃഖാർത്തരായി.

കാലാ........വിശ്രമം=വാർദ്ധക്യകാലോചിതമായ വിശ്രമം. പരപുമാൻ=വിഷ്ണു. ആത്മ.....ഭ്യുദയം=സ്വപ്രജാക്ഷേമാഭിവൃദ്ധി. (ആദ്ധ്യാത്മികശ്രേയസ്സമൃദ്ധി). ലോകക്ഷേമത്തിന്നായി വിഷ്ണു പാലാഴിയിൽ പള്ളികൊള്ളുന്നതുപോലെ ഇദ്ദേഹത്തിന്റെ ഈ വിശ്രമവും പ്രജാകുശലാഭിവൃദ്ധിക്കാണെന്നു സാരം.

വിബോധവിഭവങ്ങൾ=ജ്ഞാനസമ്പത്തുകൾ. പരപദച്യുതി=ശ്രേഷ്ഠമായ സ്ഥാനത്തിൽനിന്നുള്ള ഭ്രംശം. മാഴ്കായ്ക=ദുഃഖിക്കരുത്.

സമ്രാട്കിരീടവു,മസംശയ,മാ വിശാലോ-
ന്നമ്രാളികത്തൊടണയുന്നതിനാഗ്രഹിയ്ക്കും:
സമ്രാത്തി തീൎത്ത,വിടെ, രാജകിരീടമേ, നീ
കമ്രാഭമായ്‌ച്ചിരമിരുന്നതപാരഭാഗ്യം:

ഹേ മാന്യമാടവസുധേ, സതി, മാഴ്കാലാ നിൻ
പ്രേമാസ്പദം പതി തപോരതനാകമൂലം!
ഈ മാതിരിയ്ക്കുരിയ സത്ത്വഗുണം തികഞ്ഞ
ധീമാനു, ദൎഭവിരി പട്ടുകിടയ്ക്കതന്നേ!!

ഈ രാമദേവനുടെ സോദരനാം നരേന്ദ്രൻ,
സാരാൎയ്യപാദസമനുഗ്രഹസിദ്ധിയാലേ
ധാരാളമേന്തിയ പട്ടത്വമൊട്ടൊഴി, നിന്നെ
നേരായ്ബ്ഭരിച്ചരുളു,മാൎയ്യബ്ഭരതൻ കണക്കേ!

---

സമ്രാട്=ചക്രവൎത്തി. ഉന്നമ്രാളികം=ഉയൎന്ന നെററി. സമ്രാ
ൎത്തി=ആശ്രിതപീഡ. കമ്രാഭം=മനോഹരശോഭയോടുകൂടെ.

മാടവസുധാ=കൊച്ചിരാജ്യം. സതി=പതിവ്രത. പ്രേമാസ്പദം=
പ്രേമത്തിന്നിരിപ്പിടം. പതി=ഭൎത്താവ്. തപോരതൻ=തപസ്സിൽ
തൽപരൻ. സുഖോചിതനായ എൻെറ ഭൎത്താവു എങ്ങിനെ തപഃ
ക്ലേശം അനുഭവിക്കും എന്നു നീ വ്യസനിക്കേണ്ടാ; ഇത്തരം സത്വ
ഗുണശാലികൾക്ക് അരമനയിലെ പട്ടുകിടക്കയും ആശ്രമത്തിലെ
ദൎഭവിരിയും ഒരുപോലെയാണ്.

ആൎയ്യൻ=ജ്യേഷ്ഠൻ. ശ്രീരാമൻെറ പാദുകകളെ വാങ്ങി അവ
യെ പൂജിച്ചുകൊണ്ടാണല്ലോ ഭരതൻ രാജ്യം ഭരിച്ചത്.

ഈ രാജ്യശ്രീതടിദ്വല്ലരിയുടെ കളിയിൽ-
        ത്തെല്ലുപോലും വിമോഹം
ചേരാതാ,നന്ദസമ്പത്തനവധി വിളയും
        നിത്യരാജ്യത്തെ നേടാൻ,
പേരാളും രാജയോഗം, പുതിയതനുസരി-
        ച്ചൂന്നതിന്നായ്ത്തുടങ്ങു-
ന്നീ രാജർഷിയ്ക്കു, പൂർണ്ണം വിജയമരുളുമാ-
        റാക പൂർണ്ണത്രയീശൻ!

---

തടിദ്വല്ലരി=മിന്നൽപ്പിണർ. വിമോഹം=അന്ധാളിത്തം. രാജ്യശ്രീ ക്ഷണപ്രഭാചഞ്ചലമാണെന്നു സാരം. നിത്യരാജ്യം=സായൂജ്യം. രാജയോഗം=ചിത്തവൃത്തിനിരോധനമാർഗ്ഗം. പൂർണ്ണത്രയീശൻ=തൃപ്പൂണിത്തുറയപ്പൻ.

IV

## * കള്ളന്റെ സമ്മാനം.

൧ "മമ തനു തൊടൽ കൂടി നീളെ വജ്ജി-
ച്ചമരണമെന്നു നടിച്ചകന്നൊ, തുഞ്ഞി,
സുമസുരഭിലമെത്തയിങ്കലിന്നും
കമനി, കമിഴ്ന്നു കിടക്കയായിതോ നീ!

൨ പതിതമനസിജാശുഗക്കരുത്താൽ-
ഛൂതിരു കണക്കകലുന്നിതെൻെറ ധൈര്യം;
പതിയൊടു പക പൂണ്ടിരിയ്ക്കുവോരി-
പ്പതിവിനിയെങ്കിലുമൊന്നു മാററണേ നീ!

൩ ഇരവിതിലിഹ വെള്ളമെത്തയിന്മേൽ
വിരസമവാങ്മുഖിയായ്ക്കിടക്കിലും നീ

---

* ൧൦൯൭ കന്നി ൧-ാംനു-

മമ=എൻെറ. തനു=ശരീരം. വജ്ജിച്ച്=ഉപേക്ഷിച്ച്. അമരണം=വസിക്കണം. സുമസുരഭിലമെത്ത=പുഷ്പങ്ങൾകൊണ്ടു സുഗന്ധിയായ മെത്ത. കമനി=സുന്ദരി.

പതിരു......ത്താൽ=ശക്തികൂടിയ കാമാസ്ത്രമേററു മൂലം. ആശുഗശബ്ദത്തിന്നു വായുവെന്നുമത്ഥം. പക=പിണക്കം.

ഇരവിതിൽ=ഈ രാത്രിയിൽ. ഇഹ=ഇവിടെ. വിരസം=രസമില്ലാതെ. അവാങ്മുഖി=മുഖം കുനിച്ചവൾ. ഒന്നും സംസാരിക്കാത്തവളെന്നുമാകാം.

ശരദമലനഭസ്സുണഞ്ഞ നൈശാ-
കരകല പോലെ വിളങ്ങിടുന്നു കാന്തേ!

൪ അവശനിലയിതെന്തിനെ, ന്തൊരിഷ്ടം
തവ തരളാക്ഷി, തൃപ്പെടേണ്ടതുള്ളൂ?
ഇവനയി, തവദാസനെ, ൻെറ സമ്പ-
ന്നിവഹവുമൊക്കെ നിനക്കധീനമല്ലേ?

൫ തിരുമലർമകൾതൻ കടാക്ഷലീല-
യ്ക്കൊരു മണിമന്ദിരമിന്ദിരോപമേ! ഞാൻ;
ഒരുദിനമിവനെപ്പുണന്നിടാനി-
ത്തെരുവിലെ നാരികളൊക്കയും കൊതിപ്പൂ!

൬ വനജമുഖി! നിനക്കിവങ്കലേവം
മനസി വളന്ന വെറുപ്പിനെന്തു ബന്ധം?
അനഘതരുണനാകുമെന്നെ, നീ 'യോ-
മനനര' കണ്ടു വയസ്സനെന്നുറച്ചോ?

---

ശരദമലനഭസ്സ് =ശരൽക്കാലത്തിലെ നിമ്മലമായ ആകാശം. നൈശാകരകല=നിശാകരൻേറ (ചന്ദ്രൻേറ) തായ കല (ചന്ദ്രക്കല).

തവ=നിനക്കു. തരളാക്ഷി=ഇളകുന്ന കണ്ണോടുകൂടിയവൾ (സുന്ദരി) നിവഹം=കൂട്ടം.

ഇന്ദിരോപമ=ലക്ഷ്മിയോടു സദൃശി. ഞാൻ വലിയ ധനവാനും സുന്ദരനുമെന്നു സാരം.

വനജമുഖി=താമരപ്പൂവിനൊത്ത മുഖമുള്ളവൾ. അനഘതരുണൻ=അരോഗദൃഢഗാത്രനായ യുവാവ്. വാദ്ധക്യത്തിനു മുമ്പു ചായതാണെന്നു വരുത്താനാണ് 'ഓമനനര' എന്നു പറഞ്ഞത്.

൭ നരയിതു, മമ വക്ത്രചന്ദ്രമസ്സിൻ
കരനിരതൻ ചില കൊച്ചുഖണ്ഡമത്രേ;
വരതരുണികൾതൻ വിലോചനേന്ദീ-
വര,മിതു കണ്ടു വിരിഞ്ഞിടുന്നതില്ലേ?

൮ പല മണികലശങ്ങളില്ലയോ, നിൻ
നിലയമിതിൽ? സുചിരാലവററിനെക്കാൾ
വിലപെരുകിയതാണെനിക്കു, നീലോൽ-
പ്പലമിഴി, നിൻകുചരത്നകുംഭയുഗ്മം.

൯ ഹരി! ഹരി! കഠിനസ്തനാവമർദ്ദം
പരിമൃദു പട്ടുകിടക്കു താങ്ങുമോ തേ?
ഹരിണമിഴി! കമിഴ്ന്നൊരിക്കിടപ്പി-
ത്തിരിയിട മാററുക മാന്മഥത്തിടമ്പേ!

൧൦ സ്മരതരുനവപല്ലവായിതം നിൻ-
ചരണമിതെൻമടിയിങ്കൽ വെച്ചു മന്ദം

---

വക്ത്രചന്ദ്രമസ്സ്=മുഖമാകുന്ന ചന്ദ്രൻ. കരനിര=രശ്മിക്കൂട്ടം. വിലോചനേന്ദീവരം=കണ്ണാകുന്ന കരിംകൂവളപ്പൂവ്.

കലശം=കുടം. നിലയം=വീട. സുചിരാൽ=വളരെക്കാലമായിട്ട. നീലോൽപ്പലം=കരിംകൂവളപ്പൂവ. കുചരത്നകുംഭയുഗ്മം=മുലകളാകുന്ന രണ്ടു മണിക്കുടങ്ങൾ.

തേ=നിന്റെ. കഠിനസ്തനാവമർദ്ദം=കാഠിന്യമുള്ള മുലകളുടെ അമത്തൽ. ഹരിണമിഴി=മൃഗാക്ഷി. മാന്മഥത്തിടമ്പ=കാമദേവന്റെ തിടമ്പ്.

സ്മര.....യിതം=കാമനാകുന്ന വൃക്ഷത്തിന്റെ പുത്തൻ തളിരുപോലെയിരിക്കുന്നത്. ചരണം=കാൽ.

തരളമിഴിമണേ, തലോടുവാനെൻ-
കരയുഗളത്തിനനുജ്ഞ നൽകണേ നീ.

൧൧ മടവയർമണി, മാരനും മയങ്ങും
സ്ഫുടനിജയൌവനലക്ഷ്മിയെബ്ബലാൽ നീ
അടവിയിലെ നിലാവു പോലെയാക്കാൻ
തുടരുവതെന്തു? വരില്ല പോയ കാലം.

൧൨ ചതുരതരമിതൊ,ന്നു രണ്ടു നാള-
ല്ല,തുലവിഷാദമൊരഞ്ചുകൊല്ലമായ്,ഞാൻ
പുതുസുമസമഗാത്രി, പത്നിയാം നിൻ-
മുതുകിതു പാൎത്തിഹ രാത്രി പോക്കിടുന്നു!!

൧൩ ദ്രുതമരിശമിയന്നു ഹന്ത! ചെന്താ-
രിതളൊളി തങ്കുമപാംഗമെങ്കിലും നീ

---

കരയുഗളം=രണ്ടു കൈകൾ. അനുജ്ഞ=അനുവാദം.

മാരൻ=കാമദേവൻ. സ്ഫുട..........ലക്ഷ്മി=സ്പഷ്ടമായ തന്റെ യൌവനശ്രീ. ബലാൽ=വാശിപിടിച്ച് എന്നു സാരം. അടവി=കാട്. കാട്ടിലെ നിലാവു നിഷ്പ്രയോജനമായിത്തീരുന്നതു പോലെ, നിന്റെ താരുണ്യശോഭ നിഷ്ഫലമാകരുതെന്നൎത്ഥം.

ചതുരതരമിത്=ഈ സമ്പ്രദായം ഒന്നാംതരം തന്നെ! അതുലവിഷാദം=നിസ്തുലമായമനോഭംഗത്തോടുകൂടുംവണ്ണം. പുതുസുമസമഗാത്രി=പുതിയ പുഷ്പത്തിനു തുല്യമായ ശരീരത്തോടുകൂടിയവൾ. പത്നി=ഭാൎയ്യ. പാൎത്ത്=നോക്കി.

ദ്രുതം=വേഗത്തിൽ. ചെന്താരിതളൊളി=ചുകന്ന താമരപ്പൂവിന്റെ ദളങ്ങളുടേ ശോഭ. തങ്കും=ചേരുന്ന. അപാംഗം=കടക്കൺ.

സുതനു; ചെറുതിവൻെറ നേക്കയച്ചാൽ
കൃതസുകൃതക്കു കിരീടരത്നമായ് ഞാൻ!"

൧൪ ഇരവിലണിവിലാസമച്ചിൽവെച്ചി-
ത്തരമൊരു വാണിജവൃദ്ധനിദ്ധവിത്തൻ
സ്മരരുജ സഹിയാതെ, യൌവനശ്രീ-
നിര വിതറും നിജഭാൎയ്യയോടുരച്ചു

൧൫ പെരുതനുനയവാക്കിതൊക്കയും ഹാ!
മരുവിൽ വിതച്ചൊരു വിത്തുപോലെ പാഴായ്:
തരുണി കിഴവനെത്തിരിഞ്ഞുനോക്കാ-
ത്തൊരു പതിവിന്നു നിനയ്ക്കിലെങ്ങിളക്കം?

൧൬ അവനതമുഖിയായ്ക്കിടന്നിതന്നും,
യുവതി വയസ്സനൊടങ്ങിണങ്ങിയില്ലാ:
അവസിതസുമകാലമാം മരത്തെ-
ശ്ശിവ! ശിവ! വണ്ടിനമാശ്രയിപ്പതുണ്ടോ?

---

സുതനു=അഴകുള്ളവൾ. കൃതസുകൃതർ=പുണ്യം ചെയ്യവർ. നീ കോപത്തോടുകൂടിയെങ്കിലും ഒരു കടാക്ഷം എന്നിലയച്ചാൽ ഞാൻ പുണ്യവാന്മാരിൽ മുമ്പനായിത്തീരും.

വാണിജവൃദ്ധൻ=വൃദ്ധവൈശ്യൻ. ഇദ്ധവിത്തൻ=മഹാധനികൻ. സ്മരരുജ=കാമവേദന. ഉരച്ചു=പറഞ്ഞു.

അനുനയവാക്ക=ഇണക്കാനുള്ള വാക്ക്. മരു=മരുഭൂമി.

അവനതമുഖി=മുഖം താഴ്ത്തിയവൾ. അവ......കാലം=പുഷ്പിക്കുന്ന കാലം കഴിഞ്ഞുപോയത്. താരുണ്യകാലം കഴിഞ്ഞ കിഴവനോടുണ്ടോ തരുണി ചേൎന്നിണങ്ങുന്നു എന്നു സാരം.

൬൭ സ്മരപരവശനാ,ശയറ്റു, താപോ-
ത്ഥരനെടുവീൎപ്പുകളിട്ടു,ഴന്നു വൃദ്ധൻ
ചിരമെരിപൊരി കൊൾകെ, മങ്ക പെട്ടു-
ന്നുരസിജഭാരമണച്ചമൎത്തു പൂണ്ടാൾ.

൬൮ പിടമൃഗമിഴിതൻെറ പോൎമുലപ്പൊ-
ങ്കുട,മവിതൎക്കിതമന്നു മാറിലേല്ക്കെ,
ഉടലൊടു സമമുമ്പർനാട്ടുപുക്കാ-
ലടയുമൊരുത്സവമാസ്വദിച്ചു വൈശ്യൻ.

൬൯ അരുവയർമണിയാൾക്കു ഭാവഭേദം
വരുവതിനെന്തിഹ ബന്ധമെന്നു, കാന്തൻ
തെരുതെരെ മണിമച്ചിൽ നീളെ നോക്കീ
പുരുതരകൌതുകവിസ്മയപ്രഹൎഷൻ.

---

താപോ.....ൎപ്പുകൾ=ചൂടേറിയ നിശ്വാസങ്ങൾ. മങ്ക=സ്ത്രീ. ഉരസിജഭാരം=പോൎക്കൊങ്ക.

അവിതൎക്കിതം = വിചാരിയാതിരിക്കെ. ഉടലൊടു......മാസ്വദിച്ചു=ഉടലോടെ സ്വൎഗ്ഗത്തിൽ പോയാലുണ്ടാകാവുന്ന സുഖം അനുഭവിച്ചു.

കാന്തൻ=ഭൎത്താവ്. പുരു......ഹൎഷൻ=വൎദ്ധിച്ച കൌതുകത്തോടും വിസ്മയത്തോടും ഉൾക്കുളിരോടും കൂടിയവൻ.

൨൦ അറയുടെയൊരുമൂക്കിലന്നു, കാറിൻ
നിറമൊടു നീണ്ടുതടിച്ച മെയ്യുമായി,
ചിറ വിധുമുഖിയാൾക്കു ദൎശനത്താൽ
തിറമൊടണച്ചൊരു ചോരനുണ്ടിരിപ്പൂ.

൨൧ നീലാംഭോജാക്ഷി പുൽകുന്നതിനിവനിടയാ-
ക്കീടിനാനെന്ന തോഷ-
ത്താലാച്ചോരന്നു കോടീശ്വരനവനുചിത-
ദ്രവ്യസമ്മാനമേകീ:
കൈലാസോദ്ധാരണത്തിൽ, പ്രണയകുപിതയാം
ഗൌരി പേടിച്ചു പുൽകും
കാലാരിസ്വാമി രാത്രിഞ്ചരവരനു പുരാ
ചന്ദ്രഹാസം കണക്കേ.

---

മെയ്യ് =ശരീരം. വിധുമുഖി=ചന്ദ്രമുഖി. തിറമൊട്=സാമൎത്ഥ്യത്തോടുകൂടി (അനായാസേന എന്നു സാരം). ചോരൻ=കക്കാനായി അകത്തു കേറിയവൻ.

തോഷത്താൽ=സന്തോഷം മൂലം. ഉദ്ധാരണം=പൊക്കിയെടുക്കൽ. പ്രണയകുപിത=പ്രണയകലഹം പൂണ്ടവൾ. ഗൌരി=പാൎവ്വതി. കാലാരിസ്വാമി=ശിവൻ. രാത്രിഞ്ചരവരനു=രാക്ഷസേന്ദ്രനു (രാവണനു). പുരാ=പണ്ട. ചന്ദ്രഹാസം=ചന്ദ്രഹാസമെന്ന വാൾ.

## V

## * പുരാണങ്ങൾ.

(കിളിപ്പാട്ട്.)

ഭാരതവൎഷത്തിലെപ്പൂൎവരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാൎത്തുകണ്ടറിഞ്ഞവർ,
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി-
ത്യാഗൈകദ്രവിണന്മാര;-വർത്തൻവാസങ്ങളോ
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൌഘംകൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്കുടിലുകളത്രേ.

---

* ൧൦൮൨ കൎക്കിടകം ൧൮-ാംനു.

പൂൎവർ=പ്രാചീനർ. പാരി......ഞ്ഞവർ=ലോകോല്പത്തിരഹസ്യം ശരിയായി മനസ്സിലാക്കീയിട്ടുള്ളവർ. യോഗൈകനിരതന്മാർ=പരമാത്മാവുമായുള്ള ചേൎച്ചയിൽ മാത്രം താല്പൎയ്യമുള്ളവർ. ഭോഗനിസ്പൃഹർ=വിഷയസുഖങ്ങളിൽ ആഗ്രഹമില്ലാത്തവർ. പരി......ണന്മാർ=ത്യാഗം മാത്രം ധനമായി കരുതുന്നവർ. ഇത്ര വലരെ മാഹാത്മ്യമുള്ള ആ ദിവ്യപുരുഷന്മാരുടെ വാസം എവിടെയെന്നു പറയുന്നു. ശുഷ്കപത്രൌഘം=ഉണങ്ങിയ ഇലകളുടെ കൂട്ടം. ആഡംബരശൂന്യവും അതീവകേവലവുമായ ജീവിതമെന്നു സാരം.

എങ്കിലുമവയിൽനിന്നിങ്ങു കിട്ടിയ മണി-
ത്തങ്കങ്ങൾ മഹാർഘങ്ങൾ, മറ്റെങ്ങുമലഭ്യങ്ങൾ.

പട്ടമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിയ്ക്കു
ശിഷ്ടരാമവരുടെ ദർഭപ്പുൽവിരിപ്പുകൾ:
തത്വചിന്തോദ്രേകത്താലെങ്ങാനുമധന്യക്ക്
വിസ്തീർണ്ണത്തിരുനെറ്റി വിയർത്താലപ്പോളെല്ലാം,
പ്രേമവിഹ്വലയായ്ത്തൻ പോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്ന വാഗധീശ്വരിതന്റെ
മഞ്ജുകൈത്തണ്ടിൽച്ചിന്നി മിന്നിയ വളകൾതൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാമിന്നും കേൾപ്പൂ;

---

അവയിൽനിന്നു=ആ പാഴ്കുടിലുകളിൽനിന്നു. മണിത്തങ്കങ്ങൾ=പ്രകൃതത്തിൽ വേദശാസ്ത്രപുരാണേതിഹാസാദികൾ. മഹാർഘങ്ങൾ=വിലയേറിയവ. അലഭ്യങ്ങൾ=കിട്ടാത്തവ.

ശിഷ്ടർ=ഉത്തമന്മാർ. ലൌകികമോടിയിൽ ജീവിച്ച ധനവാന്മാരേക്കാൾ കൂടുതലായി ഈ നിർദ്ധനന്മാരിലാണു വാഗ്ദേവി പ്രസാദിച്ചതെന്നു സാരം.

തത്വചിന്തോദ്രേകത്താൽ=തത്വവിചാരാധിക്യത്താൽ. പ്രേമവിഹ്വലയായ്=പ്രേമപരവശയായ്. കോമളം=മൃദുവാകുംവണ്ണം. വാഗധീശ്വരി=സരസ്വതി. മഞ്ജു=മനോഹരം. ശിഞ്ജിതം=കിലുങ്ങുന്ന ശബ്ദം. സരസ്വതീദേവി അത്രമാത്രം അവർക്കധീനയായിരുന്നുവെന്നു സാരം. പുരാണവചനങ്ങളുടെ സുശ്രവത്വവും വ്യഞ്ജിക്കുന്നു.

അമ്മഹാശയന്മാരാം മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം നിൎത്തി വിശ്രമിക്കുമ്പോൾ
നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത
നൎമ്മസല്ലാപങ്ങളേ, നിങ്ങൾക്കു നമസ്കാരം!

ഭാസകാളിദാസാദ്യന്മാരെയും പുലൎത്തിയ
ഭാസുരസാരസ്വതഭണ്ഡാരപ്പുരകളേ,
ദുൎഗ്രഹമാഹാത്മ്യമാമാമ്നായാദ്രിയിൽനിന്നു
നിൎഗ്ഗമിച്ചൊഴുകിയ നിൎമ്മലനദികളേ,

ഉച്ചകൈരുപനിഷദ്ദേവതാക്ഷേത്രങ്ങളേ,
സച്ചതുൎവ്വൎഗ്ഗാഭിഖ്യസസ്യകക്ഷേത്രങ്ങളേ,

---

അനുവേലം=കൂടക്കൂടെ. ബ്രഹ്മനിശ്ചലധ്യാനം=ദൃഢമായ പരബ്രഹ്മധ്യാനം. നൎമ്മസല്ലാപങ്ങൾ=കളിവചനങ്ങൾ. മഹൎഷിമാർ വേദാന്തതത്വചിന്താക്ലേശം തീൎക്കുവാൻവേണ്ടി വിശ്രമിക്കുമ്പോൾ, കവിതാദേവിയുമായി നടത്തിയ കളിയാട്ടങ്ങളാണു പുരാണങ്ങൾ എന്നു ചുരുക്കം. പുരാണനിൎമ്മാണം അവൎക്കു സുഖസാധ്യമായിരുന്നു എന്നു ധ്വനി. ഭാസ.....പുലൎത്തിയ=ഭാസൻ കാളിദാസൻ തുടങ്ങിയ മഹാകവികൾക്കു കാവ്യനിൎമ്മാണത്തിന്നായി വിഷയങ്ങൾ സംഭരിച്ചുകൊടുത്ത. ഭാസുര.....പ്പുരകൾ=ശോഭിക്കുന്നവയായ വാഗ്ദേവിയുടെ ഈട്ടുവെപ്പുകൾ. ദുൎഗ്രഹമാഹാത്മ്യം=ഗ്രഹിക്കുവാൻ പ്രയാസമുള്ള മഹിമയോടുകൂടിയതു. ആമ്നായാദ്രി=വേദമാകുന്ന പൎവ്വതം. നിൎഗ്ഗമിക്ക=പുറപ്പെടുക. പുരാണങ്ങളുടെ ഉത്ഭവം വേദത്തിൽനിന്നാകുന്നു എന്നൎത്ഥം. ഉച്ചകൈ......ത്രങ്ങൾ=ഉന്നതങ്ങളായ ഉപനിഷത്തുകളാകുന്ന ദേവതകളുടെ ക്ഷേത്രങ്ങൾ. ഉപനിഷത്സാരങ്ങൾ അന്തൎഭവിച്ചവ എന്നു ഭാവം. സച്ച..........ത്രങ്ങൾ=ധൎമ്മാൎത്ഥകാമമോക്ഷങ്ങളാകുന്ന സസ്യങ്ങളുടെ വയലുകൾ.

പേർ പെറുമാഴ്‌വാർതൻ വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ, നിങ്ങൾക്കു നമസ്കാരം!

തേനൊലിപ്പഴങ്ങളും, തൂമണം തുളുമ്പുന്ന
സൂനങ്ങൾതോറും തത്തിക്കളിക്കും കുളിർകാറ്റും,
മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചില ദിക്കിൽ;
താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാ മട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചില ദിക്കിൽ;
നക്ഷത്രങ്ങളെച്ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷങ്ങൾ തിങ്ങും ശൈലാരണ്യങ്ങൾ ചില ദിക്കിൽ;
പാറമേൽത്തട്ടിപ്പാറും പളുങ്കിൻമണി ചിന്നി-
ച്ചാരാവമോടേ പായും പുഴകൾ ചില ദിക്കിൽ —
പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാ ഹാ,
സുകൃതിനിഷേവ്യമേ നിങ്ങൾതൻ മഹാരാജ്യം!

---

'തേനൊലി' എന്നു തുടങ്ങി 'മഹാരാജ്യം' എന്നവസാനിക്കുന്ന വാക്യംകൊണ്ടു പുരാണങ്ങളുടെ സുവിശ്രമകരത്വം, നിഗൂഢഭാവത്വം, ഗഹനത, നൈർമ്മല്യം മുതലായവയെ സൂചിപ്പിച്ചിരിക്കുന്നു; അഥവാ, നിങ്ങൾ തൻമഹാരാജ്യം എന്നതിനെ ഭാരതവർഷമെന്നും വ്യാഖ്യാനിക്കാം. ഇന്ത്യയിലെ പ്രകൃതിരാമണീയകം അന്യാദൃശമാണല്ലോ. ചൂഡാരത്നം=ശിരോഭൂഷണമായ രത്നം. വൃക്ഷങ്ങളുടെ അസാമാന്യമായ പൊക്കം സൂചിക്കുന്നു. ആരാവം=ശബ്ദം. സുകൃതിനിഷേവ്യം=സുകൃതികളാൽ സേവിക്കപ്പെടുവാൻ യോഗ്യം.

ദണ്ഡനാധികാരത്താൽ കണ്ണുരുട്ടിയോ സ്നേഹാ-
ഖണ്ഡശക്തിയാൽ കൈക്കു പിടിച്ചു നിറുത്തിയോ,
ഭംഗിയിലനുരാഗാലണച്ചു തഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പു ദുഷ്കൃതത്തിൽനിന്നെന്നെ.

മണ്ണിനെപ്പൊന്നാക്കുന്ന മായതൻ കളിത്തരം
കണ്ണിമയ്ക്കാതെ നോക്കിക്കണ്ടേററം ചിരിയ്ക്കുന്നു;
മത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോത്തി-
ട്ടുത്തലാൽക്കരയുന്നു തൽക്ഷണംതന്നേ നിങ്ങൾ.

നീതിയുമനീതിയും ധമ്മവുമധമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു;

---

ദണ്ഡ......ട്ടിട്ടോ=ശിക്ഷാധികാരം മൂലം ഭയപ്പെടുത്തിയോ. സ്നേഹ......ശക്തിയാൽ=സ്നേഹത്തിൻെറ സമഗ്രശക്തിയാൽ കൈക്കു പിടിച്ചു നിറുത്തിയോ സ്നേഹിതൻെറ നിലയിൽ തടഞ്ഞിട്ടോ. പുരാണങ്ങൾ വേദവിധികൾകൊണ്ടു ശാസിച്ചും മിത്രരീത്യാ ഹിതം ഉൽബോധിപ്പിച്ചും, കാന്തയെപ്പോലെ കാവ്യരസംകൊണ്ടു വശീകരിച്ചും നമ്മെ ദുമ്മാൎഗ്ഗത്തിൽനിന്നു തിരിച്ചു വിടുന്നുവെന്നത്ഥം.

മണ്ണിനെ ....ചിരിക്കുന്നു. നിസ്സാരങ്ങളെ സസാരങ്ങളാക്കിക്കാണിച്ചു വ്യാമോഹിപ്പിക്കുന്ന മായയുടെ പരമാത്ഥസ്ഥിതി വെളിപ്പെടുത്തുന്നു.

മത്ത്യ......നിങ്ങൾ=ഉൽകൃഷ്ടമായ മനുഷ്യജന്മം കാമാദികളിൽ പതിച്ചു പാഴായിപ്പോകുന്നതു കണ്ടു തന്നിവാരണമാൎഗ്ഗം ഉപദേശിക്കുന്നു.

ഭരണംനടത്തുന്നു=ജീവിതയാത്രയെ വേണ്ടതിൻവണ്ണം നിയന്ത്രിയ്ക്കുന്നു.

പൈതലാം ലോകത്തിന്നു വിശ്രമാനന്ദം നൽകാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടും പാടീടുന്നു.

ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡേടുക്കുന്നു;
പൊങ്കിരീടത്തെജ്ജടാജ്ജൂടമായ് മാററീടുന്നു;

സ്വൎഗ്ഗവും തൃണപ്രായം നിങ്ങൾക്കു; ജഗത്തിങ്കൽ
മൃഗ്ഗ്യമായൊന്നേയുള്ളൂ സ്വാതന്ത്ര്യം-സാക്ഷാൽ മോക്ഷം.

---

പൈതലാം......പാടിടുന്നു. ലോകം നിത്യശാന്തിയിലെത്തി പരമാനന്ദമയമാകുവാനുള്ള വഴികൾ കാണിച്ചു കൊടുക്കുന്നു. (ലോകം ഒരു കുട്ടിയെപ്പോലെ ക്ഷണികസുഖങ്ങളിൽ ഭ്രമിച്ചുഴലുകയാണു ചെയ്യുന്നതു്)

ചെങ്കോലു......മാററിടുന്നു=ലൌകികമായ ഔന്നത്യം ദൂരെ ത്യജിച്ചു ആദ്ധ്യാത്മികമായ ശ്രേയസ്സിനുവേണ്ടി പ്രയത്നിക്കുവാൻ ഉപദേശിക്കുന്നു.

സ്വൎഗ്ഗം=ചെയ്തിട്ടുള്ള പുണ്യകൎമ്മങ്ങളുടെ ഫലം തീരുന്നതുവരെ സുഖിക്കുവാനുള്ള സ്ഥലം. (യഥാൎത്ഥമുമുക്ഷുവിനു സ്വൎഗ്ഗത്തിലാശയുണ്ടാകുന്നതല്ല). മൃഗ്ഗ്യം=അന്വേഷിക്കത്തക്കതു്. സ്വാതന്ത്ര്യം=മായാബന്ധ(കൎമ്മബന്ധ)ത്തിൽനിന്നു വിട്ടിട്ടുള്ള അവസ്ഥ. അതുതന്നെ സാക്ഷാൽ മോക്ഷം. ഒരു മനുഷ്യന്റെ പരമാദൎശമായ ഈ മുക്തിക്കുള്ള മാൎഗ്ഗമാണു പുരാണങ്ങളിൽ പ്രധാനമായി പ്രതിപാദിക്കുന്നതു്.

**പൂതമോംകാരം പോലേ ത്ര്യക്ഷരാത്മകമാമീ**
**സ്വാതന്ത്ര്യം സാധിപ്പാനായ്ക്കരണത്രിതയത്താൽ**
**സാദരംപ്രയത്നിപ്പിൻ, സാഫല്യപ്പെടുത്തുവിൻ,**
**സോദരന്മാരേ, നിങ്ങൾ സാരമാം നരജന്മം!**

പൂതം=പരിശുദ്ധം. ഓംകാരം=അ(വിഷ്ണു) ഉ (ശിവൻ) മ് (ബ്രഹ്മാവ്) എന്നു ത്രിമൂർത്തികളേയും സൂചിപ്പിച്ച പരബ്രഹ്മവാചകമായി പറയുന്ന 'ഓം' എന്ന പ്രണവധ്വനി. ത്ര്യക്ഷരാത്മകം=മൂന്നക്ഷരങ്ങളുള്ളത്. കരണത്രിതയത്താൽ=മനസാ, വാചാ, കർമ്മണാ (അതിപ്രയത്നംചെയ്ത് ആ പരമപദം പ്രാപിച്ച ജന്മോദ്ദേശം നിറവേറുകയെന്നു സാരം)

VI

# * ഒരുൾനാട്ടിലെ വേനൽക്കാലം.

---

൧. ഗരിഷ്ഠമാം ശാശ്വതകാലചക്ര-
ത്തിരിപ്പിനൊപ്പം തിരിയുന്ന നമ്മൾ
ശരിക്കതിൻ ചുട്ടെരിയുന്നിടം പു-
ക്കിരിക്കയാ- ണിപ്പൊഴനല്പസാദം.

൨. ചിന്താശതത്താലിഹ മിക്കവാറും
സന്താപമുള്ളിൽപ്പെരുകും മനുഷ്യൻ
ഹന്താധുനാ വേനലിനാൽ പുറത്തും
വൻതാപഭാരത്തെ വഹിക്കയാമീ:

---

* ൧൦൮൮ എടവം ൧൯-ാം൹

ഗരിഷ്ഠം=മഹത്ത്. ശാശ്വതം=നിത്യം. അനല്പസാദം=വളരെ വാട്ടത്തോടുകൂടുംവണ്ണം. കാലചക്രഗതിയനുസരിച്ച്, വർഷവും മഞ്ഞും കഴിഞ്ഞു ഇപ്പോൾ നാം വേനൽക്കാലത്തിലെത്തിയിരിക്കുന്നുവെന്നർത്ഥം.

ചിന്താശതം=നിരവധി വിചാരങ്ങൾ. സന്താപം=ചൂട്, ദുഃഖം. ഹന്ത=കഷ്ടം! അധുനാ=ഇപ്പോൾ. വൻതാപം=വലിയ ചൂട്, ദുഃഖം.

൩. ഹിതാനുകൂലം ധനദൻ ഭരിയ്ക്കു-
ന്നതായ ദിക്കിൽപ്പെരുമാറൽമൂലം
നിതാന്തമേറ്റും വസുവാൽ പ്രചണ്ഡ-
പ്രതാപനായീ ജലജാതബന്ധു!!

൪. അലംഘനീയാതപതാപഭാരാ-
കുലങ്ങളായ്ത്തീൎന്ന കുളങ്ങൾതോറും
ജലം തുലോം ദുർല്ലഭമായിതുള്ള
ജലത്തെയോ ചണ്ടികൾ തീണ്ടിതാനും!

൫. വററുന്നു വല്ലാതെ ജലാശയങ്ങൾ;
ചുററുന്നു ചൂടാലിഹ ജീവജാലം:

---

ഹിതാനുകൂലം=ഇഷ്ടാനുസാരേണ. ധനദൻ...ദിക്കു=വടക്കേ ദിക്കു. (സൂൎയ്യന്റെ ഉത്തരായനസഞ്ചാരം) നിതാന്തം=ഏററവും(ധാരാളമായി.) വസു=രശ്മി; ധനമെന്നും. പ്രചണ്ഡപ്രതാപൻ=കഠിനമായ ചൂടുള്ളവനെന്നും പ്രതാപമുള്ളവനെന്നും ശ്ലേഷം. ജലജാതബന്ധു=സൂൎയ്യൻ. ജലക്കുട്ടത്തിന്റെ ചങ്ങാതി എന്നും. സൂൎയ്യൻ കുബേരദേശമായ ഉത്തരദിക്കിൽ സഞ്ചരിച്ചു വളരെ രശ്മിയാകുന്ന ധനം കൈക്കലാക്കി വച്ചിയ പ്രതാപിയായിത്തീൎന്നിരിക്കുന്നു.

അലം......ലങ്ങൾ=തടുക്കാൻ പാടില്ലാത്ത വെയിലിന്റെ പെരുംചൂടുകൊണ്ടു കുഴങ്ങിയവ (വെള്ളം വററിയ). ചണ്ടികൾ തീണ്ടി=പായലുകൊണ്ടു നിറഞ്ഞു; തെമ്മാടികൾ കലക്കി മറിച്ചുവെന്നും.

ജലാശയങ്ങൾ=കുളം മുതലായവ. ചുററുന്നു=കഷ്ടപ്പെടുന്നു.

മററും മഹാജീവനവിപ്ലവത്തിൽ-
പ്പററും പരീതാപമതുല്യമല്ലാ.

൩. ഉയൎന്ന താപാൽ ക്ഷിതി, സൂൎയ്യരശ്മി-
ചയത്തിനൂഷ്മാവു ചുരുക്കവാനോ,
വിയത്തിലേക്കും, വികളാക്കി മേന്മേ-
ലയച്ചു, പാഴിൽച്ചിലവാക്കി വെള്ളം!

൪. ജലത്തിനോതുന്നമൃതാഹ്വയത്തിൻ
വിലപ്പെട്ടന്നൌചിതിയെത്തികച്ചും,
ജ്വലൽകഠോരാതപതാപമേററു
വലഞ്ഞു നാട്ടാരറിയുന്നിതിപ്പോൾ.

---

മഹാജീവനവിപ്ലവം=വമ്പിച്ച ജീവനാശം; ജീവനത്തിന്നു ജലമെന്നും ഉപജീവനമെന്നും അൎത്ഥം. പരീതാപം=ചൂട്, ദുഃഖം. അതുല്യം=തുല്യമില്ലാത്തത്.

താപാൽ=സന്താപം ഹേതുവായിട്ടു. ക്ഷിതി=ഭൂമി. ചയം=കൂട്ടം. ഊഷ്മാവ്=ചൂട്. വിയത്ത്=ആകാശം. സൂൎയ്യരശ്മിയുടെ ചൂടു കുറക്കുവാനോ എന്നു തോന്നുംവണ്ണം, ഭൂമി വെള്ളമെല്ലാം ആവിയാക്കി ആകാശത്തിലയച്ചു വെറുതെ ചെലവാക്കി; വെയിലിന്നു ചൂടു വീണ്ടും വീണ്ടും ഏറുകയാണു ചെയ്യുന്നത്.

അമൃതാഹ്വയം=അമൃത് എന്നുള്ള പേര്. ഔചിതി=ഔചിത്യം. ജ്വലൽ.....താപം=കത്തിക്കാളുന്ന കഠിനമായ വെയിലിന്റെ ചൂട്. ദൌൎല്ലഭ്യം മൂലം സാക്ഷാൽ അമൃതിനു തുല്യം വിലയുള്ളതായിത്തീൎന്ന വെള്ളത്തിൻ അമൃതമെന്നുള്ള പേർ അന്വൎത്ഥംതന്നെ എന്നു, ഇപ്പോൾ തികച്ചും ബോധം വന്നു.

൮. ‘തൃണ’ങ്ങളായ് നാം കരുതുന്നവസ്തു-
മണഞ്ഞു, നാട്ടിൽപ്പെരുതായ പഞ്ചം;
ഗുണം തൊടാത്താക്കുകവിപ്രബന്ധം
കണക്കു, ലോകം·പരിശുഷ്കമായി.

൯. വൈലാളൽ മൂലം പകൽനേരമാന്ന
മാലാററി രക്ഷിച്ച നിശക്കപായം,
കാലാനുരോധാലണയുമ്പൊഴാർത്ത്യാ-
കോലാഹലം പക്ഷികൾ കൈവളപ്പൂ.

൧൦. “രാവന്തരിച്ചു; സുഖമെന്തു മേലിൽ?
പാവങ്ങൾ നാമിന്നി മരിക്ക നല്ലൂ”
ഏവം നിനച്ചോ, തരുവിന്റെ കൊമ്പ-
ത്താവൽക്കുലം വന്നിഹ തൂങ്ങിടുന്നു!

൧൧. കാലാഗ്നിഭാസ്സാം പകൽ വന്നടുക്കേ,
മാലാന്ന മന്നിൽ നെടുവീർപ്പുപോലെ

---

ഗുണം......പ്രബന്ധം=നിർഗ്ഗുണമായ ദുഷ്കവികളുടെ കാവ്യം. ലോകം ആകപ്പാടെ ഉണങ്ങി വരണ്ടുപോയി.

കാലാനുരോധാൽ=കാലഗതിയനുസരിച്ചു. മാലാററി=ദുഃഖം(ചൂടു)തീർത്ത്. നിശ=രാത്രി. അപായം=നാശം. ആർത്ത്യാ=സങ്കടം മൂലം. ചൂടിൽനിന്നു തങ്ങളെ രക്ഷിച്ച രാത്രി മറയുന്നതുകൊണ്ടുള്ള ദുഃഖംകൊണ്ടാണു പ്രഭാതത്തിൽ പക്ഷികൾ കരയുന്നതെന്നു കവി ഉൽപ്രേക്ഷിക്കുന്നു.

ഏവം=എന്നിങ്ങിനെ. തരു=വൃക്ഷം. കുലം=കൂട്ടം. ഇവിടേയും മേൽ കാണിച്ചപോലെ, ഉൽപ്രേക്ഷ. ആവലിനെ ചിലർ വാവൽ എന്നു പറയുന്നു.

കാലാഗ്നിഭാസ്സ്=പ്രളയാഗ്നിയ്ക്കൊപ്പം ഉജ്ജ്വലിക്കുന്നത്.

ചേലായി വീശുന്നിതു, പാതിരിപ്പൂ-
മാലാമണം ചേരുമുഷസ്സമീരൻ.

൧൨. നെഞ്ചം കുളിക്കെപ്പുലർവേളയിങ്കൽ-
പ്പുഞ്ചയ്ക്കു തേവുന്നവർ പാടിടുമ്പോൾ,
ചഞ്ചൽ'ഘടീയന്ത്ര'ഘനപ്രണാദം
തഞ്ചം പെടും 'ശങ്കിടി'യായിടുന്നു.

൧൩. രാവിൻകലാശത്തിൽ മുറയ്ക്കുറക്കം
കൈവിട്ടെഴുന്നേല്ക്കുമിളങ്കിടാങ്ങൾ
മാവിൻചുവട്ടിൽ ദ്രുതമോടിയെത്തി-
യാവിർമ്മുദാ മാങ്ങ പെറുക്കിടുന്നു.

൧൪. വർണ്ണാഢ്യരേഖാങ്കിതപൃഷ്ഠനാകു-
മണ്ണാൻ രസാലോപരി മത്തടിക്കേ,
എണ്ണാവതല്ലാസ്പൃഹ തേടുമോമൽ-
ക്കണ്ണാലിതാ, ബാലകർ നോക്കിനില്പൂ.

---

ഉഷസ്സമീരൻ=പുലർകാലക്കാററ്.

ചഞ്ചത്ത്=ഇളകുന്നത. ഘടീയന്ത്രം=ഏത്തം. (തുലാം) ഘനപ്രണാദം=കനത്ത, ശബ്ദം. ശങ്കിടി=ഏററുപാടൽ.

ആവിർമ്മുദാ=സന്തോഷത്തോടുകൂടി.

വർണ്ണാ......പൃഷ്ഠൻ=പുറത്തു, നല്ല നിറമുള്ള ഉത്തമ വരകളുള്ളവൻ. രസാലോപരി=തേന്മാവിൻമുകളിൽ. എണ്ണാ......സ്പൃഹ=അമിതമായ കൊതി.

൫൫. നീരാവമായ്ക്കാക്കകൾ, മാമ്പഴങ്ങ-
ളാരാഞ്ഞു, മാവിൻമുകളിൽച്ചിലേടം,
സൂരാംശുപാളീപരിസൂദിതാന്ധ-
കാരാവശേഷപ്പടി തത്തിടുന്നു.

൫൬. ഉന്നിദ്രഭാനുദ്യുതിയാൽത്തിളങ്ങി-
നിന്നത്ര, മന്നിൻമണിമാലപോലെ,
കൊന്നദ്രുമപ്പൂക്കുല കണ്ണുകൾക്കു
സന്നദ്ധമാക്കുന്നു സമുത്സവത്തെ.

൫൭. ശ്രീ വിങ്ങുമാകാരമിയന്നാ കൊന്ന-
പ്പൂവിൻെറ നിർഗ്ഗന്ധതയെന്ന ദോഷം
ഹാ! വിസ്മരിക്കുന്നു ജനങ്ങൾ മുററും:
ഭൂവിൽഗ്ഗുണം തന്നെ 'പുറമ്പകിട്ടും'.

൫൮. ധാമാധിപൻ വ്യോമനി വന്നുദിച്ചു
യാമാർദ്ധനേരം കഴിയുമ്പൊഴെയ്ക്കും

---

നീരാവമായ്=നിശ്ശബ്ദമായ്. സൂരാംശു......പ്പടി=സൂര്യ്യരശ്മിയാൽ നശിപ്പിക്കപ്പെട്ട ഇരുട്ടിൻെറ അവശിഷ്ടങ്ങളെന്നവിധം. ഉൽപ്രേക്ഷ.

ഉന്ന.....ദ്യുതി=വർദ്ധിച്ച സൂര്യ്യകാന്തി. കൊന്നദ്രുമം=കൊന്നവൃക്ഷം. സന്നദ്ധമാക്കുക=തെയ്യാറാക്കുക. കണ്ണുകളെ ആനന്ദിപ്പിക്കുന്നു എന്നു സാരം.

ശ്രീ=ശോഭ. ആകാരം=ആകൃതി. നിർഗ്ഗന്ധത=വാസനയില്ലായ്മ. വിസ്മരിക്കുന്നു=മറക്കുന്നു. ലോകത്തിൽ പുറംപകിട്ടുകൊണ്ടും കുറെയൊക്കെ മെച്ചം നേടാം!

ധാമാധിപൻ=സൂര്യ്യൻ. വ്യോമനി=ആകാശത്ത്. യാമാർദ്ധനേരം=മൂന്നേമുക്കാൽ നാഴിക.

ഭീമാഭിതാപം തരുമാതപം ഹാ!
സാമാന്യമല്ലാതെരിയുന്നിതെങ്ങും.

൧൯. കീലാലദുർഭിക്ഷമിയിന്നിടുന്നീ-
ക്കാലാന്തരത്തിൽ, കഠിനാതപത്താൽ
നാലാനനാണ്ഡപ്പുര തീപ്പിടിച്ച
പോലായ് നിരീക്ഷിച്ചുഴലുന്നു ലോകം.

൨൦. ഉച്ചണ്ഡമാമാതപമുജ്ജ്വലിക്കു-
മുച്ചക്കിതാ, വാടിയ മെയ്യുമായി,
വിച്ചക്കു തെണ്ടുന്നവർ കൈ തലക്കും
വെച്ചദ്ധ്വവൃക്ഷത്തണലിൽശ്ശയിപ്പൂ.

൨൧. വൈലത്തു മൈതാനനിലങ്ങൾ മേല്ലു-
മേലത്രയും കത്തിയെരിഞ്ഞിടുന്നു:
കാലത്തു പൊട്ടിപ്പിളരുന്നൊരഗ്നി-
ശൈലത്തിനൊക്കും കടകങ്ങൾ പോലെ.

---

ഭീമാഭിതാപം=ഘോരമായ ചൂട്. ആതപം=വെയിൽ.

കീലാലദുർഭിക്ഷം=ജലദാരിദ്ര്യം. നാലാനനാണ്ഡപ്പുര=ബ്രഹ്മാണ്ഡമാകുന്ന പുര. നിരീക്ഷിച്ചു=കണ്ടു. പുരക്കു തീ പിടിച്ചിരിക്കുന്നു; കെടുക്കാൻ വെള്ളമില്ലതാനും.

ഉച്ചണ്ഡം=കഠോരം. അദ്ധ്വവൃക്ഷം=വഴിയരികിലുള്ളവൃക്ഷം.

അഗ്നിശൈലം=അഗ്നിപർവ്വതം. കടകങ്ങൾ=നടുപ്രദേശങ്ങൾ.

൨൨. ദേഹം തപിച്ചാകെ വിയൎത്തൊലിച്ചു,
ഹാ ഹന്ത! നാനാവഴിപോക്കരിപ്പോൾ
ദാഹം കെടുക്കുന്നതിനെത്തിടുന്നു,
വൈഹസ്ത്യമോടേ വഴിയമ്പലത്തിൽ.

൨൩. ഉടൽക്കു പററും വിധമുള്ള സാപ്പാ-
ടുടൻ കഴിച്ചാളുകളുച്ചനേരം
കടന്നുകൂടുന്നു കുറെത്തണുപ്പു-
ള്ളിടങ്ങളിൽ, ത്തെല്ലു തളൎച്ച തീൎപ്പാൻ.

൨൪. ഹാ! പാരെരിക്കും തപനാംശുതീവ്ര-
വ്യാപാരമവ്യാഹതമായ് മുതിൎന്നു;
സ്വാപാപദേശാൽച്ചിലർ കണ്ണടച്ചു,
താപാദിതാലസ്യമിതാ, സഹിപ്പൂ.

൨൫. വൈലിന്റെ ചൂടൊന്നു നിലച്ചു, വീണ്ടും
ജോലിക്കൊരുമ്പെട്ടു കൃഷീവലന്മാർ
ചാലിട്ടതിൽത്തേവിവിടുന്നവെള്ള-
ത്താലിഞ്ഞു തോട്ടങ്ങൾ നനച്ചിടുന്നു.

---

തപിച്ചു്=ചൂടുപിടിച്ചു്. വൈഹസ്ത്യം=വ്യാകുലത.

തപ......വ്യാപാരം=സൂൎയ്യരശ്മിയുടെ കഠിനപ്രവൃത്തി. അവ്യാഹതം=തടവെന്യേ. സ്വാപാപദേശാൽ=ഉറക്കമെന്ന വ്യാജേന. ആപാദിതാലസ്യം=ആലസ്യത്തോടുകൂടെ.

കൃഷീവലന്മാർ=കൃഷിക്കാർ.

൨൬. നീരാഹരിപ്പാനിഹ തേക്കുകാള
പാരാതെ പിന്നോട്ടു നടന്നിടുന്നു;
ആരാകിലും, ജീവനലാഭയത്നം
നേരായ മുന്നോട്ടുഗതിയ്ക്കു വിഘ്നം.

൨൭. വിടർന്ന മല്ലീമലരിൻ മണത്തെ-
പ്പുടത്തുമന്ദിക്കുളിർകാററടിയ്ക്കേ
തുടർന്നു കേൾക്കായിവരുന്നു, തെങ്ങിൻ
മടല്ക്കുമേൽ മർമ്മരമഞ്ജുനാദം.

൨൮. ഘോരാംശു തൂകിബ്ബഡവാഗ്നി പോലെ
പാരാകവേ പാരമെരിച്ച സൂര്യൻ
വാരാശിയിൽച്ചെന്നു പതിച്ചിടുമ്പോ-
ളാരാ, ശപിസ്സാതിതുകാലമുള്ളൂ?

൨൯. നില്പാതിളന്തെന്നലുലച്ച പച്ച-
നെല്പാലെ, പുഞ്ചക്കൃഷിയുള്ള പാടം
ഉല്ലാസമാശിച്ചവരെ,സ്സമീപേ
ചെല്ലാനിതാ, മാടിവിളിച്ചിടുന്നു.

---

നീരാഹരിപ്പാൻ= വെള്ളമെടുക്കാൻ. ജീവനലാഭയത്നം= കാലയാപനശ്രമം; വെള്ളത്തിനുവേണ്ടിയുള്ള ശ്രമമെന്നും. വിഘ്നം=തടസ്ഥം. ദിവസവൃത്തിക്കു ശ്രമപ്പെട്ടേ കഴിയൂ എങ്കിൽ ആരായാലും (എത്ര മിടുക്കനായാലും) പുരോഗതിക്കു പ്രയാസംതന്നെ.

മല്ലീമലർ=മുല്ലപ്പൂവ്. മർമ്മരമഞ്ജുനാദം=ഇലകൾ കാററിലിളകുമ്പോൾ ഉണ്ടാകുന്ന മനോഹരശബ്ദം.

ഘോരാംശു=കഠോരരശ്മി. ബഡവാഗ്നി=സമുദ്രാന്തഃസ്ഥിതമായ അഗ്നി. വാരാശി=സമുദ്രം. നെല്ലിൻതലകളുടെ ചലനത്തെ മാടിവിളിക്കലായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

൩൦. കററക്കരിങ്കുഴലിമാരഴകിൽക്കുളിച്ചി-
ട്ടു,ററം ചുരുണ്ട കുഴൽ പിന്നിലഴിച്ചു ചിന്നി,
കുററം വരാതരിയ പൂക്കളെരൂത്തിടുന്നൂ
മുററത്തെ മുല്ലകളിൽനിന്നു, നിശാഗമത്തിൽ.

൩൧. ഏവം നിദാഘദിനമന്ത്യദശാന്തരത്തിൽ-
ബ്ഭസ്മം പകന്നു, നിജതീക്ഷ്ണതയൊക്കെനീക്കി,
കൈവന്ന ശാന്തനിലകൊണ്ടുലകിന്നു ഹഷ്-
ശ്രീവഷ്മെന്ന സുകൃതം ബത! നേടിടുന്നു.

---

കുഴൽ=തലമുടി. നിശാഗമം=രാത്രിയുടെ വരവ്.

നിദാഘദിനം=വേനൽക്കാലത്തെപ്പകൽ. അന്ത്യദശാന്തരം=അവസാനഘട്ടം—സായാഹ്നം. നിജതീക്ഷ്ണത=തന്റെ ചൂട്. ഉലക്=ലോകം. ഹഷശ്രീവഷം=സന്തോഷസമ്പത്തിനെ വഷിക്കുക. സുകൃതം=പുണ്യം. ക്രൂരനും അവസാനഘട്ടത്തിൽ (മരണകാലത്ത്) ശമവും സുകൃതശ്രദ്ധയും സംഭവിക്കുന്നു.

# VII

## ഷഷ്ടിപൂൎത്തിമംഗളം.*

(വഞ്ചിപ്പാട്ട.)

കോമളമായ്ക്കോളിളകിസ്തുമ പൂണ്ടു പുതുതായൊ-
രോമൽപ്പുഴയിതാ, ശരിയ്ക്കൊഴുകീടുന്നു:
സാമാന്യജലമല്ലിതെന്തീ മഹാനദിയിൽക്കാണ്മു,
കാമധേനുവിനെപ്പേൎത്തും കറന്ന പാലോ?

ആ മഹേന്ദ്രാരാമത്തിന്റെ ശ്രീമജ്ജയസ്തംഭങ്ങളാം
മാമരങ്ങളുടെ മലൎത്തുമരന്ദമോ?
വിണ്ണവൎ മുനി ശാപബന്ധം മാറാൻ പണിപ്പെട്ട-
ന്നണ്ണവത്തിൽനിന്നെടുത്തൊരൌഷധം താനോ?

---

* ൧൦൯൩ ചിങ്ങം ൧൧-ാംനു-

ഷഷ്ടിപൂൎത്തിമഹോത്സവംമൂലം പ്രജകൾക്കുണ്ടായ ആനന്ദത്തെ ഒരു പുഴയായി സങ്കല്പിച്ചു വൎണ്ണിക്കുന്നു.

സ്തുമ=സ്വച്ഛത. സാമാന്യജലം=സാധാരണ വെള്ളം. മഹേന്ദ്രാരാമം=നന്ദനോദ്യാനം. മലൎത്തുമരന്ദം=പൂംതേൻ.

വിണ്ണവർ=ദേവന്മാർ. മുനിശാപബന്ധം=ദുൎവ്വാസസ്സുമുനിയുടെ ശാപംമൂലമുണ്ടായ സങ്കടം. അണ്ണ......ഷധം=അമൃത്. (മുനിശാപവും പാലാഴിമഥനവും മററും പുരാണപ്രസിദ്ധം.)

അല്ലിത്താരാം ശരമേന്തുമമ്മയുടെ വളർപ്പള്ളി-
വില്ലിന്നുടെ വിസ്തൃതാരംവിശുദ്ധമിതോ?
ഹാ, മററൊന്നല്ലിതു: വഞ്ചിഭൂമഹാലക്ഷ്മിയ്ക്കു ദിവ്യ-
ത്താമരപ്പൂവായ പൊന്നുതമ്പുരാനുടെ
മംഗളജന്മർക്ഷമാകും മത്തിൻകുന്നിൽനിന്നുറന്ന
തുംഗപരാനന്ദാമൃതഗംഗ താനത്രേ;
ജാതിമതഭേദമില്ലാതേതവരുമിതിൽ സ്നാനം
ചെയ്കിലിതാ, കൈവരുത്തുന്നു ജന്മസാഫല്യം;
നീരാടിയ ദിക്കുകളും പാരം നിർമ്മലാംഗികളായ്-
ച്ചാരുതരവെള്ളവസ്ത്രം ചാർത്തി നില്ക്കുന്നു!
ഓടം കളിയ്ക്കാം നമുക്കിങ്ങോ,ടി വരികോ,രോ പാട്ടു
പാടുവിനെൻ കൂട്ടുകാരേ, പാടവത്തോടേ;
താളമൂന്നിപ്പിടിയ്ക്കുവിൻ, നീളെശ്രുതിയൊപ്പിയ്ക്കുവി-
നോ,ളം മുറിച്ചോട്ടം നല്ലോരോടി വെയ്ക്കുവിൻ !

ഇഷ്ടാപൂർത്താനുഷ്ഠാനവിശിഷ്ടനായി, പ്രജകൾത-
ന്നിഷ്ടമോർത്തു വേണ്ടും നയമിയറ്റുവോനായ്,

---

അല്ലി......അമ്മ=ത്രിപുരസുന്ദരി. വളപ്പള്ളിവില്ല്=വലിയ പള്ളിവില്ല (കരിമ്പു) വിസ്തൃതാരം=വ്യാപ്തം.

താമരപ്പൂവാണു ലക്ഷ്മീദേവിയുടെ ഇരിപ്പിടം. ജന്മർക്ഷം=ജനനക്ഷത്രം. തുംഗം=ഉന്നതം. (ഉൽകൃഷ്ടം).

കന്നിമാസത്തിലെ (ശരദൃതുവിലെ) വെണ്മയെ ദിക്കുകളുടെ (സ്ത്രീത്വം വ്യഞ്ജിക്കുന്നു) വെള്ളവസ്ത്രമാക്കിയിരിക്കുന്നു.

ഓടം=വള്ളം. പാടവം=നൈപുണ്യം.

ഇഷ്ടാ......ശിഷ്ടൻ=ഇഷ്ടാപൂർത്തങ്ങൾ (യജ്ഞം വാപീകൂപാദിനിർമ്മാണം മുതലായവ) അനുഷ്ഠിച്ചുപോരുന്നവൻ.

അഷ്ടമൂർത്തിസമൈശ്വര്യനാകും തിരുമേനിയുടെ
ഷഷ്ടിപൂർത്തിത്തിരുനാളേ, വിജയിച്ചാലും!

വഞ്ചിഭൂമിദേവിയുടെയഞ്ചിതഭാഗ്യസമ്പത്തേ,
പുഞ്ചിരിക്കൊണ്ടാരംഭിയ്ക്കു പുണ്യനൃത്തങ്ങൾ!

'ശ്രീവാഴുംകോട്'തന്നെയിന്നീവഞ്ചിനാടൌ, ഭാഗ്യത്തി-
ന്നാവാസമാമരചന്റെയനുഭാവത്താൽ.

'ഓണംകേറാമൂല'യിലുമോരോരോ മട്ടായിട്ടിതാ,
കാണാകുന്നു കമലതൻ കളിയാട്ടങ്ങൾ.

ഇന്നു വെള്ളിനാണ്യമെല്ലാമിന്നാട്ടുകാർക്കിത്തിൾപോലേ!
പൊന്നാണയങ്ങളോ കൊന്നപ്പൂവിലും താഴേ!
ശ്രീലനീത്തമ്പുരാൻ ഭൂലോകാലങ്കാരമായ മുതൽ
മൂലം നമുക്കോണം! കന്നിമാസം വസന്തം!

---

അഷ്ടമൂർത്തി=ശിവൻ.

ശ്രീവാഴുംകോട്=ഐശ്വര്യംവാഴുന്ന സ്ഥലം. ആവാസം=പാർപ്പിടം. അനുഭാവം മഹിമ.

കമല=ലക്ഷ്മി.

ഇത്തിൾ=കക്ക. ഉത്സവം കൊണ്ടാടാൻ പണം വാരി വിതറുന്നു എന്നു സാരം. ശ്രീലൻ=ശ്രീയോടുകൂടിയവൻ. മൂലം=മൂലനക്ഷത്രം. ഓണത്തിന്നു തിരുവോണനക്ഷത്രമെന്നും സന്തോഷകാലമെന്നും അർത്ഥം.

ഭാരതനഭസ്സിന്നൊരു ഭാസമാനനക്ഷത്രമേ,
ഭാൎഗ്ഗവീയക്ഷേത്രത്തിന്നു ഭദ്രധ്വജമേ,

വേണാട്ടിന്നോ കണ്ണുകൊണ്ടു കാണാവുന്നൊരീശ്വരനേ,
പ്രാണിദയാനൎത്തകിക്കു പട്ടുപന്തലേ,

സഞ്ജനിതാദരം താൻ താൻ സത്യധൎമ്മമാകും മണി-
പഞ്ജരംപുക്കരുളുന്ന പൈങ്കിളിപ്പൂമ്പെണ്ണേ,

പന്നഗാധീശ്വരതല്പപാദഭക്തിക്കുളിർകായൽ-
തന്നിൽത്തത്തിക്കളിക്കുന്ന പൊന്നുമത്സ്യമേ,

ത്യാഗയശഃപുണ്ഡരീകപൂഗങ്ങൾക്കു തടാകമേ,
യോഗക്ഷേമസസ്യങ്ങൾക്കു കാലവൎഷമേ,

ഏകമനസ്കരാം നാനാലോകർതൻ ശുഭാശംസക-
ളാകും സരിത്തുകൾക്കെല്ലാമലകടലേ,

---

ഭാരതനഭസ്സ്=ഇൻഡ്യയാകുന്ന ആകാശം. ഭാസമാനം=ശോഭിക്കുന്നയ്. ഭാൎഗ്ഗവീയക്ഷേത്രം=കേരളം. ഭദ്രധ്വജം=കൊടിമരം. വേണാട്=തിരുവിതാംകൂർ. പ്രാണി.....പന്തൽ=ജീവകാരുണ്യം കളിയാടുന്നസ്ഥലം. പഞ്ജരം=കൂട്. പൈങ്കിളിപൂമ്പെണ്ണ്=നല്ലപൈങ്കിളി. പന്ന... ..ഭക്തി=വിഷ്ണുഭക്തി. പുണ്ഡരീകം=വെൺതാമരപ്പൂവ്. പൂഗം=സമൂഹം. തടാകം=കുളം. ഏകമനസ്കർ=ഒരേ വിചാരത്തോടുകൂടിയവർ. സരിത്തുകൾ=നദികൾ.

ഹന്ത! മിഴിയിണയ്ക്കാഭ ചിന്നും പ്രഭാതമേ, ഞങ്ങൾ-
ക്കന്തഃകരണത്തിന്നൊരു ശാന്തിഗുണമേ,
ചിന്തനയ്ക്കു സൽക്കാവ്യമേ, സന്തതാരോഗ്യമോടൊത്തു
നിന്തിരുവടിയ്ക്കായുസ്സു നീളട്ടേ മേന്മേൽ!

---

ആഭ=ശോഭ. ചിന്തനക്കു സൽക്കാവ്യമേ എന്ന സംബുദ്ധികൊണ്ടു്. മഹാരാജഗുണങ്ങൾ ആലോചിക്കുംതോറും രമ്യരമ്യങ്ങളെന്നു ധ്വനിക്കുന്നു. സന്തതാരോഗ്യം=അവിച്ഛിന്നമായ അരോഗത.

# VIII

## * ഉണ്ണാനില്ല ഉടുപ്പാനില്ല.

---

### I

കാലത്തു മേയാഞ്ഞതുകൊണ്ടു മാരിയേ-
റോലപ്പുരംതോൽ പെരുത്തുൾവലിഞ്ഞതഹോ,
സാലസ്യമായ്പ്പട്ടിണി പെട്ടതിൽക്കുഴ-
ക്കോലസ്ഥിപേർത്തുന്തിയ ഗേഹമൊന്നിതാ!
പാരം ദ്രവിക്കും പഴയോലകൾക്കെഴും
ദ്വാരത്തിലൂടേ വെയിലാപതിക്കയാൽ,
സ്വൈരം നിലത്തിങ്കു ലസിപ്പതുണ്ടതി-
ക്രൂരങ്ങൾ ദാരിദ്ര്യപിശാചദൃഷ്ടികൾ.

---

* ൧൦൮൭ കർക്കിടകം ൨൯-ാംനു

കാലത്തു=വേണ്ടസമയത്തു. മാരി=മഴ. സാലസ്യമായ്=ക്ഷീണിച്ചു. ഗൃഹം, പട്ടിണിപെട്ടു, എല്ലും തൊലിയുമായിത്തീൎന്ന ഒരു ജീവിയായി കല്പിക്കപ്പെട്ടിരിക്കുന്നു.

ആപതിക്കയാൽ=വീഴുകയാൽ (പ്രവേശിക്കുകയാൽ). ലസിക്കുന്നു=പ്രകാശിക്കുന്നു. ദാരി........ഷ്ടികൾ=ദാരിദ്ര്യമാകുന്ന പിശാചിന്റെ കണ്ണുകൾ.

കട്ടം വിടാതേ മഴയേററു ചോരന്നൊലി-
ച്ചിട്ടുള്ള പാടല്ലിതു ശുഭ്രഭിത്തിമേൽ;
കട്ടുക്കൾ പാഴാക്കിന 'ചേട്ട' കെട്ടഴി-
ച്ചിട്ടുള്ള ചെങ്കുന്തളമായിരിക്കണം!

അല്ലാക്കിലു,ന്തസ്സിലിരുന്ന തൻനില-
യെല്ലാമിതിന്മട്ടിടിവേററതോർക്കയാൽ
വല്ലാതെ നൊന്തീപ്പുരതൻെറ കണ്ണിൽനി-
ന്നുല്ലാഘവം ചോരയൊലിച്ചതായ്‌വരാം!!

സ്വീയദ്വിപാർശ്വങ്ങളിലീയുരൽപ്പുറ-
പ്രായങ്ങൾ മാററാലകൾ പററി നില്ക്കയാൽ,
ശ്രീയററതാമുമ്മറവാതിൽ കാൺക, കാ-
രീയപ്പുതുഃത്താടകളിട്ട പോലെയായ്.

ആരാണു നോക്കുന്നതിൻററകുററ?മി-
പ്പേരാണ്ടു വീടിന്നുടമസ്ഥയായവൾ
നേരായി വീർപ്പൊന്നിടുവാനുമബ്ബലം
ചേരാതെ, യഞ്ചാംപുരയിൽത്തനിച്ചിതാ!

---

ശുഭ്രഭിത്തി=വെള്ളച്ചുമർ. ചേട്ട=ജ്യേഷ്ഠ. [അലക്ഷ്മി]......ചെ
ങ്കുന്തളം=ചെമ്പിച്ച തലമുടി.

നൊന്ത്=വേദനപ്പെട്ട്. ഉല്ലാഘവം=എളുപ്പത്തിൽ [വേഗ
ത്തിൽ].

സ്വീയദ്വിപാർശ്വങ്ങൾ=തൻെറ രണ്ടു വശങ്ങൾ. ഉരൽ......യ
ങ്ങൾ=വട്ടത്തിലുള്ളവ. ശ്രീയററ=അശ്രീ ബാധിച്ച.

അഞ്ചാംപുര=അടുക്കളപ്പുര.

ദാരിദ്ര്യകൢപ്താനശനവ്രതാലുടൽ-
ത്താരിൽച്ചൂടപ്പേറിടുമിത്തപസ്വിനി
പൂരിച്ച വാട്ടത്തൊടടുപ്പിനന്തികേ
നേരിട്ടിരുന്നഗ്നിസപര്യ ചെയ്കയോ?

കീറിപ്പൊളിഞ്ഞുള്ളൊരുടുപ്പിലും, വിള-
പ്പേറി ക്ലമപ്പെട്ട മുഖാംബുജത്തിലും,
മാറിന്നകം വേവുമിവൾക്കിതാ, നിറം-
മാറിക്കിടപ്പുണ്ടു കുലീനതാഗുണം.

മുപ്പത്തിയെട്ടിൽപ്പുറമായ്‌വരാ വയ-
സ്സിപ്പക്ഷ്മളാക്ഷിയ്ക്കു തികഞ്ഞ യൌവനം
ഉൽപക്ഷദുർഭിക്ഷനിപീതശേഷമായ്-
സ്സൽപല്ലവാംഗേ വിലസുന്നിതിപ്പൊഴും.

---

ദാരി.....വ്രതാൽ=ദാരിദ്ര്യനിർമ്മിതമായ [ദാരിദ്ര്യം മൂലമുണ്ടായ] പട്ടിണിവ്രതം. തപസ്വിനി=പാവപ്പെട്ടവൾ. പൂരിച്ച=നിറഞ്ഞ. അന്തികേ=സമീപത്ത്. അഗ്നിസപര്യ=അഗ്നിപൂജ തപസ്വിനി[താപസി]കൾക്കു യോജിച്ചതാണല്ലോ, അഗ്നിപൂജ.

ക്ലമപ്പെട്ട=വാടിയ. മാറിന്നകം=മനസ്സ്. കുലീനതാഗുണം=തറവാടിത്തം.

പക്ഷ്മളാക്ഷി=സുന്ദരി. ഉൽപക്ഷ.....ശേഷം=വമിച്ച ദാരിദ്ര്യം കുടിച്ചതിന്റെ ബാക്കി. ദാരിദ്ര്യത്തിനു ഭൃംഗത്വവും യൌവനത്തിനു മകരന്ദത്വവും വ്യഞ്ജിക്കുന്നു. സൽപല്ലവാംഗേ=നല്ല തളിരു പോലുള്ള ദേഹത്തിൽ.

തൈലവ്യയത്താൽ ചകിരിക്കു തുല്യമാം
കോലത്തൊടിക്കാണ്മൊരു കേശപാശമോ,
നാലഞ്ചു മാസത്തിനു മുമ്പുകൂടിയും
നീലത്തഴയ്ക്കൊത്തു ലസിച്ചിരുന്നതാം.

മാലിന്നിതേ സംഗതി: കാലവൈശസ-
ത്താലിങ്ങെഴും സ്വത്തുകൾ ചിററു തിന്നുപോയ്;
മേലിൽപ്പൊറുപ്പാൻവഴിയോർത്തു കാന്തനോ
കൂലിപ്പണിയ്ക്കായ് മറുനാടു പൂകിനാൻ.

സ്നേഹം തഴയ്ക്കും പതിയൊത്തുദാരമാം
ഗേഹത്തിനേകേശ്വരിയായ്സ്സുഖിച്ചവൾ,
ഹാഹന്ത പൈദാഹവശാൽത്തളർന്നു തൻ-
ദേഹം മറപ്പാൻ തുണിപോലുമെന്നിയേ,

ശോകത്തിലും ലജ്ജയിലും നിലീനയായ്
വേകട്ടെയെന്നാണു വിധിപ്രകല്പിതം!!
ലോകപ്രഭോ, കാഞ്ചനകേതകത്തിലും
നീ കർക്കശം മുള്ളു പതിപ്പതെന്തിനോ?

---

തൈലവ്യയത്താൽ=എണ്ണ തേയ്ക്കാത്തതുമൂലം. കോലം=ആകൃതി. കേശപാശം=തലമുടി.

കാലവൈശസം=കാലദോഷം. കാന്തൻ=ഭർത്താവ്.

ഉദാരം=ഉയർന്ന സ്ഥിതിയിലുള്ളത്.

ശോകം=ദുഃഖം. നിലീന=ലയിച്ചവൾ. [മുഴുകിയവൾ.] ലോകപ്രഭു=ഈശ്വരൻ. കാഞ്ചനകേതകം=പൊൻകൈതപ്പൂവ്. കർക്കശം=കടുപ്പമുള്ള.

ആയിഷ്ടവാക്കാം വലയസ്വനത്തോടേ
പായിട്ടിരുത്തിപ്പലപേൎക്കു ഭക്ഷണം
ഭൂയിഷ്ഠമായ് നൽകിയ കയ്യിതൊന്നു വ-
ററായിട്ടു നാളെത്ര കഴിഞ്ഞു കഷ്ടമേ!

ഒരു പിടിയരിയിന്നവൾക്കുദഞ്ചൽ
കരുണമൊരാളയൽവീട്ടിൽനിന്നു നൽകീ,
ഒരുവിധമതുകൊണ്ടു കഞ്ഞിവെപ്പാൻ
കരുതിയടുക്കള പുക്കതാണിദാനീം.

II

അതാ, യുവാവായൊരുദാരരൂപ-
ന,താത്തു ശങ്കിച്ചതു പോലെ ചുററും
തതാഭമാം ദൃഷ്ടി പതിച്ചുകൊണ്ടീ-
പ്രതാന്തമാകും ഭവനത്തിലെത്തീ.

‘ഇല്ലാ, വഴിത്തെററു നമുക്കു വന്നി-
ട്ടില്ലാ ദൃഢം, വീടിതുതന്നെ പക്ഷേ
വല്ലാത്തതാം മാററമിതെന്തു പററീ-
ചൊല്ലാൻ മൽബന്ധുജനത്തിനാവോ?’

---

വലയസ്വനത്തെ [വളകൾ കിലുങ്ങുന്ന ശബ്ദത്തെ] ഇഷ്ടവാക്കായി [‘ലോഗ്യം’പറയലായി] കല്പിച്ചിരിക്കുന്നു. ഭൂയിഷ്ഠം=ധാരാളം.

ഉദഞ്ചൽകരുണം=ഉയരുന്ന ദയയോടുകൂടുംവണ്ണം.

ഉദാരരൂപൻ=കാഴ്ചയിൽ അന്തസ്സുള്ളവൻ. തതാഭം=ശോഭയേറിയത്. പ്രതാന്തം=തുലോം ക്ഷീണിച്ചത്. [ദാരിദ്ര്യപീഡിതം എന്നു സാരം.]

എന്നായ് നിനച്ചൊട്ടിട പൂമുഖത്തു
നിന്നാനവൻ തെല്ലു പരുങ്ങലോടേ;
മുൻനാളിലെപ്പോലതിഥിയ്കടുക്കൽ
വന്നാരുമഭ്യർച്ചന ചെയ്തതില്ല.

മേലാകവേ 'ചെള്ളി'ളകി,ക്കിതപ്പിൽ
സ്ഥൂലാസ്ഥിപാർശ്വങ്ങളുയർന്നുതാണും,
കോലായിലേ,താണ്ടു നമസ്കരിച്ച
പോലായ്ക്കിടപ്പുണ്ടൊരു സാരമേയം.

അന്നായ, മുൻകാലിണ നീട്ടിവെച്ചു
നന്നായതിൽച്ചായ്ച്ച ശിരസ്സുയർത്തി,
വന്നാളെ വാർദ്ധക്യവിവർണ്ണദൃക്കാ-
ലൊന്നാകുലം നോക്കുക മാത്രമുണ്ടായ്!

പിൽപ്പാടു താൻതന്നെയകത്തു പൂക്കാ-
നൽപ്പാന്ഥനങ്ങിങ്ങു നടന്നിടുമ്പോൾ,
തൽപാദവിന്യാസസമുത്ഥസ്വനത്താ-
ലുൽപാദിതോദ്വേഗമെണീറ്റു തന്വി.

---

അഭ്യർച്ചന=സല്ക്കാരം.

സ്ഥൂലാസ്ഥിപാർശ്വങ്ങൾ=തടിച്ച എല്ലുകളോടുകൂടിയ വാരിഭാഗങ്ങൾ. സാരമേയം=നായ.

വാ......ദൃക്കാൽ=വാർദ്ധക്യംമൂലം നിറംകെട്ട [മങ്ങിയ] കണ്ണുകൊണ്ടു. ആകുലം=അവശമാംവണ്ണം.

തൽപ്പാ......സ്വനം=അയാൾ കാൽവെയ്ക്കുന്നതിന്റെ ചെറുശബ്ദം. ഉൽപ്പാ......ദ്വേഗം:— ഉണ്ടാക്കപ്പെട്ട നെഞ്ചിടിപ്പോടുകൂടി.

ഇളംമൃണാളിക്കൊത്തിരാം ഭുജത്താൽ
വിളർത്ത മാർത്തട്ടു മറച്ചുമന്ദം,
തളർന്ന കാൽവെപ്പോടുടൻ വടക്കേ-
ത്തളത്തിൽ വന്നൊന്നവളെത്തിനോക്കി.

ചട്ടറ്റ തൻദാരസവിത്രിയെക്ക-
ണ്ടിട്ടങ്ങറിഞ്ഞീല കുമാരനാദ്യം:
പട്ടന്നു, പാളത്തൊലിയിന്ന!-വൾക്കു
മട്ടുത്രയം മാറിമറിഞ്ഞുവല്ലോ.

ക്ഷാമാംഗിയാകട്ടെ,യൊരൊറ്റനോക്കിൽ
ശ്രീമാനിതാരെന്നു ശരിക്കറിഞ്ഞു;
ആ മാത്രയിൽത്താനവൾതൻ വപുസ്സിൽ
സ്സാമാന്യമല്ലാതൊരു മിന്നൽ പാഞ്ഞു!

ഉടൻ,യുവാവന്ധത പൂണ്ടു നില്ക്കെ-
പ്പിടഞ്ഞുകൊണ്ടുൾക്കിലൊരോട്ടമോടി,
വടക്കിനിക്കെട്ടിലെ മച്ചിനുള്ളിൽ-
ക്കടന്നതിൻവാതിലടച്ചുകൊണ്ടാൾ.

---

മൃണാളി=താമരവളയം.

ചട്ടറ്റ=കുറവില്ലാത്ത (നല്ലവളായ.) ദാരസവിത്രി=ഭാര്യയുടെ അമ്മ. കുമാരൻ=ചെറുപ്പക്കാരൻ.

ക്ഷാമാംഗി=കൃശാംഗി. വപുസ്സ്=ശരീരം.

അന്ധത=പകപ്പ്.

ഈ വന്നവൻ ഗേഹിനി, നിന്റെ ജാമാ-
താവല്ലയോ ദൂരതരാധ്വഖിന്നൻ?
നീ വല്ലതും സ്വാഗതവാക്യമോതാ-
തീവണ്ണമെന്തോടിയൊളിച്ചതയ്യോ!
അല്ലായ്കിലാം,ണാമൊരുവന്റെ മുമ്പിൽ-
ച്ചെല്ലാനിവൾക്കെങ്ങിനെ കാലുനീങ്ങും?
നല്ലാർകളും കാണുകവശ്യയല്ലോ,
മല്ലാക്ഷിയാൾതന്നുടലത്ര നഗ്നം!
ഫുല്ലാക്ഷനാപ്പൂരുഷനമ്പരപ്പു
തെല്ലാറിയപ്പോളനുമാനയുക്ത്യാ,
വല്ലായ്മ തൻശ്വശ്രുവിനിന്നതെന്നോ-
ട്ടെല്ലാം ഗ്രഹിച്ചാശു പുറത്തിറങ്ങീ.
"രണ്ടാണ്ടിടയ്ക്കീഗ്ഗിരിയിത്രമാത്രം
കുണ്ടാകിൽമൺതിട്ടുകളെന്തു പിന്നെ?
തണ്ടാരിലമ്മയ്ക്കുമടുപ്പമുണ്ടാ-
മുണ്ടാവുകില്ലത്ര നിറഞ്ഞു പഞ്ഞം!

---

ഗേഹിനി=ഗൃഹിണി. ദൂര.....ഖിന്നൻ=അതിദൂരത്തുനിന്നു വരികയാൽ ക്ഷീണിച്ചവൻ. ഈ പദം വിശേഷിച്ചും സല്ക്കാരാർഹതയെ ദ്യോതിപ്പിക്കുന്നു.

നല്ലാർകളും=സ്ത്രീകളും. മല്ലാക്ഷി=താമരക്കണ്ണാൾ.

ഫുല്ലാക്ഷൻ=അത്ഭുതത്താൽ വികസിച്ചകണ്ണുകളോടുകൂടിയവൻ. അനുമാനയുക്ത്യാ=ഊഹംകൊണ്ട്. ശ്വശ്രു=ഭാർയ്യയുടെ അമ്മ. ആശു=വേഗത്തിൽ.

ഗിരി=പർവ്വതം. വളരെ സ്വത്തുണ്ടായിരുന്ന ഈ ഭവനം ഇത്ര ക്ഷണം അധഃപതിച്ചപ്പോൾ 'ഇടത്തരം' വീടുകളുടെ സ്ഥിതിയെന്തായിരിക്കുമെന്നു സാരം. തണ്ടാരിലമ്മ=ലക്ഷ്മീദേവി.

പോരിൻെറ പീരങ്കി വമിച്ച ധൂമം
പൂരിച്ച യൂറോപ്പിലെ വാനിനേക്കാൾ
പാരിച്ചിരുട്ടാണ്ടിതു ഭാരതാഭ്രം
ദാരിദ്ര്യതപ്തശ്വസിതോൽഗമത്താൽ!!"

തുടർന്നൊരേതാദൃശചിന്തയോടേ
നടന്നു പണ്യത്തെരുവിങ്കലെത്തി,
ഉടൻ കുറെച്ചേലകൾ വാങ്ങി മന്നൻ
മടങ്ങിവന്നു ശ്വശുരാലയത്തിൽ.

ജാമാതൃസത്തമ, വധൂജനനിയ്ക്കുടപ്പാൻ
പ്രേമാർദ്രനങ്ങിവിടെ വാങ്ങിയ കോടിവസ്ത്രം
ആ മാനിനിയ്ക്കു ചരമാവരണത്തിനാവാം!
ഹാ, മാറി രംഗ; മറവാതിൽ തുറന്നുനോക്കൂ!

---

പോര് = ഇയ്യിടെക്കഴിഞ്ഞ 'ലോകമഹായുദ്ധം.' വമിച്ച = പുറപ്പെട്ട. ധൂമം = പുക. വാന് = ആകാശം. ഭാരതാഭ്രം = ഭാരതവർഷത്തിലെ ആകാശം. ദാരി......മത്താൽ = ദാരിദ്ര്യംകൊണ്ടു തപിച്ചവരുടെ നെടുവീർപ്പിനാൽ.

ഏതാദൃശചിന്ത = ഇമ്മാതിരി വിചാരം. പണ്യത്തെരുവ് = അങ്ങാടി. ചേലകൾ = വസ്ത്രങ്ങൾ. ആലയം = വീട്.

ജാമാതൃസത്തമ = ഏററവും നല്ലവനായ ജാമാതാവേ. വധൂജനനി = ഭാര്യയുടെ അമ്മ. മാനിനി = അഭിമാനമുള്ള. ചരമാവരണം = ഒടുക്കത്തെ ആച്ഛാദനം. [ശവംമൂടൽ] രംഗം മാറി = അവസ്ഥ തുലോം വ്യത്യാസപ്പെട്ടിരിക്കുന്നു. [അവൾ മൃതിയടഞ്ഞിരിക്കുന്നു.]

ദാരിദ്ര്യമില്ല, രുജയില്ല, ജനങ്ങൾ തമ്മിൽ-
പ്പോരിട്ടുനീളെ വിഷവായു പൊഴിക്കലില്ല;
ഭൂരിപ്രശാന്തഗുണമിങ്ങിനെയുള്ളൊരേടം
ചാരിത്രശാലിനിയണഞ്ഞുകഴിഞ്ഞു താൻതാൻ!!!

രുജ=രോഗം [ദുഃഖം.] ചാരിത്രശാലിനി=പതിവ്രത.

## XI

## ഒരുറക്കുപാട്ട്

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻ കുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെന്റെ തങ്കം—
നാളെപ്പുലർകാലത്തുന്മേഷമിന്നേത്തെ-
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ.

എല്ലാർക്കും നിദ്രതന്നങ്കത്തിൽ വിശ്രമി-
ച്ചുല്ലാസം കോലുവാൻ കാലമായി;
വെള്ളിച്ചാറൊത്തു വിളങ്ങും നിലാവിതാ
വെള്ളക്കിടക്കു വിരിച്ചു നീളെ.

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻ കുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ന്റെതങ്കം—

മാന്തളിർ തിന്നു മദിച്ചൊരിളങ്കുയിൽ
പൂന്തേൻകുഴമ്പാൽ നിൻകർണ്ണയുഗ്മം
പാടേ നിറപ്പാനായ്, തൻഗളനാളത്താ-
ലോടക്കുഴലിടയ്ക്കൂതീടുന്നു.

---

൧൦൮൪ കുംഭം ൨൪-ാംനു-

അങ്കം=മടി.

കർണ്ണയുഗ്മം=രണ്ടു ചെവി. ഗളനാളം=കണ്ഠനാളം. വേണുനാദംപോലെ കോകിലഗാനം കേൾക്കപ്പെടുന്നു.

എൻകുഞ്ഞുറങ്ങിക്കൊൾകെ, ൻ കുഞ്ഞുറങ്ങിക്കൊൾ –
കെ, ൻകുഞ്ഞുറങ്ങിക്കൊൾകെ, ന്റെ തങ്കം —

സ്വച്ഛസമീരനെന്നോമനക്കുട്ടന്റെ
നൽച്ചെങ്കുരുന്നൊളിമെയ് തലോടാൻ,
പിച്ചകമല്ലപ്പൂന്തൊങ്ങൽ ചലിപ്പിച്ചു
പിച്ചനടന്നിതാ, വന്നിടുന്നു.

എൻകുഞ്ഞുറങ്ങിക്കൊൾകെ, ൻകുഞ്ഞുറങ്ങിക്കൊൾ –
കെൻകുഞ്ഞുറങ്ങിക്കൊൾകെ, ന്റെ തങ്കം —

ഈ മുഗ്ദ്ധത്തെന്നലേററങ്ങിങ്ങു ചിന്നിയ
കാർമുകിൽക്കുന്തളമൊന്നൊതുക്കി,
കൌമുദീകോമളപ്പുഞ്ചിരി തഞ്ചും നിൻ-
ത്തുമുഖത്തമ്മയൊരുമ്മവെയ്ക്കാം!

എൻകുഞ്ഞുറങ്ങിക്കൊൾകെ, ൻകുഞ്ഞുറങ്ങിക്കൊൾ –
കെൻ, ൻകുഞ്ഞുറങ്ങിക്കൊൾകെ, ന്റെ തങ്കം —

ആമ്പൽപ്പൂപോലുള്ള നിൻമിഴിയൊട്ടൊട്ടു
കൂമ്പുന്നതിൻഭംഗി കാണുവാനോ,
സാമ്പ്രതം നോക്കിനില്ക്കുന്നു നഭസ്സിങ്ക
ലാ,മ്പൽ വിടർത്തുന്നൊരമ്പിളി താൻ!

---

സ്വച്ഛസമീരൻ=ശുദ്ധവായു. ചലിപ്പിച്ചു=ഇളക്കി [ഉലച്ചു.]
മുഗ്ദ്ധത്തെന്നൽ=ഇളംകാററ്. കുന്തളം=തലമുടി.

കൌമുദി=നിലാവ്. സാമ്പ്രതം=ഇപ്പോൾ. ആമ്പൽ വിടർത്തുന്നവനായ ചന്ദ്രൻ, അതു കൂമ്പുന്നതു കണ്ടിട്ടുണ്ടാകില്ലല്ലോ.

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ന്റെ തങ്കം—

എന്മകനച്ഛസ്ത്രീക്കോലായിലെന്നപോ-
ലം,ബരവീഥിയിലന്തിസ്സ്വൈരം,
കേളിയിൽ വാരിയുള്ളതൊരുപൈതലോ
ചോളത്തിൻ തൂമലർവാരിച്ചിന്നീ.

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻ കുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ന്റെതങ്കം—

ശ്യാമയാം ദേവിതന്നോമൽക്കിടാവിതാ,
ശ്യാമളപ്പൂമെയ്യനങ്ങിടാതെ,
അച്ഛനാം യാമിനീനാഥന്റെ മാർത്തട്ടിൽ
സ്വച്ഛന്ദം പററിക്കിടന്നിടുന്നു.

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ന്റെ തങ്കം—

വീണ്ടുമുണന്നേല്ക്കുമ്പോഴെന്റെൻപുത്രനെ-
പ്പൂണ്ടുലാളിപ്പാനായ്സ്സുപ്രഭാതം
കാന്തി തഴച്ചൊരു ചെമ്പൊന്നിൻപമ്പര-
മേന്തിക്കിഴക്കുനിന്നെത്തുമല്ലോ.

---

അംബരവീഥി=ആകാശമാർഗ്ഗം. കേളി=കളി. ചോളത്തിൻതൂമലർ=പ്രകൃതത്തിൽ നക്ഷത്രം.

ശ്യാമ=രാത്രി ശ്യാമളം=കറുത്ത. യാമിനീനാഥൻ=ചന്ദ്രൻ. സ്വച്ഛന്ദം=സൈ്വരമായവണ്ണം. ചന്ദ്രനിലെ കളങ്കം രാത്രിയുടെ കിടാവായികല്പിക്കപ്പെട്ടിരിക്കുന്നു.

ചെമ്പൊന്നിൻപമ്പരം=പ്രകൃതത്തിൽ=ബാലസൂർയ്യബിംബം.

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ൻറ തങ്കം—

സ്വൈരംതൻപൈതലാം ലോകത്തെയൊക്കയു-
മോരോരോ നിശ്ശബ്ദഗീതം പാടി
ഹാ; തക്ക നേരത്തുറക്കിയുണർത്തുന്നു.
മാതാവെൻബാലനെപ്പാലിക്കട്ടേ.

എൻകുഞ്ഞുറങ്ങിക്കൊൾകെ,ൻകുഞ്ഞുറങ്ങിക്കൊൾ-
കെ,ൻകുഞ്ഞുറങ്ങിക്കൊൾകെ,ൻറ തങ്കം—
നാളെപ്പുലർകാലത്തുന്മേഷമിന്നേത്തെ-
ക്കാളുമിണങ്ങിയുണർന്നെണീപ്പാൻ.

---

ഗീതം=പാട്ട്. മാതാവ്=പ്രകൃതിദേവി

## X

# പട്ടിൽപൊതിഞ്ഞ തീക്കൊള്ളി.

---

ചട്ടററ കൎക്കടകമാസി കറുത്ത വാവാ-
ണൊ;ട്ടല്ല രാത്രിയുടെ തീവ്രഭയങ്കരത്വം;
‘വെട്ടം’പ്രദേശമിതു, തന്നുടെ പേരു പാഴാം
മട്ട,ത്ര കൂരിരുളിലാണ്ടു കിടന്നിടുന്നു. ൧

വാരാണ്ടിടും പരിഖ പോലെയിതിൻ പടിഞ്ഞാ-
‘റാരാൽ കിടക്കമറബിക്കടൽ’തന്നിരമ്പം
സ്ഫാരാട്ടഹാസരവതുല്യമുയൎന്നിടുന്നു;
ഘോരാഭ,മി പ്രകൃതിതൻ കരിതേച്ച വേഷം! ൨

തോരക്കുമില്ല പഴതെന്ന നിലക്കിരുട്ടു
പാരത്രയും പടുകരിമ്പടമിട്ടു മൂടി;

---

* ൧൦൯൧ കന്നി ൨-ാംനു

ചട്ടററ=കറവില്ലാത്ത [ദീൎഘമായ] തീവ്രം=കഠിനം വെട്ടം=ഒരു നാടിൻെറ പേർ. വെളിച്ചമെന്നും.

പരിഖ=കിടങ്ങ്. ആരാൽ=സമീപത്ത്. സ്ഫാരം=വൎദ്ധിച്ച. രവം=ശബ്ദം. ഘോരാഭം=കണ്ടാൽ പേടിയാകുന്നത്. ‘കരിവേഷം’ അലറുകയും മററും ചെയ്യുമല്ലോ.

വാരഞ്ഞുമീമറ തുലോമുപയുക്തമാകാം
ക്രൂരക്ക്, തൻകുടിലവൃത്തികളാചരിപ്പാൻ. ൩

ആകാശമണ്ഡലമഖണ്ഡഘനാവകീർണ്ണം;
പാകാതെയില്ലിരുളിളാവലയത്തിലെങ്ങും;
ആകാ തിരിച്ചറിയുവാനൊരു വസ്തു കണ്ണി-
ന്നേ-;കാഭ,മിന്നുലകൊരുക്കനിരിമ്പുഗോളം. ൪

നീലപ്പുതപ്പുടയ വാനിലതാതിടത്തായ്
നാലഞ്ചു താരകകൾ മങ്ങി മയങ്ങി നിൽപ്പൂ
ആ ലക്ഷ്മിതൻ മിഴികളിൽപ്പതിയാത്ത വേശ്മ-
ജാലത്തിലെച്ചെറുവിളക്കുകളെന്നപോലെ. ൫

മന്നായ മന്നഖിലമാശു വശീകരിച്ച
സന്നാഹിരാവിനി,രുളാകുമുടുപ്പുതന്മേൽ
പൊന്നാൽച്ചമച്ച 'പുകൾമുദ്രക'ളെന്നപോലെ,
മിന്നാമിനുങ്ങുകളതാതിടമുജ്ജ്വലിപ്പൂ. ൬

നാമിങ്ങു നില്ക്കേ,യിനി വല്ലയിടത്തുമുണ്ടോ
ഭൂമിക്കിരുട്ടുകുറവെന്നറിയുന്നതിന്നോ,

---

കുടിലവൃത്തികൾ=കള്ളത്തരങ്ങൾ.

അവ......കീർണ്ണം=ഇടതിങ്ങിയ മേഘങ്ങളാൽ വ്യാപ്തം. ഇളാവലയം=ഭൂമണ്ഡലം. ഏകാഭം=ഒന്നായിച്ചമഞ്ഞതു്.

താരകൾ=നക്ഷത്രങ്ങൾ. ലക്ഷ്മി......ജാലം=പണം പിടിച്ച വീടുകൾ.

മിന്നാമിനുങ്ങുകൾ ഇരുട്ടാകുന്ന ഉടുപ്പിന്മേൽ പതിച്ച കീർത്തിമുദ്രകളാണെന്നു ഉൽപ്രേക്ഷ.

വ്യാമിശ്രവാരിദകദംബമിടയ്ക്കിടയ്ക്കു
തൂമിന്നലാം മിഴി തുറന്നിഹ നോക്കിടുന്നു. ൭

ചെന്തിയ്യു വീണഖിലമൊന്നു കരിഞ്ഞ കാടിൻ
പന്തിയ്ക്കു കാണുമസിതാംബരമണ്ഡലത്തിൽ
പൊന്തിത്തുഴയ്ക്കുമിടിയൊച്ചയിടയ്ക്കു കേൾപ്പൂ:
ദന്തിപ്രമാഥിയുടെ ഗൎജ്ജിതമെന്നപോലെ. ൮

നേരം നിശീഥമൊടടുത്തു തുടങ്ങി;-യിത്ര
നേരത്തെ മട്ടു മഴ പെയ്യുവതില്ലിദാനീം:
നീരന്ധ്രമേഘനിര തെല്ലിട വിശ്രമിപ്പാൻ
പാരം തിടുക്കമൊടൊരുങ്ങുകയോ നഭസ്സിൽ. ൯

രാവത്ര രാക്ഷസത പൂണ്ടതു കണ്ടു ഭീതി
കൈവന്നപോലെ, സുദൃഢ സ്വപനച്ഛലത്താൽ
ജീവങ്ങൾ മുറ്റുമിഹ കണ്ണുമടച്ചു വാഴ്കെ:-
യാവൽക്കുലം, ഹഹ! പറന്നു കളിച്ചിടുന്നു. ൧൦

'വെട്ടം നുവക്കു്' പരദേവതയായ്, പ്രശസ്തി
നട്ടജ്ജഗജ്ജനനി മേവിന കോവിൽതാനും,

---

വ്യാമി......ദംബം=കൂടിക്കലൎന്ന മേഘക്കൂട്ടം.
അഖിലം=മുഴുവൻ. അതി.....ണ്ഡലം=കറുത്തിരുണ്ട ആകാശം. ദന്തിപ്രമാഥി=സിംഹം. ഗൎജ്ജിതം=അലൎച്ച.
നിശീഥം=അൎദ്ധരാത്രി. നീരന്ധ്രം=ഇടതൂൎന്നത.
ഭീതി=ഭയം. സുദൃ.....ലത്താൽ=ഗാഢനിദ്രാവ്യാജേന. ജീവങ്ങൾ=പ്രാണികൾ.
പ്രശസ്തി=കേൾവി. ജഗജ്ജനനി=ലോകമാതാവ്. കവാ

തിട്ടും, കവാടനയനങ്ങളടച്ചു,നകം
വിട്ടു,ത്രയും നിഭൃതമായ്സ്സുഖനിദ്രകൊൾവൂ. ൧൧

തിക്കും നിലസ്ഥിലകളൊത്തു പടൎന്നുപന്തൽ-
ക്കൊക്കുന്ന കൊമ്പുകൾ ചുഴന്ന വടദ്രുമങ്ങൾ
തൃക്കുന്നിൽമാതിന്റെ കോവിലതിൻ നടക്കൽ
നില്ക്കുന്നു, കൂരിരുളിനങ്ങതിപുഷ്ടികൂട്ടി. ൧൨

ക്ഷേത്രത്തിനിത്തിരി വടക്കുവശം,ദിവാന്ധ-
ഗോത്രത്തിലുള്ള ചിലർ മൂളുവതുണ്ടു കാട്ടിൽ:
മാത്രസ്ഥചേൎന്നതിമിരാഞ്ജനസംപ്രയോഗാൽ
നേത്രംതെളിഞ്ഞി,രവു കണ്ടു രസിച്ചപോലെ. ൧൩

ആ രാത്രിതൻകൊടുമയും, ഘനമാമിരുട്ടു,-
മോരാതൊരാളി,രുളിനൊക്കമുടപ്പമായി,
ധീരാനുരൂപഗതി, തെക്കുവശത്തുനിന്നാ
നാരായണീനിലയമുഖ്യനടക്കലെത്തി. ൧൪

---

ടനയനങ്ങൾ=വാതിലുകളാകുന്ന കണ്ണുകൾ. നിഭൃതം=നിശ്ചലം.
വടദ്രുമങ്ങൾ=പേരാൽമരങ്ങൾ, തൃക്കുന്നിൽമാത്=ശ്രീപാൎവ്വതി.

ദിവാന്ധ......ചിലർ=ചില മൂങ്ങകൾ. തിമി......യോഗാൽ=ഇരുട്ടാകുന്ന അഞ്ജനത്തിന്റെ പ്രയോഗം മൂലം. അഞ്ജനമെഴുതിയാൽ കൺകാഴ്ച തെളിയുമല്ലോ.

ധീരാനുരൂപഗതി=ധീരന്മാൎക്കുചേൎന്ന നടത്തത്തോടുകൂടിയവൻ
നാരായണീനിലയം=ഭഗവതീക്ഷേത്രം

തുച്ഛൻ പുമാനൊരുവനല്ലിതു;-വൻെറഗാത്രം
സ്വച്ഛപ്രഭം,സമവിഭക്തസുലക്ഷണാംഗം,
സ്വച്ഛന്ദരാത്രിചരണോചിതമാമുടുപ്പാൽ
പ്രച്ഛന്നമാകിലു,മതിൻ മഹിമാവുകാട്ടീ. ൬൭

ശ്രേയസ്കരാകൃതിയവൻ; നിയതം വയസ്സാ-
സ്വായത്തയൌവനനു നാല്പതിലേറെയായി;
കായം തദീയമനഘം, സുഖവൃത്തികൾക്കാ-
പ്രായത്തിൽ മററുമുളവാം തടി മൂണ്ടിരുന്നു. ൬൮

വ്യായാമദാർഢ്യമൊടു നീണ്ടു നിവന്നതായെ,-
ന്നായാസമോടുമെതിർനില്ക്കുവതായ മെയ്യും,
ആയാമിയാം മണികവാടമിടഞ്ഞ നെഞ്ചു,-
മായാളെയൊരൊത്ത ഭടനെന്നു വിളിച്ചുചൊല്ലീ. ൬൯

---

തുച്ഛൻ=നിസ്സാരൻ. ഗാത്രം=ശരീരം. സ്വച്ഛപ്രഭം=നല്ല ശോഭയോടുകൂടിയതു്. സമ......ണാംഗം=ഒത്ത വലുപ്പം വ്യക്തി, നല്ല ലക്ഷണങ്ങൾ എന്നിവ ചേർന്ന അവയവങ്ങളോടുകൂടിയതു്. സ്വച്ഛ......ചിതം=സ്വൈരമായ രാത്രിസഞ്ചാരത്തിന്നു പററിയതു്. പ്രച്ഛന്നം=മറയ്ക്കപ്പെട്ടതു.

ശ്രേയസ്കരാകൃതി=മംഗളകരമായ ആകൃതിയോടുകൂടിയവൻ. നിയതം=തീർച്ചയായും. സ്വായത്തം=സ്വാധീനം. തദീയംകായം=അവൻെറ ശരീരം. സുഖവൃത്തികൾ=സുഖസ്ഥിതിയിലിരിക്കുന്നവർ.

വ്യായാമദാർഢ്യം=വ്യായാമത്താലുള്ള ദൃഢത (കെല്പു്) ആയാസം=ക്ലേശം. ആയാമി=വിശാലം. കവാടം=വാതിൽ.

എന്നാൽ, വളർപ്പുരികമൊത്ത,ളികം പരന്നു,-
മന്നാസനീണ്ടു,മൊരു ഗൌരവമാൎന്ന വക്ത്രം,
എന്നാളുമാജ്ഞകളെ മൂളുവതല്ല, ചൊല്ലു-
ന്നൊന്നൊന്നാണ!തെന്നു ഹൃദി തോന്നിടുമാറു,മിന്നീ. ൧൮

വൻപന്നു തക്കൊരു തുണയ്ക്കു, പിടിയ്ക്കു താഴേ
പൊൻപറഞ്ഞിട്ടു വടിയുണ്ടു വലത്തുകയ്യിൽ,
സംപന്നശില്പഗുണമാമതിനുള്ളു, വാളാം
വൻപന്നഗം മരുവിടും മടയായിരുന്നു. ൧൯

സുക്ഷത്രിയാഭനവനാ, വടിവാളിടത്തെ-
ക്കക്ഷത്തിൽ വെച്ചു, കരതാമരസങ്ങൾ കൂപ്പി,
ത്ര്യക്ഷന്റെ മങ്കയുടെ മുമ്പിൽ മുഹൂൎത്തനേര-
മക്ഷയ്യഭക്തിയൊടു വീൎപ്പുമടക്കി നിന്നാൻ. ൨൦

---

എന്നാൽ, കേവലം ഒരു ഭടനാണെന്നു കരുതിക്കൂടാ എന്നു പറയുന്നു. അളികം=നെററി. നാസ=മൂക്ക്. വക്ത്രം=മുഖം. ഹൃദി=മനസ്സിൽ.

സംപന്നശില്പഗുണം=വിചിത്രപ്പണികളോടുകൂടിയത്. പന്നഗം=പാമ്പ്.

സുക്ഷത്രിയാഭൻ=നല്ല ക്ഷത്രിയനെപ്പോലിരിക്കുന്നവൻ. കരതാമരസങ്ങൾ=താമരപ്പൂവുപോലെയുള്ള കൈകൾ. ത്ര്യക്ഷന്റെമങ്ക=പാൎവ്വതി. മുഹൂൎത്തനേരം=കുറച്ചുനേരം. അക്ഷയ്യഭക്തി=കുറയാത്ത ഭക്തി.

ധീരപ്രശാന്തത വിളങ്ങും മുഖത്തു്, രണ്ടു
താരം കണക്കെ വിലസുന്ന വിലോചനത്തെ
ദ്ദൂരത്തു നാലിടവുമൊന്നു നടത്തിയിട്ടാ
സ്ഫാരപ്രഭാവനഥ യാത്ര തുടൎന്നുകൊണ്ടാൻ. ൨൧

ഏകാകിയാകിലു, മധൃഷ്യനിജാനുഭാവോ-
ദ്രേകാലവൻ, ഭടർ ചുഴന്നവനെന്നു തോന്നി;
പ്രാകാശ്യമോടു പുതുമിന്നൽവിളക്കു പൊങ്ങി;
നാകാന്തരത്തിലിടിയാം പടഹം മുഴങ്ങീ. ൨൨

ഘോരാൎദ്ധരാത്രി പകലായ്ക്കരുതിഗ്ഗമിക്കു-
മാ രാജലക്ഷണസമന്വിതനാം പുമാനിൽ
പാരാതെ ചെയ്തിതി,ളകുന്ന ദളങ്ങൾകൊണ്ടാ-
പ്പേരാൽമരങ്ങൾ മഴനീർക്കണപുഷ്പവൎഷം. ൨൩

---

താരം=നക്ഷത്രം. സ്ഫാരപ്രഭാവൻ=മാഹാത്മ്യമേറിയവൻ.

ഏകാകി=ഏകൻ (ഒറ്റക്ക) അധൃ.....ദ്രേകാൽ=അക്രമിക്കാവതല്ലാത്ത തന്റെ മഹിമാതിശയത്താൽ. നാകാന്തരത്തിൽ=ആകാശമദ്ധ്യത്തിൽ. അവന്റെ യാത്രയെ ഒരു രാജയാത്രയെപ്പോലെ വൎണ്ണിക്കുകയാണു്.

രാജ......മന്വിതൻ=രാജലക്ഷണങ്ങളോടുകൂടിയവൻ. ദളങ്ങൾ=ഇലകൾ. നീൎക്കണം=നീൎത്തുള്ളി.

മന്നാളുമല്ലിനുടെ വിഭ്രമപർവ്വതങ്ങൾ-
തന്നാഭപൂണ്ട ചില 'പൊന്ത'കളങ്ങുമിങ്ങും
മിന്നാമിനുങ്ങുകൾ പതിഞ്ഞു, തദധ്വപാർശ്വേ
പൊന്നാലണിഞ്ഞ കൊലയാനകൾപോലെ കാണായ്.

ഉച്ചങ്ങൾ തെങ്ങണികളോ,ലകൾതൻ തലയ്ക്ക-
ലുച്ചണ്ഡവർഷഭവവാരികണങ്ങളാലേ
നൽച്ചന്ദ്രമാർന്നരിയ വെള്ളിയലുക്കണിഞ്ഞ്
പച്ചത്തുകിൽക്കുടകൾ പോലെ വിളങ്ങി മാട്ടേ. ൨൭

ഈന്തൽദ്രുമങ്ങളുടെ, തിങ്ങി വളർന്നു തൂങ്ങി
പ്രാന്തം മറച്ച പുതുപട്ടകൾ കാറ്റിലാടി,
താൻതന്നെ പോമവനു, പച്ചനിറത്തിലുള്ള
കാന്തങ്ങളാം തഴകൾതൻ തൊഴിലാചരിച്ചു. ൨൮

ത്തുമപ്പെടുന്ന മഴനീരൊലിവൻനിനാദ-
സാമഗ്രികൊണ്ടു വയൽ, തോടിവ പാട്ടു പാടി

---

അല്ല് = ഇരുട്ട്. വിഭ്രമപർവ്വതങ്ങൾ = ക്രീഡാശൈലങ്ങൾ. പൊന്തകൾ = വള്ളിക്കെട്ടുകൾ, മൊന്ത എന്നു ചിലർ. തദധ്വപാർശ്വേ = അവന്റെ വഴിയ്ക്കരികിൽ.

ഉച്ചങ്ങൾ = ഉയർന്നവ. തെങ്ങണികൾ = നിരന്നുനില്ക്കുന്ന തെങ്ങുകൾ. ഉച്ച......ണങ്ങൾ = പെരുമഴകൊണ്ടുണ്ടായ വെള്ളത്തുള്ളികൾ.

പ്രാന്തം = ചുറ്റുമുള്ള വശം. കാന്തങ്ങൾ = മനോഹരങ്ങൾ. തഴ... ......രിച്ചു = തഴകളെപ്പോലെയായി എന്നു സാരം.

നിനാദസാമഗ്രി = ശബ്ദമാകുന്ന ഉപകരണം.

ആമന്ദ്രമാമിടിമുഴക്കമിടയ്ക്കു കേൾപ്പ
താ മഞ്ജുഗാനകലവിയ്ക്കു മൃദംഗമായി. ൨൭

വൻപാടവേന നയനശ്രവണങ്ങളുറ്റി-
ട്ടെമ്പാടുമുററു പരിശോധന ചെയ്തുകൊണ്ടും;
തൻപാണിയഷ്ടിലത വീശിയു,മല്ലിലാ, നി-
ഷ്കമ്പാശയൻവൃഷഭഗാമി ഗമിച്ചു താനേ. ൨൮

താനിച്ഛപോലെ,യരയോജന നീണ്ട മാർഗ്ഗം
പിന്നിട്ടനേര,മവനങ്ങൊരു കാഴ്ച കാണായ്;
മുന്നിൽക്കുറച്ചകലെയുണ്ടൊ,രു കൊള്ളി മെല്ലെ
മിന്നിച്ചൊരാൾ സരഭസം നടകൊണ്ടിടുന്നു! ൨൯

മൂലം കരിഞ്ഞൊരെരികൊള്ളി വലത്തുകയ്യി-
ലോ,ലപ്പെരുംകുടയിടത്തു കരത്തിലേ,വം
ആലക്ഷ്യമാകിയ വപുസ്സതു വെള്ളവസ്ത്ര-
ത്താലത്രയും മറയുമാറു പുതച്ചിരുന്നു. ൩൦

---

ആമന്ദ്രം=ഗംഭീരം.

വൻപാടവേന=അതിസാമർത്ഥ്യത്തോടുകൂടി. നയനശ്രവണങ്ങൾ=കണ്ണുകളും ചെവികളും. എമ്പാടും=നല്ലപാടും. പാണിയഷ്ടിലത=കൈയിലുള്ള വടി. നിഷ്കമ്പാശയൻ=നിശ്ചലഹൃദയൻ. വൃഷഭഗാമി=വൃഷഭത്തെ[കാളയെ]പ്പോലെ നടക്കുന്നവൻ.

അരയോജന=നാലുനാഴിക. സരഭസം=വേഗത്തിൽ.

മൂലം=കട. ആലക്ഷ്യം=ദൃശ്യം. വപുസ്സത്=ആ ശരീരം.

തിക്കൊത്തിടും തിമിരമാമുരകല്ലതന്മേ-
ലക്കൊള്ളിവീശൽ ചില പൊൻവര ചേർത്തിടുമ്പോൾ
തൽക്കൊച്ചുമെയ്‌വടിവൊരിത്തിരി കാൺകയാലി-
ച്ചൊൽക്കൊണ്ട പാന്ഥനതൊരംഗനയെന്നുതോന്നി.

‘ആരാണിതാ,ണൊരുവനും തനിയേ നടപ്പാൻ
പോരാത്ത പാതിരയിതെങ്ങോ?ഋ പെണ്ണിതെങ്ങോ?
ഘോരാർത്തി വല്ലതുമിവൾക്കു പിണഞ്ഞതോ!’ എ-
ന്നാ, രാമയെ സഭയമവൻ പഥി പിന്തുടന്നു. ൩൨

ആലോലമാം വിറകുകൊള്ളിയതിൻ വെളിച്ച-
ത്താലോട്ടുകൈവളകൾ മിന്നിയ തൽഭുജാന്തം
ആലോകപദ്ധതിയിലല്പമണഞ്ഞനേര-
ത്താ, ലോകമാന്യനറിയാതൊരു ഞെട്ടൽ ഞെട്ടി.

‘അന്തസ്സെഴും ധരണിദേവകുലേ പിറന്നൊ-
രന്തർജ്ജനം നിശി‘ബഹിർജ്ജന’ തുല്യമട്ടിൽ
പന്തം കൊളുത്തി നടകൊള്ളുകയോ തനിച്ചി-
തെന്തക്രമം! മിഴി ചതിയ്ക്കുകയല്ലി നമ്മെ!’ ൩൪

---

വീശുകൊള്ളിയുടെ ദീപ്തിരേഖ ഇരുട്ടിന്മേൽ ഉരകല്ലിന്മേൽ പൊന്നുരസിയ വരപോലെ കാണപ്പെട്ടു.

ഘോരാർത്തി=ഭയങ്കരദുഃഖം. രാമ=സ്ത്രീ. പഥി=വഴിയിൽ.

ആലോലമാം=ഇളകുന്ന. തൽഭുജാന്തം=അവളുടെ കൈത്തണ്ട. ആലോകപദ്ധതിയിൽ=ദൃഷ്ടിമാർഗ്ഗത്തിൽ.

ധരണിദേവകുലേ=ബ്രാഹ്മണവംശത്തിൽ. നിശി=രാത്രിയിൽ ബഹിർജ്ജനം=പുറത്തു സഞ്ചരിപ്പാൻ വിരോധമില്ലാത്തവർ.

നാലായിരം ക്ഷണികശങ്കയൊടം നിശീഥ-
കാലാടനപ്പതിവുകാരനനുവ്രജിച്ചു,
ലോലാക്ഷിതൻ ഗതി വഴിക്കൊരു പൊട്ടവീടിൻ
കോലായിലാണു വിരമിച്ചുവതെന്നു കാണായ്

'കന്നാല'പോലെയെഴുമക്കുടിലിങ്കലെത്തി-
ട്ടന്നാരി കൊള്ളി കുടയെന്നിവ താഴെ വെച്ചു;
ചെന്നാസ്ഥലത്തു, വഹിതേന്ദ്രിയനാസ്സുളപ്പിൽ
നിന്നാൻ നിഗൂഢമവൾതന്നനുയായി താനും ൩൩

നീലത്തഴക്കുഴലി കോമളമാം കരത്താൽ
നാലഞ്ചു വട്ടമഥ വാതിലിൽ മുട്ടിയപ്പോൾ,
ആലസ്യമററതിഥിസൽക്രിയകൾക്കൊരുങ്ങും
പോല,ങ്ങകത്തു ചെറുതൊച്ചയനക്കമുണ്ടായ് ൩൪

തിങ്ങും നിശാനിഭൃതതയ്ക്കിടിവേകുമൊച്ച
പൊങ്ങും പടിക്കു നടവാതിലൊരാൾ തുറന്നു,

---

ക്ഷണികശങ്ക=ക്ഷണനേരം മാത്രം നില്ക്കുന്ന സംശയം. നിശീ......കാരൻ=രാത്രിയിൽ സഞ്ചരിക്കുക പതിവുള്ളവൻ. അനുവ്രജിക്ക=അനുഗമിക്ക. ലോലാക്ഷി=ചഞ്ചലാക്ഷി. വിരമിക്കുക=അവസാനിക്കുക.

കന്നാല=തൊഴുത്തു്. അവഹിതേന്ദ്രിയൻ=ശ്രദ്ധാലു. നിഗൂഢം=മറഞ്ഞു്. അനുയായി=അനുഗാമി.

ആലസ്യം=മന്ദത [നിദ്ര] അതിഥിസൽക്രിയ=അതിഥിയെ സല്ക്കരിക്കൽ.

നിശാനിഭൃതത=രാത്രിയിലെ നിശ്ശബ്ദത.

അങ്ങുള്ളിൽനിന്നഭിഗമിച്ചൊരു കൈവിളക്കിൻ
മങ്ങും വെളിച്ചമവൾതൻ തളിർമെയ് തലോടി. ൩൮

പൂതോററ പാണിയിണകൊണ്ടു പുതപ്പെടുത്തു
കാൽ തോത്തുമാക്കമനിതൻ കമനീയരൂപം,
ചേതോഭവന്റെ വിളയാട്ടമൊടാ വെളിച്ച-
ത്തേ,തോ സുരാങ്ഗനയുടേതു കണക്കു കാണായ് ൩൯

ചുററിട്ട കാതിണ തുടുംകവിളിൽപ്പതിഞ്ഞും,
നെററിയ്ക്കു ചന്ദനവരക്കുറി ചെററുമാഞ്ഞും
'തെററിത്തെറിച്ച' മിഴി തുള്ളിയു,മാ വെളിച്ചം
പററിത്തിളങ്ങിയരുണാധരിതൻ മുഖാബ്ജം. ൪൦

ചേലോലുമാ യുവഗൃഹസ്ഥനൊരല്പനേരം
നീലോൽപ്പലാക്ഷിയെ മിഴിച്ചു പകച്ചു നോക്കീ;
ആലോചിയാതെയൊരു ഭാഗ്യമണഞ്ഞ ഭാവ-
മാലോലമായ് വിലസി തന്മുഖമണ്ഡലത്തിൽ ൪൧

---

അഭിഗമിച്ച്=നേരേ വന്ന് [എതിരേററ്].

പാണിയിണ=ഇരുകൈപ്പടം. ചേതോഭവൻ=കാമൻ. സുരാംഗന=ദേവസ്ത്രീ.

ചുററ=ഒരുതരം കർണ്ണാഭരണം. അരുണാധരി=മുറുക്കിച്ചുമപ്പിച്ച ചുണ്ടോടുകൂടിയവൾ.

ആലോലം=ചഞ്ചലം.

ലോലസ്വരത്തിലവനോതി:-"യിതെൻ്റ 'കുഞ്ഞാ-
ത്തോല'ല്ലയോ! തിരുമനസ്സു മനസ്സിലില്ലേ?"
"ആലത്തിയൂർക്കവിലിനായ് നടകൊണ്ടു സായം-
കാലത്തിലെ"ന്നു, കളവാണിയകത്തു പൂക്കാൾ. ൪൧

ദ്വാരം തുറന്നവനൊരന്ത്യജനി; വിരുന്നു-
കാരത്തിയോ ദ്വിജകുടുംബിനി തന്നെയല്ലോ!
ആ രണ്ടുപേരുടെയിടയ്ക്കു കിടക്കുമത്ര
ദൂരം മനോഭവശരത്തിനെറുമ്പുചാലോ! ൪൯

സല്ലാപസാരമിതു കേട്ടു വളപ്പിൽ നില്ക്കും
ചൊല്ലാർന്ന മർത്ത്യനുടലാസകലം തരിച്ചു,
കല്ലാക്കിനാവുകളിലോടി നടക്കയാണോ
നില്ലാതെ തൻകരണമെന്നുമവന്നു തോന്നി. ൪൪

---

ലോലസ്വരത്തിൽ=ഇളകിയ [ഇടർച്ചയുള്ള] സ്വരത്തിൽ. 'ലോല'ത്തിന്നു ആഗ്രഹമുള്ള എന്നും അർത്ഥമാകും. ആലത്തിയൂർ ഗ്രാമദേവനായ ഹനുമാനു വഴിപാടായി അവിൽ നിവേദിക്കാറുണ്ടു്. അതു ഭക്ഷിപ്പാൻ ബ്രാഹ്മണർ വന്നുകൂടുകയും പതിവാണു്.

ദ്വാരം=വാതിൽ. അന്ത്യജൻ=ശൂദ്രൻ. ദ്വിജകുടുംബിനി=ബ്രാഹ്മണപത്നി. മനോഭവ[കാമ]ശരത്തിന്നു അവരെ കൂട്ടിച്ചേർപ്പാൻ ഒരുപ്രയാസവുമുണ്ടായില്ല.

കല്ലാക്കിനാവു്=ദുസ്സ്വപ്നം. കരണം=ഇന്ദ്രിയം.

ഹേ!—ലേശമില്ല പിഴ; ധാൎമ്മികനങ്ങു കണ്ട
പോലെ, കുലീനയിവൾ കുത്സിതവൃത്തി തന്നെ:
മേലേത്തരത്തിലുടയോരുടെ ഹീനകൃത്യം
മേലേത്തരത്തിലു! ലകിങ്ങിനെയല്ലി പണ്ടും? ൪൭

ഉപ്പുഞ്ചിടും വയലിൽ നന്മഴനീരു പോലെ,
കുപ്പസ്ഥലത്തു തുളസീദളമാല പോലെ,
അപ്പട്ടടക്കുഴിയിലാഹുതി പോലെ, വിപ്ര-
ത്തൃപ്തിയാക്കടിലിനുള്ളിലണഞ്ഞ ശേഷം, ൪൮

ഒന്നാത്മചിന്തയിലുറച്ച,ത്തു കണ്ടു നില്പോൻ
ചെന്നാശു കൊള്ളിയതെടുത്തു കരസ്ഥമാക്കീ;
ഇന്നാട്ടുവിപ്രരുടെ 'തററുടുവസ്ത്ര'ഖണ്ഡ-
മൊന്നാലതിൻകട സുവേഷ്ടിതമായിരുന്നു. ൪൯

"അല്ലേ കെടുംവിറകുകൊള്ളി, മമ പ്രമാദം
ചൊല്ലേണ്ടതെന്ത്!-ബലയാളിലമന്ന നിന്നെ

---

ഹേ—അദ്ദേഹത്തെ യഥോചിതം അഭിസംബോധനം ചെയ്വാൻ തുടങ്ങിയതിനെ എന്തോ കാരണത്താൽ കവി വേണ്ടെന്നുവെച്ചു. കുത്സിതവൃത്തി=നീചപ്രവൃത്തിയോടുകൂടിയവൾ. ആളുകളുടെ ഔന്നത്യമനുസരിച്ച് അവരുടെ ദുഷ്കൃത്യങ്ങൾക്കു നീചത്വം കൂടുമെന്നാണു അനുഭവമെന്നു സാരം.

ആഹുതി=ഹോമം.

ഇന്നാട്ടുവിപ്രർ=നമ്പൂതിരിമാർ. ഖണ്ഡം=കഷണം. അതു=കൊള്ളി. സുവേഷ്ടിതം=ചുററപ്പെട്ടതു.

മമപ്രമാദം=എന്റെ തെററ. മല്ലേഷു=കാമദേവൻ. മഹാനല

മല്ലേഷുവെയ്യോരു മഹാനലബാണമാണെ-
ന്നല്ലേ,ഷ ഞാൻ പരിഗണിച്ചതൃജുസ്വഭാവാൽ!!

ആമേദുരസ്മരമദാൽ സ്വസതീവ്രതാഖ്യ-
പ്പൂമേട ചുട്ടുകളയുന്നതിനാണു നിന്നെ
ഈ മേന്മയുള്ള കുലനാരി വഹിച്ചതെന്നു,
നാമേതുമാദ്യ,മെരികൊള്ളി, നിനച്ചതില്ല! ൪൯

ചാരിത്രമെത്ര വിലയേറിയതി!-ക്കുമാരി
ഭൂരിശ്രമത്തൊടതു വിററു കളഞ്ഞ ഭിക്കോ,
ദാരിദ്ര്യമഗ്നമൊരു പാഴ്ക്കുടിലിലെ!-ന്നു തന്നെ
ചേരില്ല, ഹം, യുവതിചാപലജൃംഭിതത്തിൽ? ൫൦

പാരിന്നലംകൃതികളാം കുലനാരിമാൎക്കു
ചാരിത്രഭഞ്ജനമിതാത്മഹതിയ്ക്കു തുല്യം;
നേരിട്ടതിന്നു തുണനില്ക്കുകയെന്ന കുററം
പൂരിച്ച നിന്നെ,യെരികൊള്ളി, വൃഥാ വിടാ ഞാൻ

---

ബാണം=വമ്പിച്ച ആഗ്നേയാസ്ത്രം. ഏഷ=ഈ. പരിഗണിച്ചതു=വിചാരിച്ചതു. ഋജുസ്വഭാവാൻ=കള്ളമറിഞ്ഞുകൂടായ്കയാൽ. ഇവളിൽ സ്ഥിതിചെയ്യു കൊള്ളി കാമൻെറ ആഗ്നേയാസ്ത്രമാണെന്നു ഞാൻ ആദ്യം ഊഹിച്ചില്ല.

ആമേ.........മദാൽ=വലിയ കാമഭ്രാന്തു നിമിത്തം. സ്വസ......മേട=തൻെറ പാതിവ്രത്യമാകുന്ന പൂമേട.

ചാരിത്രം=പാതിവ്രത്യം. ഭൂരിശ്രമം=അതിപ്രയത്നം. ദാരിദ്ര്യമഗ്നം=ദാരിദ്ര്യത്തിൽ മുങ്ങിയതു. യുവ......ഭിതം=തരുണിമാരുടെ ചാപല്യത്തള്ളൽ.

അലംകൃതികൾ=ആഭരണങ്ങൾ. ഭഞ്ജനം=നശിപ്പിയ്ക്കൽ. വൃഥാ=വെറുതേ.

ഹാ! മന്ത്രപൂതമുഖനാമൊരു വിപ്രനാഥ-
പ്രേമം ഗ്രഹിച്ചൊരു കരത്തിലിരുന്നു നീ താൻ
ഈമട്ടതിൻെറയുടമസ്ഥയെ നിത്യദുഃഖ-
ഭീമക്കുഴിക്കൂടിയിൽ വീഴ്ത്തുകയല്ലി! ചെയ്തു!!" ൧൨

തെറേറശാത്ത വിചാരമീവിധമിയ-
ന്നട്ടിക്കു വിട്ടാനവൻ;
മറേറതോ നരനല്ലിതാ, ച്ചരമനാം
വെട്ടത്തു രാജാവു താൻ;
പിറേറന്നാൾ മുതലക്കരശ്മി ജഡനാ-
മാ ബ്രാഹ്മണീജാരനിൽ-
ച്ചെറേറററീല;-രചൻെറ കല്ലറയവ-
ന്നെന്നെന്നേയ്ക്കുമാവാസമായ്. ൧൩

രാവിൻമൂടുപടത്തിൽനിന്നു ഭുവനം
വേർപെട്ടിടുമ്പോൾ, നൃപൻ
കോൾവിളപ്പെട്ട മനസ്സുലേശ്ശു,ഹഹ! ത-
ന്നാജ്ഞാകാരന്മാർവശം

---

മന്ത്ര......മുഖൻ=മന്ത്രംകൊണ്ടു പരിശുദ്ധമായ മുഖത്തോടുകൂടിയവൻ. മന്ത്രോച്ചാരണത്തോടെ എന്നു സാരം.

ചരമനാം=ഒടുവിലത്തെ. അക്കരശ്മി=സൂര്യരശ്മി. ജഡൻ=മൂഢൻ. ആവാസം=പാർപ്പിടം.

രാവിൻ......ടുമ്പോൾ=നേരം പുലരുമ്പോൾ. നൃപൻ=രാജാവു. ആജ്ഞാകരന്മാർ=കിങ്കരന്മാർ.

പൂവിന്നൊത്ത പുതുത്തുകിൽപ്പൊതിയിൽ വെ
ച്ചെത്തിച്ച തൽക്കൊള്ളി താ-
നാ വിപ്രാംഗനയെ,ബ്ബലേന 'കുടയും
തല്ലി'പ്പുറത്താക്കി പോൽ. ൧൪

---

വിപ്രാംഗന=ബ്രാഹ്മണസ്ത്രീ. 'ദോഷ'പ്പെട്ട അന്തർജ്ജനത്തെ കുട [മറക്കുട]തല്ലിക്കളഞ്ഞാണു പുറത്താക്കുക.

## 11

# ഇന്നലെ *

---

നിരപായകാലജലരാശിതന്നിലെ-
ത്തിരയൊന്നു പിന്നെയുമുയൎന്നുവന്നിതാ,
കരമേലടിച്ചു ചെറുഖണ്ഡഖണ്ഡമായ്,
സ്മരണൈകഗോചരദശാന്തരത്തിലായ് ൧

ദിനമേ, പുതുവെണ്മ പൂണ്ടു ഭാസ്വൽ-
കനകത്തൊപ്പിയണിഞ്ഞണഞ്ഞ നിന്നെ
അനഘാതിഥിയായ്പ്പരിഗ്രഹിച്ചു
തനതാലസ്യമകന്നുണൎന്ന ലോകം: ൨

---

* ൧൦൯൪ വൃശ്ചികം ൨൪-ാംനു-

നിര......രാശി=സനാതനമായ കാലമാകുന്ന സമുദ്രം. ഖണ്ഡം=ശകലം (ഭാഗം). സ്മര......ന്തരത്തിലായ്=സ്മൃതിക്കു മാത്രം വിഷയമായിത്തീൎന്നു;=നാമാവശേഷമായിത്തീൎന്നു. കാലസമുദ്രത്തിലെ ഒരു തിരയാകുന്ന ദിവസം കരയിൽ [ലോകത്തിൽ] വന്നുകേറി, പലഭാഗങ്ങളായി വേർതിരിഞ്ഞു മറഞ്ഞുപോയി എന്നു ഭാവം.

കഴിഞ്ഞ ദിവസത്തെ കവി അനുസ്മരിക്കുന്നു. ഭാസ്വൽ......ത്തൊപ്പി=സൂൎയ്യനാകുന്ന സ്വൎണ്ണത്തൊപ്പി. അനഘാതിഥി=നിൎമ്മലനായ അതിഥി. പരിഗ്രഹിച്ചു=സ്വീകരിച്ചു. ആലസ്യം=നിദ്രാമാന്ദ്യം.

ഒരു പുഞ്ചിരി തൂകി പൂക്കൾ; ഗീതി-
പ്പൊരുളാൽ സ്വാഗതമോതി പക്ഷിജാലം;
തരുപത്രലസത്തുഷാരപാദ്യം
പെരുമാറീ പവനൻ ത്വദാഗമത്തിൽ. ൩

ചുളിഞ്ഞഴഞ്ഞുള്ളൊരുടുപ്പൊടും, തുട-
പ്പൊളിപ്പുളപ്പൊന്നു കുറഞ്ഞ ചുണ്ടൊടും;
തെളിഞ്ഞുണർന്നേററു വിലാസമന്ദിരാൽ
വെളിയ്ക്കു വന്നെത്തിയ സുന്ദരാംഗിമാർ. ൪

സുരമ്യമായ്ക്കെട്ടുവതിന്നു കാപ്പണി-
ക്കരത്തിനാൽ മന്ദമഴിച്ച വാർകുഴൽ,
ഒരന്യസൌരഭ്യവുമാർന്ന പൂക്കളാൽ
നിരർഗ്ഘമാമർഗ്ഘ്യവുമാര്യ്യ, നൽകി തേ! ൫

---

എങ്ങിനെ പരിഗ്രഹിച്ചു എന്നു പറയുന്നു. തരു......പാദ്യം=വൃക്ഷങ്ങളുടെ ഇലകളിൽ വിളങ്ങുന്ന മഞ്ഞാകുന്ന പാദ്യം (കാൽ കഴുകാനുള്ള വെള്ളം). പവനൻ=കാററ്. ത്വദാഗമം=നിന്റെ വരവു. [ദിനാരംഭത്തിൽ, പ്രഭാതത്തിൽ] പുഷ്പങ്ങൾ വികസിക്കുകയും മററും ചെയ്യുമല്ലോ.

വിലാസമന്ദിരാൽ=കേളിഗൃഹത്തിൽ [അറയിൽ] നിന്ന്.

ഒരന്യസൌരഭ്യം=കേശസംസർഗ്ഗത്താൽ സിദ്ധിച്ച മറെറാരു പരിമളം. നിരർഗ്ഘമാം=വിലവെറില്ലാത്തത്. അർഗ്ഘ്യം=പൂജാദ്രവ്യം. ആര്യ്യ=ദിനത്തോടു സംബോധന. തേ=നിനക്കു

നൽക്കോമളാകൃതിയൊടീയുലകാം വനം പു-
ക്കക്കോജ്ജ്വലദ്യുതി വിതച്ചു ചരിച്ചു നീ താൻ
അക്കോലമേ, നളനു തുല്യ്യ,മൊടുക്കമേതോ
കാക്കോടകൻെറ കടിയേററു കറുത്തിരുണ്ടു! ൬

തൊഴിൽ, വിശ്രമമെന്ന രണ്ടുപേർ നിൻ
കിഴി 'തട്ടിച്ചു' പകുത്തെടുത്തമൂലം
കഴിവററു നികാമശ്ശൂന്യനായ് നീ!
വഴിപോക്കന്നിതിലേറെയെന്തനത്ഥം? ൭

നറുംസപ്നതേജസ്സോടെ,ങ്ങും തെളിച്ചും
പെറും മട്ടിലല്ലോ ഭവാനിങ്ങണഞ്ഞു;
വെറുംപേക്കിനാവൊക്കെ:_യാ നിന്നോയും ഹാ,
കറുപ്പിച്ചുവിട്ടു കരാളം പ്രപഞ്ചം!! ൮

---

കോമളാകൃതി=സുന്ദരാകാരം. വനം=കാട്. അക്കോജ്ജ്വല ദ്യുതി=സൂര്യ്യൻെറ[സൂര്യ്യൻേറതുപോലെയുള്ള എന്നും] ദീപ്തിമത്തായ ശോഭ=പകലുപോയി ഇരുട്ടടഞ്ഞുവെന്നു ചുരുക്കം. വനചാരിയായിരുന്ന നളൻെറ തേജസ്സേറിയ സുന്ദരശരീരം കാക്കോടകനാഗത്തിൻെറ കടിയേററു കറുത്തുപോയല്ലോ. കക്കോടകൻ എന്നും എഴുതിക്കാണുന്നു.

നികാമശ്ശൂന്യൻ=ഏററവും ശൂന്യൻ. വഴിപോക്കൻ=ലോകസഞ്ചാരി. ദിനാംശങ്ങളായ പകലും തൊഴിലിനും വിശ്രമത്തിനും ആയിട്ടുള്ളതാണല്ലോ. ഇങ്ങിനെ ദിവസം കഴിഞ്ഞുപോയെന്നത്ഥം.
വെറുംപേക്കിനാവൊക്കെ=ഈ പ്രപഞ്ചം മുഴുവനും മിഥ്യയെന്നത്ഥം. കരാളം=ഭയങ്കരം.

എന്തിന്നു വന്നിതിഹ വാസര, നീ?_യനേകം
പന്തിയ്ക്കു കമ്രകനകക്കഷണങ്ങൾ വാനിൽ
ചിന്തിക്കിടന്നവ പെറുക്കിയെടുത്തുരുക്കി,-
ച്ചെന്തിയ്യിനൊത്തൊരു പതക്കമടിയ്ക്കുവാനോ? ൯

അല്ലായ്കിൽ, ക്ഷപിതവിയോഗനായ്സ്സൂദ്ദരാൽ
നില്ലാതെ വരുമരുണനെൻറ കാമലേഖം,
ഉല്ലാസസ്വരദളിരാജികൈതവത്താൽ
ഫുല്ലാംഭോജിനിയുടെ പക്കലേക്കുവാനോ? ൧൦

മരുദയനമനോജ്ഞപീഠഭാക്കായ്,-
ത്തരുലതികാസുമപല്ലവാദിയിങ്കൽ

---

വാസരം=ദിവസം. കമ്ര......ണങ്ങൾ=മനോഹരങ്ങളായ സ്വർണ്ണക്കഷണങ്ങൾ [നക്ഷത്രങ്ങൾ]. ചെന്തിയ്യിനൊത്ത=ഉജ്ജ്വലമായ, പതക്കം=സൂൎയ്യമണ്ഡലമാകുന്ന പതക്കം. നക്ഷത്രങ്ങളാകുന്ന കനകക്കഷണങ്ങൾകൊണ്ടു സൂൎയ്യമണ്ഡലമാകുന്ന പതക്കം അടിക്കുവാൻ വന്നതാണോ എന്നു കവിസന്ദേഹം.

ക്ഷപിതവിയോഗനായ്=വിരഹം കഴിച്ചുകൂട്ടി. അരുണൻ=സൂൎയ്യൻ. ഉല്ലാ......വത്താൽ ആഹ്ലാദിച്ചു പറക്കുന്ന വരിവണ്ടുകളെന്ന വ്യാജേന. ഫുല്ലാംഭോജിനി (വികസിച്ച താമരപ്പൊയ്ക)യുടെ അടുക്കലേക്കു ചെല്ലുന്ന ഭൃംഗശ്രേണിയെ പത്മിനീവല്ലഭനായ സൂൎയ്യന്റെ കാമലേഖമാക്കി കല്പിച്ചിരിക്കുന്നു.

മരു......ക്കായ്=വായുമാൎഗ്ഗം [ആകാശം] ആകുന്ന പീഠത്തിലിരുന്ന. തരു.....വാദി=വൃക്ഷം, വള്ളി, പൂവ്, തളിരു, തുടങ്ങിയവ.

അരുണകിരണതൂലികാശതത്താൽ
സുരുചിരമാം പല ചായമിട്ടിടാനോ? ൧൧

നെടുനിഴൽ തീർത്തു,തിൻ നില കുറച്ചു കുറച്ചു, പുന
ശ്ചുടുവെയിലാൽ ക്രമത്തൊടു വളർത്തു വളർത്തു തുലോം
ഒടുവിലതൊക്കെ മായ്ച്ചു,പചയക്ഷയസംഹൃതി ചെ-
യ്തിടുമഖിലേശ്വരന്റെ വടിവൊന്നു നടിപ്പതിനോ? ൧൨

പരമാച്ഛതരപ്പളുങ്കുകല്ലിൻ
തരമൊക്കും ഘനഖണ്ഡപംക്തിയല്ലേ,
ചരമാബ്ധിയിൽനിന്നു വിണ്ടലത്തെ-
യ്ക്കുരപേറുന്നൊരൊതുക്കു കെട്ടുവാനോ? ൧൩

---

അരു......ശതം=സൂര്യരശ്മികളാകുന്ന വളരെ തൂവലുകൾ. സുരുചിരം=ശോഭിക്കുന്നത്. തരുലതികാദികൾ സൂര്യരശ്മികളോടു പ്രകാശിക്കുന്നതു കണ്ടിട്ടു പകലാകുന്ന ചിത്രകാരൻ അവയിൽ ചായമിട്ടതായി കവി ഉൽപ്രേക്ഷിക്കുന്നു.

നെടുനിഴൽ=നീണ്ട നിഴൽ. പ്രാതഃകാലത്തെ നീണ്ട നിഴൽ ക്രമേണ കുറഞ്ഞുകുറഞ്ഞുവരുന്നു; മധ്യാഹ്നത്തിനുശേഷം അതു വീണ്ടും നീണ്ടുനീണ്ടുവരുന്നു. ഒടുവിൽ നശിക്കുകയും ചെയ്യുന്നു. ഉപ......ഹൃതി=വൃദ്ധിക്ഷയസംഹാരങ്ങൾ. അഖിലേശ്വരൻ=സർവ്വേശ്വരൻ. വൃദ്ധിക്ഷയസംഹാരങ്ങൾ നടത്തുന്ന ഈശ്വരന്റെ ഭാവത്തെ പകൽ അഭിനയിക്കുകയാണോ എന്നു്.

ഘനഖണ്ഡപംക്തി=മേഘശകലസമൂഹം. ചരമാബ്ധി=അസ്തമയസമുദ്രം. വിണ്ടലം=സ്വർഗ്ഗം. ഒതുക്കു=സോപാനം. ചിലകാലത്തു സായാഹ്നത്തിൽ ആകാശത്തു, ചതുരത്തിലുള്ള സ്ഫടികക്കല്ലുകൾപോലെയുള്ള മേഘശകലങ്ങൾ കാണാം.

മൂകാസ്യമായ്ക്കൂടണയാൻ പറക്കും
കാകാളിതൻ പക്ഷവിലോളനത്താൽ
ആകാശമാം നീലജലാശത്തി-
ലേകാന്തമോളങ്ങളിയററുവാനോ? ൧൪

താരാകദംബപരിചുംബിതനായ്, തവാവ-
താരാർദ്രയാം പ്രകൃതിതൻ മടി ചേൎന്നു ഗാഢം,
താരാമലൎക്കിൽ നറുതേൻ പകരും പികത്തിൻ-
താരാട്ടു കേട്ടിഹ മയങ്ങിയുറങ്ങുവാനോ? ൧൫

നന്ന,റിഞ്ഞു ഭവദുദ്യമ:-മീഞാൻ
ചെന്നടങ്ങിടണമെങ്ങ,വിടെയ്ക്കായ്

---

മൂകാസ്യമായ് =നിശ്ശബ്ദമായ്. കാകാളി=കാക്കക്കൂട്ടം. പക്ഷവിലോളനം=ചിറകടി. ഏകാന്തം=ഏററവും. സായംകാലത്തിൽ ചേക്കേറാൻ പോകുന്ന കാക്കകളുടെ ചിറകടിയെ ആകാശജലാശയത്തിലെ ഓളമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു.

താരാ......തനായ്=നക്ഷത്രസമൂഹത്താൽ ചുംബിക്കപ്പെട്ടവനായ്. തവാവതാരാർദ്രയാം എന്ന വിശേഷണം പ്രകൃതിയുടെ മാതൃത്വം സൂചിപ്പിക്കുന്നു. പകലിൻെറ അവതാരത്തിൽ (പ്രഭാതത്തിൽ) പ്രകൃതിക്കു മഞ്ഞുമൂലം ആർദ്രത (നനവ്) ഉണ്ടാകുമല്ലോ. താരാ... ...രാട്ടു=പൂവാകുന്ന അലൎക്കിൽ (ചെപ്പിൽ) തേൻ പകരുന്നതു, രാത്രിയിലെ മധുരമായ പിക (കുയിൽ) കൂജിതമാണെന്നു ഗമ്യോൽപ്രേക്ഷ.

ദിനം എന്തിനാണ് വന്നതെന്നു മനസ്സിലായതായി പറയുന്നു. ഭവദുദ്യമം=നിൻെറ ഒരുക്കം. അവിടെക്കായ്=വിശ്രമസ്ഥലത്തേക്കായ്.

മുന്നടന്നു വഴി കാട്ടുവതിന്നായ്
വന്നതാണു ദൂതമിന്നലെ നീയും! ൰൬

എന്നെ ക്ഷണിക്കുന്നു നിരക്ഷരം നീ;
നിന്നെസ്സഖേ, പിന്തുടരുന്നു ഞാനും;
പിന്നെത്തെ മട്ടോ—ഹഹ! നമ്മൾ മൂകം
മന്നോഃ?—തിക്കാണ്മതു പോലെ താനോ? ൰൭

ശരിക്കു നീയും തവ കൂട്ടുകാരുമി-
ദ്ധരിത്രിയിൽസ്സുകൃതി വെടിഞ്ഞു പാഞ്ഞുപോയ്,
തിരിച്ചുപോരാതെ വസിക്കുമാ സ്ഥലം
ഗരിഷ്ഠഭാഗ്യോജ്ജ്വലമായിരിക്കണം! ൰൮

അതല്ലി, രുട്ടാണ്ടു കിടപ്പതെങ്കിലെ-
ന്തു;—തല്ലയോ നമ്മുടെ മൂലമന്ദിരം?
സ്വതത്ത്വമോർക്കാതെ, വിദേശലക്ഷ്മിതൻ
സ്മിതപ്പുകിട്ടിങ്കൽ മയങ്ങിടാക്ക നാം! ൰൯

---

നിരക്ഷരം=നിശ്ശബ്ദമായവണ്ണം. കാലം ചെല്ലുംതോറും മനുഷ്യൻ മൃത്യുമുഖത്തിലേക്കടുക്കുന്നതിനെ സൂചിപ്പിക്കുന്നു.

തവ(നിന്റെ) കൂട്ടുകാരും=മററു ദിവസങ്ങളും. തിരിച്ചുപോരാതെ=പോയ ദിവസങ്ങൾ തിരിയെ വരാറില്ലല്ലോ. ഗരി......ജ്ജ്വലം=കനത്ത ഭാഗ്യംകൊണ്ടു ഉജ്ജ്വലിക്കുന്നത്. ആരും തിരിച്ചുപോരാത്തതിൽനിന്ന്, അവിടം ഭാഗ്യസമൃദ്ധമാണെന്നൂഹിക്കേണ്ടിയിരിക്കുന്നു.

മൂലമന്ദിരം=മൂലം. സ്വതത്ത്വമോർക്കാതെ=സ്വന്തം വാസ്തവം ആലോചിക്കാതെ. ഈ ലോകം നമുക്കു വിദേശമാണ്. സ്മിതപ്പുകിട്ട=പുഞ്ചിരിപ്പുകിട്ട്.

നീയും ത്വദഗ്രജരുമൊക്കെയകമ്പടിക്കാ-
രായും, ത്വദാവരജരെന്നനുയാത്രരായും,
ശ്രീയുറെറാത്തൂഴിപനു ചേൻ തരത്തിലങ്ങോ-
ട്ടീയുള്ളവൻെറയെഴുന്നള്ളൽ നടത്തിടുന്നു !!

---

ത്വദഗ്രജർ=നിൻെറ പൂർവ്വജന്മാർ, ഇന്നലയ്ക്കു മുമ്പിൽ കഴിഞ്ഞ ദിവസങ്ങൾ. അവരജർ=അനുജന്മാർ, ഇന്നലയ്ക്കുശേഷം വരുന്ന ദിവസങ്ങൾ. ഊഴിപൻ=രാജാവ്. അങ്ങോട്ടു=മൂലമന്ദിരത്തിലേക്കു. ഭൂതദിനങ്ങളും ഭാവിദിനങ്ങളും ആകുന്ന അകമ്പടിക്കാരോടുകൂടി മനുഷ്യൻ, തൻെറ അന്തിമസ്ഥാനത്തിലേക്കു നടകൊള്ളുന്നു.

## XII

# പ്രഭാതകീർത്തനം.

---

വെൽക, വെൽക, മറുദിക്കിൽനിന്നൊ,രുവിധത്തി-
        ലിങ്ങിരുളൊഴിക്കുവാൻ
ലോകബാന്ധവനെയാനയിച്ച പുലർകാലമേ,
        സുചരിതൻ ഭവാൻ!
ഹാ! കരിമ്പനകൾ കൂടി നിന്മഹിമ വാഴ്ത്തി-
        ടുന്നു കുളിർതെന്നലാൽ
സ്തോകമായ്ത്തലയുലഞ്ഞ പട്ടകളിലാർന്ന
        മർമ്മരരവങ്ങളാൽ!! ൧

---

* ൧൦൮൯ മിഥുനം ൧൯–ാംനു

വെൽക=ജയിക്ക. മറു......യിച്ച എന്ന വിശേഷണംകൊണ്ടു നാട്ടുകാൎക്കു അറിവുണ്ടാക്കാൻ ഒരു ഹിതോപദേഷ്ടാവിനെ എവിടെനിന്നോ കൊണ്ടുവന്ന ഒരു പകാരിയുടെ അവസ്ഥ പുലർകാലത്തിനുള്ളതായി വ്യഞ്ജിക്കുന്നു. സ്തോകം=അല്പം.

ആതങ്കം വിട്ടുറങ്ങി സ്വയമിതുവരെയും
        വിശ്രമംകൊണ്ടു ദേഹി-
വ്രാതത്തിൻജീവിതപ്പോർ തുടരുവതിനെഴും
        കാഹളാരാവമായും
പാർതന്നിൽപ്പൊങ്ങിടുന്നൂ, പുതിയൊരു പകലാം
        നാടകത്തിന്റെ നാന്ദീ-
ഗീതപ്രസ്താരമായും, മൃദുഗളമുയരെ-
        ക്കോഴി കൂകും നിനാദം. ൨

വാനത്തി,യൊരു വൃദ്ധയാം രജനിതൻ
        നക്ഷത്രരത്നങ്ങളെ
സ്ഥാനം പാത്തു വിഭാതദസ്യു കയറി-
        ക്കക്കുന്നതായ്ക്കാങ്കയാൽ
നൂനം സംഭ്രമമാന്നു,റങ്ങി മരുവും
        ലോകത്തെ വേഗാലുണ-
ത്താനത്യുച്ചനിനാദമോടുടനുടൻ
        കൂകുന്നു പൂങ്കോഴികൾ. ൩

---

ആതങ്കം=ദുഃഖം [വാട്ടം]. ദേഹിവ്രാതം=പ്രാണിസമൂഹം. കാഹളാരാവം=കാഹളശബ്ദം. ഗീതപ്രസ്താരം=ഗാനവിസ്താരം.

രജനി[രാത്രി)യാകുന്ന വൃദ്ധയുടെ നക്ഷത്രരത്നങ്ങളെ വിഭാതദസ്യു [പ്രഭാതചോരൻ] മോഷ്ടിക്കുന്നതു [പ്രഭാതത്തിൽ നക്ഷത്രങ്ങൾ മറഞ്ഞുപോകുന്നു] കണ്ടിട്ടു പൂങ്കോഴികൾ ലോകരെ കൂക്കിയുണത്തുന്നു. രാത്രി അന്തിമയാമത്തിൽ പ്രവേശിച്ചതുകൊണ്ടു വാദ്ധക്യം സംഗതം.

പ്രാതർജ്ജ്യോതിസ്സിനാലേ, ദിവി ചിരമുപശോ-
ഭിച്ച നക്ഷത്രദീപ-
വ്രാതം മങ്ങുന്നതായ്ക്കണ്ടതിനു ശരി നിജാ-
പത്തുമൂഹിച്ചുമൂലം
ചേതസ്സിൽപ്പേടികൊണ്ടോ മുഹുരഹഹ! വിറ-
യ്ക്കുന്നു, വേശ്മങ്ങൾതോറും
വാതം ബാധിച്ച കയ്യാൽക്കിഴവികളിഹ ക-
ത്തിച്ചു കാട്ടുന്ന ദീപം. ൪

നിരുപമശുഭശ്രീയാം പ്രത്യൂഷ
വേളയെ വേട്ടയിൽ-
ത്തരുണരവിയായ്ച്ചേർപ്പാൻ കാലാഖ്യ-
താതനൊരുങ്ങവേ,

---

പ്രാതർജ്ജ്യോതിസ്സ്=പ്രഭാതതേജസ്സ്. ദിവി=ആകാശത്തിൽ. നിജാപത്ത്=സ്വന്തം ആപത്ത്. വേശ്മങ്ങൾ=ഗൃഹങ്ങൾ. വാതം ബാധിച്ച=വാതരോഗമുള്ള, കാറേററ എന്നും. വൃദ്ധമാർ കൊളുത്തിക്കാട്ടുന്ന പ്രഭാത[മംഗള]ദീപം വിറയ്ക്കുന്നതു, നക്ഷത്രദീപങ്ങൾക്കു പിണഞ്ഞ ആപത്തിനെ [നിഷ്പ്രഭതയെ] പേടിച്ചിട്ടാണെന്നു തോന്നും.

നിരു.....ശ്രീയാം=സൗമ്യമാകുന്ന മംഗലകാന്തിയുള്ള. പ്രത്യൂഷവേള=പ്രഭാതസമയം. സ്ത്രീലിംഗമാകയാൽ കന്യകാത്വം സൂചിക്കുന്നു. തരുണരവി=ബാലസൂര്യൻ. കാലാഖ്യതാതൻ=കാലമാകുന്ന അച്ഛൻ.

പെരുതിവളിലുൾക്കാമം കൈക്കൊണ്ടി-
  രുന്നവനെന്നപോ-
ല,രുചിവശനായ്ശ്ശുക്രൻ മങ്ങുന്നിതാ,
  ഗഗനസ്ഥലേ ! ൩

രാവാകുന്ന കറുത്ത കാടിനെയെരി-
  പ്പാനായ്പ്പടന്നാളിടും
ദാവാഗ്നിച്ചൂടയെന്നപോലൊരു പര-
  പ്പേറും തുടപ്പഞ്ജസാ
ദേവാധീശഹരിദിക്കിൽ വന്നുയരവേ,
  നിദ്രാവിമുക്തങ്ങളായ്,-
ബ്ഭീവായ്പാന്നു പോലെ, പക്ഷികളിതാ,
  കൂട്ടുന്നു കോലാഹലം. ൪
  ഭൂതാളിസ്ഫൂർത്ത്യധികധിഷണോ-
    ന്മേഷഃമകുന്ന വിദ്യാ-
  മാതാവെങ്ങും വിലസി വിളയാ-
    ടീടുമീ ബ്രാഹ്മയാമേ,

---

അരുചിവശനായ്=ശോഭയില്ലാത്തവനായ്; ഒന്നിലും രതിയില്ലാത്തവനായി എന്നും. ഗഗനസ്ഥലേ=ആകാശദേശത്ത്.

ദാവാഗ്നിച്ചൂട=കാട്ടുതീക്കൂട്ടം. ദേവാധീശഹരിദിക്ക്=കിഴക്കേദ്ദി ിമുക്തങ്ങൾ=ഉറക്കം വിട്ടവ. ഭീവായ്പാന്ന്=വളരെ ഭയപ്പെട്ട. കാട്ടുതീ പിടിക്കുമ്പോൾ പക്ഷികൾ പേടിച്ചു കോലാഹലം കൂട്ടുമല്ലോ.

ഭൂതാളി=ജീവജാലം. ധിഷണോന്മേഷം=ബുദ്ധ്യുന്മേഷം. ബ്രാഹ്മമുഹൂർത്തത്തിൽ ബുദ്ധിക്ക് ഉന്മേഷം കൂടിയിരിക്കും. വിദ്യാമാതാവ്=സരസ്വതി.

വാതാചാര്യൻ പതിവുപടി ചെ-
ന്നെത്തി മെയ് തൊട്ടുണർത്തി-
ഗ്ഗീതാഭ്യാസം ചില കിളികളെ-
ക്കൊണ്ടു ചെയ്യിച്ചിടുന്നു ! ൧

ആരാണിത്രയ്ക്കൊരാസ്വാദ്യത പകലിനുദി-
പ്പിച്ചതാത്മോദയത്താ-
ലാ-രാവിന്നത്യയം കണ്ടധിഗതമതിവൈ-
ശിഷ്യരാം മർത്ത്യരെല്ലാം
ധാരാളം തുഷ്ടി കൊൾകെ, ശ്ശിവ! ശിവ! കഥയി-
ല്ലാത്ത വൃക്ഷങ്ങൾ മഞ്ഞിൻ-
നീരാം ബാഷ്പം പൊഴിക്കുന്നിതു പവനചലൽ-
പത്രനേത്രങ്ങളാലേ. ൨

---

വാതാചാര്യൻ=കാറ്റാകുന്ന ഗുരുനാഥൻ. ഗീതാഭ്യാസം=പാട്ടു പഠിക്കൽ. സപ്തസ്വരം ചൊല്ലലും മറ്റും പുലർച്ചയ്ക്കാണല്ലോ.

ആത്മോദയത്താൽ=തന്റെ ഉദയം മൂലം. അത്യയം=നാശം. അധി.....മർത്ത്യർ=വിശേഷബുദ്ധിയുള്ള മനുഷ്യർ. തുഷ്ടി=സന്തോഷം. ബാഷ്പം=കണ്ണീർ [ആവി]. പവന.....ത്രങ്ങൾ=കാറ്റത്തിളകുന്ന ഇലകളാകുന്ന കണ്ണുകൾ. പകലിന്ന് ആസ്വാദ്യതയേറിയതു രാത്രിയുടെ ആവിർഭാവത്താലാണ്; അങ്ങിനെ ഉപകാരം ചെയ്ത രാത്രിക്കു നാശം വന്നതിൽ വിശേഷബുദ്ധിയില്ലാത്ത വൃക്ഷങ്ങളേ കണ്ണീർ വാർക്കുന്നുള്ളു; മനുഷ്യരൊക്കെ സന്തോഷിക്കയാണ്. നോക്കുക, മനുഷ്യരുടെ കൃതജ്ഞതയില്ലായ്മ.

ശ്രീമൽപ്രത്യൂഷദേവാഗമമഹിതമഹാ-
രംഭതൂര്യാരവം പോ-
ലീ മന്ദ്രാബ്ധിസ്വനം കേട്ടിളകിന പനിനീർ-
പ്പൂക്കളാം പെൺകിടാങ്ങൾ
തൂമഞ്ഞിൻതുള്ളിവെൺമുത്തണികളെ, നിജസൗ-
രഭ്യമൂല്യം കൊടുത്തി-
ട്ടോമൽക്കാററാം വണിക്സത്തമനൊടു, പുതുമോ-
ടിയ്ക്കു മേടിച്ചിടുന്നു. ൯

സ്പഷ്ടം സന്ധ്യാർച്ചിസ്സാംശിഖിയിലുഡുലാജാഹുതിയൊടും,
പടർന്നീടും നാനാദ്വിജപടലകോലാഹലമൊടും,
ഇടംചേരും പൂർവ്വാംബരവലയമാം വേദിയിലിതാ
നടക്കുന്നൂ, ഭാസ്വാന്നുടെ ദിവസലക്ഷ്മീപരിണയം. ൧൦

---

ശ്രീമൽ......രവം=ശ്രീമാനായ പ്രാതഃകാലദേവന്റെ വരവാകുന്ന മഹോത്സവത്തിന്റെ ആരംഭത്തിലുള്ള പെരുമ്പറയൊലി. മന്ദ്രാബ്ധിസ്വനം=ഗംഭീരമായ കടലിരമ്പം. തൂമ......കളെ=ഹിമശീകരങ്ങളാകുന്ന മുത്തുകളെ. നിജ......മൂല്യം=തങ്ങളുടെ സുഗന്ധമാകുന്ന വില. വണിക്സത്തമൻ=ശ്രേഷ്ഠനായ കച്ചവടക്കാരൻ. ഉത്സവാരംഭത്തിൽ ആഭരണങ്ങൾ ശേഖരിക്കുക സ്ത്രീകളുടെ പതിവാണല്ലോ.

സ്പഷ്ടം=സ്പഷ്ടമാംവണ്ണം. സന്ധ്യാർച്ചിസ്സ്=സന്ധ്യാശോഭ. ശിഖി=അഗ്നി. ഉഡു......ഹുതി=നക്ഷത്രമാകുന്ന മലർകൊണ്ടുള്ള ഹോമം. നാനാ......ഹലം=പലമാതിരി പക്ഷികളുടെ (ബ്രാഹ്മണരുടെയെന്നും) കോലാഹലം. ഇടംചേരും=വിശാലമായ. പൂർവ്വാം......ലയം=കിഴക്കേ ആകാശമണ്ഡലം. വേദി=തറ. ഭാസ്വാൻ=സൂര്യൻ. ദിവ......ണയം=ദിവസലക്ഷ്മിയെ വേൾക്കൽ.

ആലേഖ്യമൊന്നു വിവിധോജ്ജ്വലവൎണ്ണകങ്ങ-
ളാലേ ചമച്ചഹഹ! പൂൎവ്വദിഗംബരത്തിൽ,
മേലേ വെളുപ്പുമുകിലിട്ടതു മൂടിടുന്നു
കാലേ തുറപ്പതിനഹൎമ്മുഖചിത്രകാരൻ. ൧൧

വിവസ്വദുദയത്തിലെപ്പുതുമഹസ്സിനാൽ,ശോച്യമാ-
മവസ്ഥ പിടിപെട്ടിരുട്ടുകൾ നശിച്ചുപോയ്മിക്കതും;
അവററിലവശിഷ്ടമാമൊരിനമാസ്സുരാം, ഹന്ത, ദു-
ശ്രവസ്വരമുറക്കനെക്കരയുമിച്ചിരഞ്ജീവികൾ! ൧൨

ആലസ്യഭാരമൊടു കണ്ണുമടച്ചിരുട്ടു-
കാലം കഥഞ്ചന കഴിച്ചു നമുക്കു വീണ്ടും
ഹാ! ലബ്ധമായി തെളിവിപ്പൊഴുതീ,ശ്വരാനു-
കൂലത്വമായ കുളിർകാററടിയോടുകൂടി. ൧൩

---

ആലേഖ്യം=ചിത്രം. വിവി......കങ്ങൾ=പലതരം നിറപ്പകിട്ടുള്ള ചായങ്ങൾ. വെളുപ്പുമുകിൽ=വെളുപ്പാകുന്ന വസ്ത്രം. കാലേതുറപ്പതിന്=വേണ്ടപ്പോൾ പ്രദൎശിപ്പിപ്പാൻ. അഹ......കാരൻ=പ്രഭാതമാകുന്ന ചിത്രമെഴുത്തുകാരൻ.

വിവസ്വദുദയം=സൂൎയ്യോദയം. പുതുമഹസ്സ്=നവതേജസ്സ്. ശോച്യം=വ്യസനിക്കത്തക്കത്. അവശിഷ്ടം=ശേഷിച്ച. ദുശ്രവസ്വരം=കഠോരശബ്ദത്തോടുകൂടുംവണ്ണം. ചിരംജീവികൾ=കാക്കകൾ. ചിരംജീവിത്വത്താൽ മരിക്കാതെ ശേഷിച്ച.

കഥഞ്ചന=പണിപ്പെട്ട്. ദുഷ്കാലത്തെ ക്ഷമാപൂൎവ്വം കഴിച്ചുകൂട്ടിയവൎക്ക് ഈശ്വരാനുകൂല്യം ക്രമേണ സിദ്ധിക്കും.

ഇത്തവ്വിൽ മൂങ്ങകളുശേഷ,മവസ്ഥകൊണ്ടു
മുത്തശ്ശിയായ നിശതൻ 'കഥ തീർന്ന' മൂലം
ചിത്തം രസിച്ച നിജമൂളൽ നിറുത്തി, നിദ്രാ-
യത്തങ്ങളായ് മിഴിയടച്ചുതുടങ്ങി മെല്ലേ. ൧൪

ചീർത്തിരുണ്ട നിശീഥരാക്ഷസ-
നെപ്പിളർത്തിഹ ചെന്നിണം
ചാർത്തിടും പ്രകൃതീശ്വരീകര-
വാൾത്തലപ്പു കണക്കിതാ,
മൂർത്തി പാതി വെളിപ്പെടുത്തി വി-
ളങ്ങുമർക്കനെയുൽഭയം
പാർത്തിരുൾപ്പരിപന്ഥിസേനകൾ
പാഞ്ഞൊളിച്ചിതു ദൂരവേ. ൧൫

---

അവ......യായ=വാർദ്ധക്യമടഞ്ഞ. കഥ തീർന്ന എന്നതിന്നു കഥ പറയൽ അവസാനിച്ച എന്നുകൂടി അർത്ഥമെടുക്കണം. കഥ പറയൽ തീർന്നാൽ മൂളൽ നിർത്തുമല്ലോ. നിദ്രായത്തങ്ങളായ്=ഉറക്കത്തിന് അധീനരായ്. മുത്തശ്ശി മൂങ്ങകൾക്കുറക്കം വരാൻ കഥ പറഞ്ഞുകൊടുക്കുകയായിരുന്നു.

നിശീഥരാക്ഷസൻ=രാവാകുന്ന രാക്ഷസൻ. ചെന്നിണം=ചോര. പ്രകൃ......ലപ്പു=പ്രകൃതിദേവിയുടെ കൈവാൾത്തല. ഉൽഭയം=ഭയത്തോടുകൂടുംവണ്ണം. ഇരുൾ......നകൾ=ഇരുട്ടുകളാകുന്ന ശത്രുസൈന്യങ്ങൾ.

പങ്കം നീക്കി, വിഭാതമാം പ്രകൃതിത-
　　ന്നാജ്ഞാകരൻ പൂർവ്വദി-
ക്കിങ്കൽച്ചേലൊടു വെള്ള തേച്ച വിപുല-
　　വ്യോമാന്തഭിത്തിക്കു മേൽ,
സങ്കല്പാനുഗുണം നമുക്കു സമയം
　　നോക്കാൻ സമർപ്പിച്ചതാം
തങ്കപ്പൊൻഘടികാരമോ, തെളിയുമീ-
　　ബ്ബാലാംശുമന്മണ്ഡലം ! ൧൬

ക്ഷീണദോഷമുദയാചലച്ചെരുവലങ്ക-
　　രിച്ച രവിബിംബമാം
ശോണമായ വയൽ, നീണ്ട പൊൻകതിർനിര-
　　പ്പുകൊണ്ടു നിറയുന്നതായ്
കാണവേ ബഹു തെളിഞ്ഞിടുന്നു, സുചിരാലി-
　　തിന്നു വളമായിരുൾ-
ച്ഛാണകം ചിലവഴിച്ച പോന്ന പുലർകാല-
　　　മാകിയ കൃഷീവലൻ. ൧൭

---

പങ്കം=ചെളി (ഇരുട്ട്). വിഭാതം=പ്രഭാതം. ആജ്ഞാകരൻ=ഭൃത്യൻ. വിപു......ഭിത്തി=വിശാലമായ ആകാശാന്തമാകുന്ന ചുമർ. സങ്കല്പാനുഗുണം=ഇച്ഛപോലെ. ബാലാം.........ണ്ഡലം=കുട്ടിസ്സൂര്യ ബിംബം.

ക്ഷീണദോഷം=നിർദ്ദോഷം; ക്ഷീണയായ (ക്ഷയിച്ച) ദോഷ (രാത്രി)യോടുകൂടിയത് എന്നും. ഉദയാചലം=ഉദയപർവ്വതം. രവിബിംബം=സൂര്യമണ്ഡലം. ശോണം=ചുവന്നത്. കതിർ=രശ്മി. [നെൽക്കതിർ]. സുചിരാൽ=വളരെക്കാലമായി. പുലർകാലത്തെ കൃഷീവലനാക്കിയിരിക്കുന്നു.

സുവിമലശോഭചേർപ്പതിനു,
    തൻകരചാതുരിയാൽ
ദിവി പുതുപൊന്നു പൂശിയ
    ദിവാകരശില്പിവരൻ
അവിടെ നിറഞ്ഞിരുന്ന ചളി
    വാരിയെറിഞ്ഞതു താ-
നവിടവിടെക്കിടപ്പതിഹ
    പാദപവാർനിഴലായ് ! ൧൮

ഉലാത്തുന്നോമൽക്കാറ്റുടനുടനുലയ്ക്കും
    തരുലതാ-
പലാശസ്തോമത്തിൻ പഴുതുകളിലൂടെ
    നിബിഡമായ്,
സുലാവണ്യം കൊന്നപ്പുതുമലർ പൊഴിക്കു-
    ന്നതിനെഴും
വിലാസം കാട്ടിക്കൊണ്ടിളവെയിൽ പതിക്കു-
    ന്നിതിളയിൽ. ൧൯

---

തൻക......തുരി=തന്റെ കര[കൈ. രശ്മി]സാമർത്ഥ്യം. ദിവാ......വരൻ=സൂര്യനാകുന്നശില്പിശ്രേഷ്ഠൻ. പാദപവാർനിഴൽ=വൃക്ഷങ്ങളുടെ നീണ്ട നിഴൽ.

തരു......സ്തോമം=വൃക്ഷലതകളുടെ ഇലക്കൂട്ടം. നിബിഡമായ്=ഇടതിങ്ങി. സുലാവണ്യം=നല്ല അഴകുള്ള. ഇള=ഭൂമി.

ഈമട്ടെങ്ങും, തരുണതരണി-
പ്പൊൻകതിർക്കൂട്ടമാകും
തൂമഞ്ഞുപ്പട്ടഴകൊടു വിരി-
ച്ചിട്ടു പാർത്തട്ടുതന്നിൽ,
നാമത്യന്തം കുതുകവശരാം-
മാറു തൻകോമളത്തൂ-
ക്കാൽ മന്ദം വെച്ചഹഹ! വിളയാ-
ടുന്നു പൂർവ്വാഹ്നലക്ഷ്മി !! ൨൦

ബലിഷ്ഠോഷ്മാവിന്നും, ബഹുവിധനിറം
ചേർന്ന കിരണാ-
വലിക്കും, മാഹാത്മ്യത്തിനുമറുതിയി-
ല്ലാത,വിരതം,
അലിംഗബ്രഹ്മത്തിന്നധിവസതിയാ-
യേ,റെ മുകളിൽ-
ജ്ജ്വലിക്കും ജ്യോതിസ്സേ, ജയ, ജയ, ജഗ-
ത്തിൻ ശരണമേ ! ൨൧

---

തരണി=സൂര്യൻ. പൂർവാഹ്നലക്ഷ്മി=രാവിലെനേരത്തെ ശോഭ.

ബലിഷ്ഠോഷ്മാവ്=കെല്പേറിയ ചൂട്. കിരണാവലി=രശ്മിക്കൂട്ടം. അവിരതം=എന്നെന്നും. അലിംഗബ്രഹ്മം=അരൂപബ്രഹ്മം. അധിവസതി=ഇരിപ്പിടം. ജ്യോതിസ്സ്=തേജോഗോളം. പരബ്രഹ്മാധിഷ്ഠാനമായ സൂര്യഭഗവാനെ കവി സ്തുതിക്കുന്നു.

B 97

26 JUL 1937

MUL
034815